ജ്യോതിഷവും ശാസ്ത്രവും

സൂരജ് രാജൻ
പി. എൻ. ഉമേഷ്
എസ്. ശ്രീഹരി

2010

Copyright © with the authors.

This work is licensed under the Creative Commons Attribution-No Derivative Works 3.0 Unported License. To view a copy of this license, visit http://creativecommons.org/licenses/by-nd/3.0/ or send a letter to Creative Commons, 171 Second Street, Suite 300, San Francisco, California, 94105, USA.

ആമുഖം

കേരളത്തിലെ 'ന്യൂ ഏജ് സയന്റിസ്റ്റ്' ഡോ. എൻ. ഗോപാലകൃഷ്ണൻ ജ്യോതിഷവും ജ്യോതിശ്ശാസ്ത്രവും വിഷയമാക്കി അവതരിപ്പിച്ച പ്രഭാഷണപരമ്പരയെ വിമർശിച്ച് സൂരജ് രാജൻ, പി. എൻ. ഉമേഷ് എന്നിവർ തങ്ങളുടെ ബ്ലോഗുകളിൽ പ്രസിദ്ധീകരിച്ച രണ്ടു പോസ്റ്റുകളും, ജ്യോതിഷം തുടങ്ങിയ അന്ധവിശ്വാസങ്ങളുടെ അശാസ്ത്രീയതയെപ്പറ്റി എസ്. ശ്രീഹരി എഴുതിയ ഒരു പോസ്റ്റും ആണ് ചില വ്യത്യാസങ്ങളോടെ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പ്രസ്തുത പ്രഭാഷണം യൂ-ട്യൂബിൽ 13 വീഡിയോകളിലായി ലഭ്യമാണ്. അവയുടെ ലിങ്ക് താഴെ.

1. http://www.youtube.com/watch?v=0eSPdIEzPbQ
2. http://www.youtube.com/watch?v=lol5lUfxdaA
3. http://www.youtube.com/watch?v=I-s4qHjp3Wg
4. http://www.youtube.com/watch?v=ybZUlXuK3Qw
5. http://www.youtube.com/watch?v=yuZ-7OAoj2M
6. http://www.youtube.com/watch?v=jvy9StP6R0g
7. http://www.youtube.com/watch?v=4uFomIyAjBA
8. http://www.youtube.com/watch?v=EhpcnkMVrrg
9. http://www.youtube.com/watch?v=XccZdywHKIY
10. http://www.youtube.com/watch?v=R95D71m6U4U
11. http://www.youtube.com/watch?v=gXa9k5JXvsA
12. http://www.youtube.com/watch?v=gY9eiiVUGpM
13. http://www.youtube.com/watch?v=MIeb4XGEr7M

അന്ധവിശ്വാസങ്ങളെ പ്രചരിപ്പിക്കാൻ ശാസ്ത്രത്തെയും പ്രാചീനഭാരതസംസ്കൃതിയെയും വളച്ചൊടിക്കുന്ന ഇത്തരക്കാരുടെ ഗൂഢലക്ഷ്യങ്ങളെ വെളിച്ചത്താക്കാൻ ഇതുപകരിക്കുമെന്ന് പ്രതീക്ഷിക്കട്ടേ.

"ജ്യോതിഷവും ആ വക മായാവിദ്യകളുമൊക്കെ ദുർബലമനസ്സിന്റെ ലക്ഷണമാണ്.
അവയ്ക്ക് നിങ്ങളുടെ മനസ്സിൽ പ്രാധാന്യമേറുന്നുവെന്ന് കണ്ടാൽ ഉടൻ പോയൊരു ഡോക്ടറെ കാണണം,
നല്ല ആഹാരവും കഴിച്ച് വിശ്രമിക്കണം"

—സ്വാമി വിവേകാനന്ദൻ

ഉള്ളടക്കം

1 ഗോപാലകൃഷ്ണന്റെ ജ്യോതിഷക്കസർത്തുകൾ (സൂരജ് രാജൻ) 7

1.1 ആമുഖം . . . 7
1.2 അൽപം ചരിത്രം . . . 8
1.3 ജ്യോതിഷവും ജ്യോതിശ്ശാസ്ത്രവും: സത്യവും മിഥ്യയും . . . 8
1.3.1 പ്രാചീന ജ്യോതിശ്ശാസ്ത്രത്തിലെ രാശിചക്രം . . . 9
1.3.2 നാൾ, നക്ഷത്രം എന്നൊക്കെ പറയുന്നത് എന്ത്? . . . 10
1.3.3 ഗ്രഹനിലയും അതിന്റെ ഉപയോഗങ്ങളും . . . 11
1.3.4 രാശികളും ഗ്രഹങ്ങളും: മാറിവന്ന പ്രാചീന സങ്കൽപങ്ങൾ . . . 13
1.3.5 ജ്യോതിഷത്തിലെ 'ജ്യോതിശ്ശാസ്ത്രം' . . . 14
1.4 ഗോപാലകൃഷ്ണന്റെ ജ്യോതിഷത്തിൽ ഗ്രഹങ്ങൾ പ്ലാനെറ്റുകളല്ലത്രേ! . . . 16
1.5 കാലാവസ്ഥാപ്രവചനവും ജ്യോതിഷപ്രവചനങ്ങളും തമ്മിലെ താരതമ്യം . . . 18
1.6 ജ്യോതിഷം സയന്റിഫിക്കല്ല, പക്ഷേ 'യൂസ്ഫുൾ' ആണത്രേ . . . 21
1.7 വിഷ്ണുമായ കുട്ടിച്ചാത്തൻ ബിസിനസ്സും ജ്യോതിഷവും . . . 22
1.8 ശാസ്ത്രപദങ്ങൾ, ഗണിതപ്രയോഗങ്ങൾ, ആധികാരികതാനാട്യങ്ങൾ, . . . 23
1.9 നാളെ? . . . 25
1.10 കൂടുതൽ വായനയ്ക്ക് . . . 25

2 സർവ്വജ്ഞന്റെ ചൊവ്വാദോഷങ്ങൾ (ഉമേഷ് പി. എൻ.) 27

2.1 ആ. 28
2.2 കലിവർഷം സ്പെയിനിലും ജെർമനിയിലും അമേരിക്കയിലും! . . . 28
2.3 1473-ൽ നിന്ന് 500 കുറച്ചാൽ 2500! . . . 29
2.4 ലഗ്നമെന്തെന്നു ഞാനറിയും. 30
2.5 കലി തുടങ്ങിയ ദിവസത്തിൽ. 31
2.6 വരാഹമിഹിരൻ പറഞ്ഞതൊന്ന്, ഗോപാലകൃഷ്ണൻ കേട്ടതു വേറൊന്ന്. 32
2.7 മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ആര്യഭടൻ! . . . 33
2.8 '100% ആക്കുറേറ്റ്' ആയ ജനനം . . . 34
2.9 അറുപത്താറു ശതമാനം ഗ്യാസ് . . . 34
2.10 കടപയാദിയും മൈക്രോസെക്കന്റും കർണ്ണാടകസംഗീതവും. . . O my! . . . 34
2.11 ഗണപതിയെ മാത്രം വരച്ച ക്രിസ്ത്യാനിക്കുട്ടി . . . 36
2.12 വായിൽ തോന്നുന്നതു ഗോപാലകൃഷ്ണനു ജ്യോതിഷം! . . . 36

2.13 അജ്ഞാനം പലവിധം! 41
2.14 ശാസ്ത്രജ്ഞന്റെ ശാസ്ത്രബോധം! 41
2.15 ഒന്നിച്ചു മരിക്കാൻ പറന്നെത്തിയ 440 പേർ 41
2.16 വിദഗ്ദ്ധമായ കബളിപ്പിക്കൽ 42
2.17 ആ. 43

3 അന്ധവിശ്വാസങ്ങൾ വരുന്ന വഴികളേ!. . . (ശ്രീഹരി എസ്.) 45

3.1 ഫോറർ ഇഫക്ട് 45
3.2 വ്യക്തിനിഷ്ഠമായ സാധൂകരണം 46
3.3 തിരഞ്ഞെടുത്ത ഓർമ്മകളും ചിന്തകളും 46
3.4 സ്ഥിരീകരണ പക്ഷപാതിത്വം 46
3.5 തണുത്ത വായന 47

4 അനുബന്ധം 49

4.1 കടപയാദി (പരൽപ്പേർ) സമ്പ്രദായം 49
4.2 ആര്യഭടന്റെ സംഖ്യാസമ്പ്രദായം 50
4.3 ഭൂമിയുടെ ഗോളാകൃതി 51
4.3.1 ആര്യഭടൻ 51
4.3.2 വരാഹമിഹിരൻ 51
4.3.3 ബ്രഹ്മഗുപ്തൻ 52
4.4 ഭൂമി ഒരു ആംഗുലർ മിനിറ്റ് തിരിയാൻ എടുക്കുന്ന സമയം 52
4.4.1 ആര്യഭടൻ 52
4.4.2 ബ്രഹ്മഗുപ്തൻ 53
4.5 ഗ്രഹങ്ങൾ ഭൂമിയെ ചുറ്റുന്ന ആംഗുലർ വെലോസിറ്റിയും സമയവും 53
4.5.1 പുതുമന സോമയാജി 53
4.6 ഗ്രഹങ്ങൾ പല ഭാവങ്ങളിൽ നിന്നാലുള്ള ഫലങ്ങൾ 54
4.6.1 ബൃഹജ്ജാതകം (വരാഹമിഹിരൻ) 54
4.6.2 ഫലദീപിക (മന്ത്രേശ്വരൻ) 57

അദ്ധ്യായം 1

ഗോപാലകൃഷ്ണന്റെ ജ്യോതിഷക്കസർത്തുകൾ

സൂരജ് രാജൻ

1.1 ആമുഖം

ഹൈസൻബെർഗിന്റെ അൺസേട്ടനിറ്റി പ്രിൻസിപ്പിളും ഡാർവിന്റെ പരിണാമസിദ്ധാന്തവും പതഞ്ജലി മഹർഷിയെക്കൊണ്ട് പറയിപ്പിച്ചുകളഞ്ഞ 'ഡോ' ഗോപാലകൃഷ്ണനെപ്പറ്റി ഞാൻ ഒരു ബ്ലോഗ്പോസ്റ്റ്[1] എഴുതിയിരുന്നു. ടിയാന്റെ യൂട്യൂബിൽ അപ്ലോഡ് ചെയ്തിരിക്കുന്ന ആ പ്രസംഗം ഡിലീറ്റ് ചെയ്തുകളഞ്ഞെങ്കിലും മറ്റു ചില വീഡിയോകൾ അവിടെത്തന്നെ യുണ്ട്. അതിൽ ഈയുള്ളവന്റെ ശ്രദ്ധയാകർഷിച്ചത് ജ്യോതിഷം എന്ന സമ്പ്രദായത്തിനെ ജ്യോതിശ്ശാസ്ത്രം എന്ന സയൻസിന്റെ ചെലവിൽ വെള്ള പൂശിയെടുക്കുക എന്ന ശ്രീമാൻ എൻ. ഗോപാലകൃഷ്ണന്റെ ദൗത്യമാണ്. 13 ഭാഗങ്ങളുള്ള ഒരു ലെക്ചറിന്റെ സീരീസാണ് ഇത്. അതാണ് ഈ പോസ്റ്റിന്റെ വിഷയവും. (വിഡിയോകൾ പറ്റുന്നതു പോലെ വേഗം കണ്ടുതീർത്തേക്കുക, നാളെ സാധനം അവിടെ ഉണ്ടായില്ലെന്ന് വരും. അമ്പ് വരുമ്പോൾ മുണ്ടും വാരിപ്പിടിച്ച് ഓടുന്നതും ആർഷഭാരത സംസ്കാരത്തിൽ പെടുമല്ലോ!)

ഡോ. ഗോപാലകൃഷ്ണൻ ജ്യോതിഷത്തെ സയൻസുമായി കൂട്ടിക്കെട്ടാനായി പിന്തുടരുന്ന യുക്തികളിലെ മണ്ടത്തരങ്ങളെ എടുത്തു കാട്ടാനാണ് പ്രധാനമായും ഇവിടെ ശ്രമിക്കുന്നത്. ഡോ.ഗോപാലകൃഷ്ണന്റെ പ്രസംഗത്തിലെ വസ്തുതാപരമായ തെറ്റുകളെയും ഗ്രഹനിലാഫലങ്ങളെപ്പറ്റി അടിച്ചുവിടുന്ന പുളുവിനെയും പറ്റി വിശദമായ ഒരു പോസ്റ്റ് ഉമേഷ് ഗുരുകുലം ബ്ലോഗിൽ എഴുതിയിട്ടുള്ളതിനോട്[2] ചേർത്തു വേണം ഈ പോസ്റ്റ് വായിക്കാൻ എന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു.

ഗോപാലകൃഷ്ണന്റെ ലെക്ചറിലെ വാദങ്ങൾ ആറ്റിക്കുറുക്കിയാൽ ഇങ്ങനെ വരും:

1. ജ്യോത്സ്യത്തിലെ കാൽക്കുലേഷനുകൾ പ്യൂവർ സയൻസാണ്
2. ജ്യോതിഷത്തിന്റെ പ്രവചനങ്ങൾക്ക് ശാസ്ത്രത്തിലെ കാലാവസ്ഥാപ്രവചനത്തിലുള്ളതു പോലെയുള്ള കൃത്യതക്കുറവുകളേയുള്ളൂ.
3. ജ്യോതിഷപ്രവചനങ്ങൾ സയൻസനുസരിച്ച് വിശദീകരിക്കാനാവില്ല; ഗ്രഹനിലകളുടെ ഫലങ്ങളെ പൂർവികർ എങ്ങനെ കണ്ടെത്തി എന്നതിനു വിശദീകരണമില്ല
4. ശാസ്ത്രമനുസരിച്ച് വിശദീകരിക്കാനാവാത്ത പലതുമുണ്ട്.
5. ഇന്ത്യൻ പൈതൃകത്തിലെ പല സംഗതികൾക്കും വിശദീകരണം നൽകാൻ ആധുനികശാസ്ത്രം ഇനിയും കൊല്ലങ്ങൾ താണ്ടേണ്ടിയിരിക്കുന്നു.
6. ജ്യോതിഷപ്രവചനങ്ങൾക്ക് ശാസ്ത്രീയ അടിത്തറയുണ്ടോ എന്നതിനേക്കാൾ അവകൊണ്ട് പ്രയോജനമുണ്ടോ എന്ന് അന്വേഷിച്ചാൽ മതി.

[1] ഗോപാലകൃഷ്ണന്റെ 'വാത'ങ്ങൾ (http://surajcomments.blogspot.com/2010/02/pseudosciencegopalakrishnanindian.html)
[2] ഈ പുസ്തകത്തിലെ അദ്ധ്യായം 2 (പേജ് 27) കാണുക.

7. ജ്യോതിഷഫലപ്രവചനങ്ങളുടെ ശാസ്ത്രീയത പരീക്ഷിച്ചറിയാനുള്ള യുക്തിവാദികളുടെ ശ്രമങ്ങളിൽ കാര്യമില്ല, അതു കൊണ്ടാർക്കും ഒരു നേട്ടവുമില്ല.

8. ജ്യോതിഷപ്രവചനങ്ങൾ കൊണ്ട് പ്രയോജനങ്ങളുണ്ട്.

9. ജീവിതപ്രശ്നങ്ങൾ മുൻകൂട്ടിക്കാണാനും ഭാവിയെപ്പറ്റിയുള്ള തീരുമാനങ്ങൾ എടുക്കാനും ജ്യോതിഷം സഹായിക്കും.

10. ജ്യോതിഷം ആരുടെയും മേൽ അടിച്ചേൽപ്പിക്കപ്പെടേണ്ടതല്ല, വേണമെങ്കിൽ സ്വീകരിക്കുക, വേണ്ടെങ്കിൽ കളയുക.

11. കൃത്യമായ ജ്യോതിഷപ്രവചനം നടത്താൻതക്കവണ്ണം 'സാധന'യും പരിചയവും ഉള്ള ആളുകൾ ഉണ്ട്.

1.2 അൽപം ചരിത്രം

മെസൊപ്പൊട്ടേമിയ, ഭാരതം, ഗ്രീസ് തുടങ്ങിയ ഭൂവിഭാഗങ്ങളിലെ പ്രാചീന സംസ്കാരങ്ങളിൽ ആകാശനക്ഷത്രങ്ങളും രാശികളും മനുഷ്യ ജീവിതത്തെ സ്വാധീനിക്കും എന്ന വിശ്വാസം രൂഢമൂലമായിരുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ കാര്യമായ പഠനങ്ങളും നിരീക്ഷണങ്ങളും നടത്തിയിരുന്ന പ്രാചീന വിദഗ്ധന്മാർ അതേസമയം തന്നെ ഈ ആകാശദൃശ്യങ്ങൾ മനുഷ്യവിധിയിൽ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റിയുള്ള സങ്കൽപങ്ങളെയും കൊണ്ടുനടന്നിരുന്നതായി നമുക്ക് കാണാം.ആ കാലഘട്ടത്തെ കണക്കിലെടുത്താൽ ഇതിൽ അത്ഭുതമൊന്നുമില്ല.

മന്ത്രവാദവും ക്ഷുദ്രക്രിയകളുമൊക്കെ പരിശീലിച്ചിരുന്നവരായിരുന്നു ആദ്യകാലത്തെ ചികിത്സകർ. യൂറോപ്യൻ രാജ്യങ്ങളിൽ അപ്പോത്തിക്കരികളെന്നറിയപ്പെട്ടിരുന്ന ഡോക്ടർമാർ ക്ഷുരകന്മാരായിരുന്നു. ശാസ്ത്രസാങ്കേതിക വിദ്യയ്ക്ക് പല വിധത്തിൽ മുതൽക്കൂട്ടായിട്ടുള്ള യന്ത്രങ്ങളും സിദ്ധാന്തങ്ങളും ഡിസൈൻ ചെയ്തു നൽകിയ പല പ്രശസ്ത ശാസ്ത്രകാരന്മാരും സാമൂഹികവും മതപരവുമായ അന്ധവിശ്വാസങ്ങളെ കൊണ്ടുനടന്നിരുന്നവരും അതിലും സംഭാവന നൽകിയിരുന്നവരും ആണ്. ഉദാഹരണത്തിന് ആധുനിക ഭൗതികശാസ്ത്രത്തിലെ എക്കാലത്തെയും വലിയപ്രതിഭയായ ഐസക് ന്യൂട്ടന് സാധാരണ ലോഹങ്ങളെ സ്വർണവും വെള്ളിയും പോലുള്ള അമൂല്യലോഹങ്ങളാക്കി പരിവർത്തിപ്പിക്കാൻ ഗൂഢസിദ്ധിയിലൂടെ സാധിക്കും എന്ന് അവകാശപ്പെട്ടിരുന്ന ഒരു കപടശാസ്ത്രമായ ആൽക്കെമിയിൽ (alchemy) താൽപര്യമുണ്ടായിരുന്നു. താൽപര്യം മാത്രമല്ല, ഈ മേഖലയുടെ സിദ്ധികളെ സംബന്ധിച്ച് പല പരീക്ഷണങ്ങളും അദ്ദേഹം നടത്തുകയും ചെയ്തിരുന്നു! ഗലെലേയോയുടെയും ന്യൂട്ടന്റെയും ശ്രേണിയിൽ ശാസ്ത്രലോകം ഇന്ന് സ്ഥാനം നൽകുന്ന ജ്യോതിശ്ശാസ്ത്രകാരനായ യോഹാൻ കെപ്ലർ കൊട്ടാരം ജ്യോത്സ്യനായും ജോലിചെയ്തിരുന്നു. "ജ്യോതിശ്ശാസ്ത്രം എന്ന ബുദ്ധിമതിയായ അമ്മയുടെ പൊട്ടിയായ മകളാണ് ജ്യോത്സ്യം" എന്ന് വരെ ജോത്സ്യത്തെ പരിഹസിച്ചിട്ടുള്ള കെപ്ലർ വയറ്റുപ്പിഴപ്പിനു വേണ്ടിയാണ് താൻ കൊട്ടാരം ജ്യോതിഷിപ്പണി ചെയ്യുന്നതെന്ന് പച്ചയ്ക്ക് പറഞ്ഞിട്ടുമുണ്ട്! ആധുനിക മെഡിക്കൽ ശാസ്ത്രത്തിൽ ഹിപ്പോക്രാറ്റീസിനോളം തന്നെ പദവി നൽകിയിട്ടുള്ള രണ്ടാം നൂറ്റാണ്ടിലെ റോമൻ വൈദ്യനും ശസ്ത്രക്രിയാവിദഗ്ധനുമായ ഗാലൻ മറ്റൊരുദാഹരണമാണ്. ചന്ദ്രൻ വലിപ്പം കുറഞ്ഞിരിക്കുമ്പോൾ ജനിക്കുന്ന കുട്ടി അനോരോഗ്യവാനായിരിക്കുമെന്നൊക്കെ അദ്ദേഹവും വിശ്വസിച്ചിരുന്നതായി എഴുത്തുകളിൽ കാണാം. നമ്മുടെ സുശ്രുത-കാശ്യപ-ചരകാദി ആചാര്യന്മാരും ഇതുപോലെ ഒരുവശത്ത് ശാസ്ത്രാന്വേഷണങ്ങളിൽ മുന്തിയ സംഭാവനകൾ നൽകുകയും മറുവശത്ത് അന്ധവിശ്വാസങ്ങളെ പുണരുകയും ചെയ്തിട്ടുള്ളവരാണ്. ഇന്ത്യൻ ജ്യോതിശ്ശാസ്ത്ര വിദഗ്ധരും ഗണിതജ്ഞരുമായ ആര്യഭടൻ, ഭാസ്കരാചാര്യൻ തുടങ്ങിയവരും ജ്യോത്സ്യത്തെ ഒരു സൈഡ് ബിസിനസ് ആയി കൊണ്ടുനടന്നിരുന്നു. വരാഹമിഹിരനെയും ബ്രഹ്മഗുപ്തനെയും പോലുള്ളവരാകട്ടേ, ജ്യോതിശ്ശാസ്ത്ര പ്രതിഭാസങ്ങളിൽ ശാസ്ത്രീയാന്വേഷണങ്ങൾ നടത്തിയിരുന്നെങ്കിലും ജ്യോതിഷവും പ്രവചനവും മറ്റുമാണ് മുഖ്യ പ്രവർത്തനമേഖലയായി സ്വീകരിച്ചിരുന്നത്.

പറഞ്ഞുവന്നത്, ജ്യോതിശ്ശാസ്ത്രവിവരങ്ങൾ രേഖപ്പെടുത്തിയ പ്രാചീന ഗ്രന്ഥങ്ങളിൽ തന്നെ പലപ്പോഴും വിധിവിശ്വാസത്തിലും സങ്കൽപങ്ങളിലും മാത്രം അടിസ്ഥാനമുള്ള ജ്യോതിഷ കാര്യങ്ങളും കാണുന്നതിന്റെ പൊരുളിനെ കുറിച്ചാണ്. ഇത് പ്രാചീനഭാരതസംസ്കാരത്തിന്റെ മാത്രം പ്രത്യേകതയല്ല, നമ്മുടേതിലും പുരാതനമായ സുമേറിയൻ/മെസൊപ്പൊട്ടേമിയൻ, ഈജിപ്ഷ്യൻ സംസ്കാരങ്ങളിലും, നമ്മുടേതിനു സമകാലീനമായ ഗ്രീക്ക്, ചൈനീസ് പ്രാചീന സംസ്കാരങ്ങളിലുമൊക്കെ ഇതായിരുന്നു സ്ഥിതി. സമൂഹത്തിന്റെയും അതിനെ സ്വാധീനിക്കുന്ന പ്രധാനമതങ്ങളുടെയും അന്ധവിശ്വാസങ്ങളിൽ നിന്ന് മുക്തമായിരുന്നില്ല, അന്നത്തെ കാലത്ത് സയൻസ് പോലും.

1.3 ജ്യോതിഷവും ജ്യോതിശ്ശാസ്ത്രവും: സത്യവും മിഥ്യയും

ശ്രീ ഗോപാലകൃഷ്ണനെപ്പോലുള്ള ജ്യോതിഷാനുകൂലികൾ ഉപയോഗിക്കുന്ന സ്ഥിരം തന്ത്രമുണ്ട്: പ്രാചീനകാലത്തുതന്നെ താരതമ്യേന നന്നായി വികസിച്ച ഒരു ശാസ്ത്രശാഖയായ ആസ്ട്രോണമിയെയും അതിന്റെ പ്രമാണഗ്രന്ഥങ്ങളിലെ കണക്കുകളെയും ചൂണ്ടിക്കാട്ടിയിട്ട് അത് ജ്യോതിഷത്തിന്റെ കൂടി ഭാഗമാണെന്ന് തെറ്റിദ്ധരിപ്പിക്കൽ. എന്താണിതിലെ വാസ്തവം?

ജ്യോതിഷത്തിൽ ഉപയോഗിക്കുന്നു എന്ന് ഡോ. ഗോപാലകൃഷ്ണൻ പറയുന്ന “scientific astronomical calculations” ശരിക്കും ജ്യോതിശ്ശാസ്ത്രത്തിൽ അങ്ങനെതന്നെയാണോ? ജ്യോതിശ്ശാസ്ത്രത്തിന്റെ ശാസ്ത്രീയതയും മെച്ചങ്ങളും ജ്യോതിഷത്തിനും അവകാശപ്പെടാമോ? നമുക്കു നോക്കാം.

ജ്യോതിശ്ശാസ്ത്രത്തെ സംബന്ധിച്ചു ലഭ്യമായ ഏറ്റവും പഴയ രേഖകൾ മെസൊപ്പൊട്ടേമിയൻ സംസ്കാരത്തിന്റേതാണ്. ബാബിലോണിനും ചുറ്റുമായി വളർന്ന ഒരു കാലഗണനാ സമ്പ്രദായം എന്ന നിലയ്ക്കാണ് പ്രാചീനകാലത്ത് ജ്യോതിശ്ശാസ്ത്രം ഉയർന്ന് വന്നത്. ഇന്നത്തെ ആസ്ട്രോണമിയുമായി നാമമാത്രമായ ബന്ധങ്ങളേ ഈ പ്രാചീന ജ്യോതിശ്ശാസ്ത്രത്തിലുണ്ടായിരുന്നുള്ളൂ എന്നത് ഒന്നാമത്തെ സത്യം. ആ ജ്യോതിശ്ശാസ്ത്രം തന്നെ “മനുഷ്യന്റെ ഭൂത-ഭാവി-വർത്തമാനങ്ങളെ സ്വാധീനിക്കുന്ന” ഗ്രഹങ്ങളുടെയും അഭൗമശക്തികളുടെയും ശാസ്ത്രമായിരുന്നില്ല എന്നത് രണ്ടാമത്തെ സത്യം. ഇന്ന് ഭാരതീയ പൈതൃകമായി വികസിച്ചതെന്ന് ഗോപാലകൃഷ്ണനെപ്പോലുള്ളവർ നമ്മെ ധരിപ്പിക്കാൻ ശ്രമിക്കുന്ന പല ജ്യോതിഷ/ജ്യോതിശ്ശാസ്ത്ര വിശ്വാസങ്ങളും ബാബിലോണിലെയും ഗ്രീസിലെയും സാംസ്കാരിക സ്വാധീനങ്ങളിലൂടെ ഇന്ത്യയിൽ എത്തിയതാണ് എന്നത് മൂന്നാമത്തെ സത്യം. ലോകത്തിലാകെത്തന്നെ ഓരോ പ്രദേശത്തെയും കൃഷി, കൊയ്ത്ത്, ആഘോഷങ്ങൾ, മഴ, പട്ടിണി എന്നിവ മാറുന്നതനുസരിച്ച് ജ്യോതിശ്ശാസ്ത്രത്തിൽ ഗണിക്കപ്പെടുന്ന കാലങ്ങൾക്ക് ‘നന്മ’യും ‘തിന്മ’യും ഒക്കെ ആരോപിക്കപ്പെടുന്നതും വ്യത്യാസപ്പെടുന്നു എന്നത് നാലാമത്തെ സത്യം.

ജ്യോതിശ്ശാസ്ത്രത്തിലെ ‘കാൽക്കുലേഷനുകൾ’ ആണ് ജ്യോതിഷത്തിൽ ഉപയോഗിക്കുന്നത് എന്ന് ഗോപാലകൃഷ്ണൻ പറയുന്നത് മുഴുവനും തെറ്റല്ല. പക്ഷേ അത് ആധുനിക ആസ്ട്രോണമിയോട് കിടപിടിക്കുന്ന ശാസ്ത്രശാഖയാണെന്ന് പറയുന്നത് പുളുവാണ്. സൂര്യനെ ഗ്രഹങ്ങളാണ് ചുറ്റുന്നത് എന്നും, നക്ഷത്രങ്ങൾ ഗ്രഹങ്ങളേക്കാളൊക്കെ വളരെയധിക ദൂരത്താണ് സ്ഥിതിചെയ്യുന്നതെന്നും, വേട്ടക്കാരനെന്നും സിംഹമെന്നും ഭരണിയെന്നുമൊക്കെയുള്ള രൂപങ്ങൾ കൊടുത്ത് പ്രാചീനർ നിർമ്മിച്ച രാശികളെല്ലാം പലയിടത്തായി യാതൊരു ബന്ധമോ സ്വാധീനമോ ഇല്ലാതെ കിടക്കുന്ന നക്ഷത്രങ്ങളെ ആകാശത്ത് ഭാവനയിൽ കുത്തുകൾ കൂട്ടിയോജിപ്പിക്കുമ്പോലെ ചേർത്തുവച്ച് ദിവ്യത്വമാരോപിച്ചതാണെന്നും തിരിച്ചറിഞ്ഞ് വികസിച്ച ശാഖയാണ് ആധുനിക ആസ്ട്രോണമി. പ്രാചീന ജ്യോതിശ്ശാസ്ത്രത്തിലെ ‘ശാസ്ത്രീയ’മെന്ന് വിചാരിച്ചിരുന്ന പലതിനെയും അബദ്ധങ്ങളായി തള്ളിക്കളഞ്ഞിട്ടുണ്ട് പുത്തൻ സാങ്കേതിക വിദ്യകൾ. ശരിക്കും ജ്യോത്സ്യത്തിൽ ഉപയോഗിക്കുന്നു എന്ന് പറയുന്ന പ്രാചീന ജ്യോതിശ്ശാസ്ത്ര ആശയങ്ങൾ എന്തൊക്കെയാണെന്ന് അറിയുമ്പോൾ ശ്രീമാൻ ഗോപാലകൃഷ്ണൻ അടിച്ചുവിട്ടതു മുക്കാലും പുളുവാണെന്ന് മനസ്സിലാവും. എല്ലാമൊന്നും സ്ഥലപരിമിതിമൂലം ഇവിടെ പറയാനാവില്ലെങ്കിലും ചില അടിസ്ഥാന കാര്യങ്ങൾ അടുത്ത അഞ്ച് ഉപശീർഷകങ്ങളിലായി വിശദീകരിക്കാം...

1.3.1 പ്രാചീന ജ്യോതിശ്ശാസ്ത്രത്തിലെ രാശിചക്രം

ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യനും ചന്ദ്രനുമടക്കം എല്ലാ ആകാശവസ്തുക്കളും നമുക്ക് ചുറ്റിനുമായി പ്രദക്ഷിണം വയ്ക്കുന്നു എന്ന് തോന്നും. ഭൂമി അതിന്റെ അച്ചുതണ്ടിൽ നിന്ന് തിരിയുന്നതാണെന്നുള്ള ബോധമോ, ഭൂമി ഒരു ഗോളമാണെന്ന ധാരണയോ ഇല്ലാതിരുന്ന പ്രാചീന നിരീക്ഷകർക്ക് അങ്ങനെ തോന്നിയിരിക്കാനേ ഇടയുള്ളൂ. ഇങ്ങനെ നോക്കുമ്പോൾ രണ്ട് കാര്യങ്ങൾ പെട്ടെന്ന് ദൃശ്യമാവും - സൂര്യനും ചന്ദ്രനും അതിവേഗം “ഭൂമിയെ വലം വയ്ക്കുകയാണെ”ന്നും പശ്ചാത്തലത്തിലെ നക്ഷത്രങ്ങൾ ഒരു സ്ക്രീനിൽ പതിപ്പിച്ച തിളക്കമാർന്ന പൊട്ടുകൾ പോലെ “ഭൂമിക്ക് ചുറ്റും തിരിയുക”യാണെന്നും. സൂര്യൻ ഭൂമിക്ക് ചുറ്റും കറങ്ങുന്നു എന്ന സങ്കൽപത്തിൽ സൂര്യന്റെ പരിക്രമണപഥത്തെ (orbit) ഒരു വൃത്തമായി കണ്ടാൽ ആ വൃത്തം പോകുന്ന വഴിയിലെ നക്ഷത്രക്കൂട്ടങ്ങളെ ചേർത്ത് വിളിക്കുന്ന പേരാണ് രാശിചക്രം എന്നത്. ഭൂമിയിൽ നിന്ന് നോക്കുമ്പോൾ ആകാശത്ത് ഒരു വലിയ സ്ക്രീൻ ഭൂമിക്ക് ചുറ്റും വലയം ചെയ്ത് കെട്ടിയിരിക്കുമ്പോലെ സങ്കൽപിച്ചിരിക്കുന്നതാണ് രാശിചക്രം. ഇതിനെ സൂര്യന്റെ സഞ്ചാരമനുസരിച്ച് 12 തുല്യ ഭാഗമാക്കിയാൽ ഓരോ ഭാഗത്തെയും ഓരോ രാശി എന്ന് വിളിക്കാം. ഒരു രാശിയിൽ കാണുന്ന നക്ഷത്രങ്ങളിൽ അടുത്തടുത്തു കിടക്കുന്ന ‘പൊട്ടുകളെ’ കുത്തുകൾ പോലെ യോജിപ്പിച്ച് ഭാവനാത്മകമായ രൂപങ്ങൾ ആരോപിക്കുന്നതിൽ പ്രാചീനർ കാണിച്ച മിടുക്ക് കാരണം നമുക്ക് കാളയും ഞണ്ടും തേളും കരടിയും സിംഹവും ഒക്കെ കിട്ടി! രാശിചക്രത്തിലെ ഒരു ‘കഷണ’ത്തിൽ ചില ‘കുത്തുകൾ’ യോജിപ്പിച്ചാൽ സിംഹത്തെപ്പോലെ ഒരു ചിത്രം കിട്ടുമെന്ന് ഭാവനയിൽ കണ്ട് അതിനു ‘ചിങ്ങം’ രാശി (ഗ്രീക്കിൽ ലെയോൺ, പാശ്ചാത്യരുടെ Leo) എന്നു പേരിട്ടു. മറ്റൊരു രാശിയിലെ ചില കുത്തുകൾ ചേർത്താൽ ആടു കിട്ടും - മേഷം രാശി, അഥവാ മേടം (ഗ്രീക്കുകാർക്ക് ക്രിയോസ്, ഇംഗ്ലീഷിൽ Aries). ബി.സി 1800-നോളം പഴക്കമുള്ള ബാബിലോണിയൻ കളിമൺ ഫലകങ്ങളിലൂടെയാണ് പൂർവികർ ഈ വിധം നക്ഷത്രക്കൂട്ടങ്ങളെ രൂപങ്ങളായി സങ്കൽപിച്ച് രാശികളെ നിർമ്മിച്ചതിന്റെ ആദ്യ തെളിവുകൾ നമുക്ക് കിട്ടുന്നത്.

ബാബിലോൺ, ഈജിപ്ത്, ഗ്രീസ്, ഇന്ത്യ, ചൈന മുതലായ പല സംസ്കാരങ്ങളിലൂടെയും ഈ സങ്കൽപങ്ങൾ കയറിയിറങ്ങിയാണ് നാം ഇന്ന് കാണുന്ന ഭാരതീയജ്യോതിഷത്തിൽ ഇവ എത്തിയിരിക്കുന്നത്. സ്വാഭാവികമായും ഓരോ രാജ്യത്തും രാശികൾക്ക് സങ്കൽപിച്ചിരിക്കുന്ന ചിത്രങ്ങൾ വ്യത്യസ്തമാണ്. ഉദാഹരണത്തിന് അമ്പെയ്യാൻ കുലച്ച ഒരു ‘വില്ല്’ മാത്രം കണ്ട് നാമതിനെ ധനുസ്സ് അഥവാ ധനു എന്ന് വിളിക്കുന്നു (ഗ്രീക്കിൽ ടോക്സോസിസ്). എന്നാൽ പാശ്ചാത്യ രീതിയിൽ വില്ലിനു ഒരു വില്ലാളിയെക്കൂടി നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവർക്കത് തൊട്ടപ്പുറത്തെ തേളിനെ(വൃശ്ചികം) അമ്പെയ്യുന്ന വില്ലാളിയാണ് (Sagittarius). മിഥുനം(Gemini) രാശിയാകട്ടെ ആദിമ ഭാരതീയ സങ്കൽപത്തിൽ രണ്ട് പുരുഷന്മാരാണ്

ചിത്രം 1.1: ജ്യോതിഷത്തിലെ രാശികൾ

- അശ്വിനീ ദേവകൾ. ഗ്രീക്കുകാർക്കും രണ്ട് ദേവന്മാർ തന്നെ (കാസ്റ്ററും പോളക്സും). പിൽക്കാലത്തെ ഹോരാശാസ്ത്രമനുസരിച്ച് ഇത് ഒരു ആണും ഒരു പെണ്ണുമായിരിക്കുന്നു. രാശികൾക്ക് പേരുകൊടുത്തതിലെ ഭാവനാവിലാസം അതാത് സംസ്കാരത്തിൽ ഒതുങ്ങുന്നില്ല, അന്യ സംസ്കാരങ്ങളിലെ ശേഷിപ്പും അവയിലുണ്ട്. ഉദാഹരണത്തിൻ കുംഭം രാശിയെന്നത് കുടം വഹിക്കുന്ന ഒരാളാണെന്ന സങ്കൽപം ബാബിലോണിയൻ സംസ്കാരത്തിന്റെ ശേഷിപ്പാണ്. കുംഭം രാശിയിലൂടെ സൂര്യൻ സഞ്ചരിക്കുന്ന കാലത്ത് (എന്നുവച്ചാൽ ആകാശ സ്ക്രീനിൽ ആ ഭാഗത്ത് സൂര്യൻ എത്തുന്നകാലത്ത്) ബാബിലോണിൽ മഴയാണ്. ഈ സങ്കൽപം ഗ്രീക്ക്-റോമൻ സംസ്കാരത്തിലെത്തിയപ്പോൾ അവർക്ക് ആ കുടമേന്തിയ മനുഷ്യൻ ദൈവങ്ങൾക്ക് ജലം നൽകുന്ന ഗാനിമിഡ് എന്ന പുരാണ കഥാപാത്രമായി. അതുപോലെ കന്നി രാശി നെൽക്കതിർ പിടിച്ച കന്യകയായത് സൂര്യൻ ആ രാശിയിലൂടെ പോകുന്നത് കൃഷിക്കാലത്തായതുകൊണ്ടാണ്. നക്ഷത്രക്കൂട്ടങ്ങളെ "കുത്തുകളായി യോജിപ്പിച്ച്" 80ൽപ്പരം ചിത്രങ്ങൾ സങ്കൽപിച്ചുണ്ടാക്കിയതിൽ 12 എണ്ണമാണ് രാശികളായി പിൽക്കാലത്ത് ഉറച്ചത്. രാശികളായി കൂട്ടാത്ത നക്ഷത്രക്കൂട്ടങ്ങളിൽ രണ്ടുദാഹരണം പറയാം: കുതിരത്തലപോലെ ഇരിക്കുന്ന മൂന്ന് നക്ഷത്രങ്ങളുടെ ഒരു കൂട്ടമാണ് അശ്വിനി (അശ്വതി), Orion എന്ന വേട്ടക്കാരൻ ഭാരതത്തിൽ വെവ്വേറെ നക്ഷത്രക്കൂട്ടങ്ങളാണ് (മകീര്യം,തിരുവാതിര എന്നിങ്ങനെ).

രാശിചക്രം എന്ന 'ആകാശസ്ക്രീനി'ലൂടെ സൂര്യനും ചന്ദ്രനും മാത്രമാണ് സഞ്ചരിക്കുന്നത് എന്ന ആദ്യകാല സങ്കൽപം കൃഷിയാവശ്യങ്ങൾക്ക് വേണ്ടിയുള്ളതായിരുന്നു. മുഖ്യമായും സൂര്യനെ ആശ്രയിച്ചാണല്ലോ കൃഷി.സൂര്യൻ കിഴക്ക് ഉദിച്ച് പടിഞ്ഞാറു താഴുന്നതുവരെയുള്ള സമയം 'ദിവസ'വും, സൂര്യൻ ഓരോ രാശികളിൽ പ്രവേശിക്കുന്നത് 'മാസ'വും ആയി. എന്നാൽ നക്ഷത്ര രാശികളെ ചേർത്തുകൂട്ടി രാശിചക്രം എന്ന സങ്കൽപവും അതുവച്ചുള്ള മാസഗണനയുമൊക്കെ ഉണ്ടാക്കുന്നതിനും മുൻപ് ആളുകൾ ചന്ദ്രനെയാണ് മാസം കണക്കാക്കാൻ ഉപയോഗിച്ചിരുന്നത്. ആവർത്തിച്ചു വരുന്ന ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ വച്ചാണ് ഒരു മാസം കണക്കാക്കിയിരുന്നത്. ചന്ദ്രമാസം വച്ച് വർഷം കണക്കാക്കുമ്പോൾ ഋതുക്കൾ (seasons) മാറിവരുന്നതിനു കൃത്യമായ കണക്ക് കിട്ടുമായിരുന്നില്ല. തുടർന്നാണ് രാശിചക്രവും സൂര്യനെ വച്ചുള്ള മാസം/വർഷം കണക്കാക്കലും വന്നത്. കൃത്യത ഏറിയതോടെ ഈ കണക്കുകൂട്ടലുകൾ കൃഷിയെ സഹായിച്ചു എന്നതിനാലാവാം ലോകത്തിലെ സമാന്തരമായി വികസിച്ച പല സംസ്കാരങ്ങളും സ്വന്തമായിത്തന്നെ രാശിചക്രം വച്ചുള്ള കാലഗണനയിലേക്ക് മാറിയത്.

1.3.2 നാൾ, നക്ഷത്രം എന്നൊക്കെ പറയുന്നത് എന്ത്?

സൂര്യനെപ്പോലെ തന്നെ ഭൂമിക്ക് ചുറ്റും കറങ്ങുന്നു എന്ന് പ്രാചീനർ ധരിച്ചിരുന്ന വസ്തുവാണ് ചന്ദ്രനും. ചന്ദ്രൻ ആകാശത്തിലെ ഒരു പോയിന്റിൽ നിന്ന് ഭൂമിക്ക് ചുറ്റും ഒരു പ്രദക്ഷിണം പൂർത്തിയാക്കി അതേ പോയിന്റിൽ എത്താനുള്ള സമയം ഏതാണ്ട് 27 ദിവസമാണെന്ന് പ്രാചീന ഭാരതീയർ നക്ഷത്രങ്ങളുടെ പശ്ചാത്തലത്തെ അടിസ്ഥാനമാക്കി നിരീക്ഷിച്ചിരിക്കണം. ഈ സഞ്ചാര സമയത്തെ 27 ആയി വിഭജിച്ചാണ് ഓരോ ഭാഗത്തിനും ചാന്ദ്ര സൗധം (ചന്ദ്രന്റെ വീട്) എന്ന് പേരിട്ടത്. ചന്ദ്രൻ

ചിത്രം 1.2: വൃശ്ചികത്തിനു (സ്കോർപ്പിയൺ) നേരെ വില്ലു കുലയ്ക്കുന്ന ധനുർധാരി (സാജിറ്റേറിയസ്)

ഇങ്ങനെ സഞ്ചരിക്കുന്ന സമയത്ത് ആകാശത്തിലെ സ്ക്രീനിൽ (രാശിചക്രം) ഓരോ നക്ഷത്രത്തിനും നക്ഷത്രക്കൂട്ടത്തിനും അരികിലായി വരാം. ചന്ദ്ര ദേവൻ താരകങ്ങളാകുന്ന പത്നിമാരെ മാറി മാറി പ്രാപിക്കാൻ ചെല്ലുന്നു എന്ന പുരാണ സങ്കൽപം പിന്നീട് ഇതിനു മേൽ ആരോപിക്കപ്പെട്ടതുമാകാം. ഏതായാലും ചന്ദ്രന്റെ രാശിചക്രത്തിലെ 27ൽ ഒരു ഭാഗമായ ഓരോ ചാന്ദ്ര സൗധത്തിലും ചന്ദ്രൻ ഏത് നക്ഷത്രത്തിന്റെ അടുത്തായാണോ കാണപ്പെടുന്നത് ആകാശത്തിന്റെ ആ ഭാഗത്തെ ആ നക്ഷത്രത്തിന്റെ പേരിട്ട് വിളിച്ചു. ചന്ദ്രൻ ആ ഭാഗത്ത് നിൽക്കുന്ന സമയമത്രയും ആണ് ഒരു 'നാൾ' എന്ന് പറയുന്നത്. ഉദാഹരണത്തിന് മീൻ പിടിക്കാനുപയോഗിക്കുന്ന ഒറ്റാലിന്റെ രൂപമുണ്ടെന്ന് സങ്കൽപിച്ച് പേരിട്ട 'രോഹിണി' നക്ഷത്രക്കൂട്ടത്തിനരികിൽ ചന്ദ്രൻ നിൽക്കുന്ന സമയമത്രയും 'രോഹിണി നാൾ' ആണ്. ആ സമയത്ത് ജനിക്കുന്നവരുടെ നാൾ/ജന്മനക്ഷത്രം രോഹിണിയും. ഇംഗ്ലീഷിൽ ഓറയോൺ (Orion) എന്നറിയപ്പെടുന്ന വേട്ടക്കാരന്റെ 'തോൾഭാഗത്ത്' വരുന്ന ഒരു നക്ഷത്രമാണ് ആതിര. അതിനടുത്ത് ചന്ദ്രൻ വരുന്ന നാൾ ആണ് തിരുവാതിര. ഇങ്ങനെയാണ് നമുക്ക് 27 നക്ഷത്രങ്ങൾ വരുന്നത്.

ചാന്ദ്രസൗധം എന്ന കണക്കുകൂട്ടൽ ഭാരതത്തിന്റെ സ്വന്തമാണ്. കാരണം നമുക്ക് പ്രാചീനകാലത്ത് ആഴ്ചക്കണക്ക് ഉണ്ടായിരുന്നില്ല. ഏഴു ദിവസം ചേർന്ന ഒരാഴ്ച (വാരം) എന്ന കണക്കുകൂട്ടൽ രീതി ബാബിലോണിയക്കാരുടേതാണ്. അതു നമ്മുടെ നാട്ടിൽ പ്രചരിക്കുന്നത് സൂര്യസിദ്ധാന്തത്തിന്റെയും (ബി.സി 3-ആം നൂറ്റാണ്ട്) മറ്റും കാലത്തിനും ഏറെ ശേഷമാണ്. നമുക്ക് ഒരു വർഷത്തെ വിഭജിക്കാൻ ചന്ദ്രന്റെ സഞ്ചാരകാലമായ മാസവും, ആ സഞ്ചാരത്തെ പിന്നെയും വിഭജിക്കാൻ നാളും ആണ് ഉണ്ടായിരുന്നത്. ഒരു നാൾ എന്നത് ഏറെക്കുറേ 24 മണിക്കൂർ നേരം തന്നെ വരും എന്നതിനാൽ നാളും ദിവസവും ഏതാണ്ട് ഒത്തുപോകുകയും ചെയ്തിരുന്നു.

1.3.3 ഗ്രഹനിലയും അതിന്റെ ഉപയോഗങ്ങളും

നക്ഷത്രങ്ങൾ നിറഞ്ഞ പശ്ചാത്തലത്തിലൂടെ ചന്ദ്രൻ ചരിക്കുന്ന പാതയെ ഇരുപത്തേഴാക്കി ചാന്ദ്രസൗധങ്ങളും (നാൾ) ഇതേ പശ്ചാത്തലത്തിലൂടെ സൂര്യൻ ചരിക്കുന്ന പാതയെ പന്ത്രണ്ടാക്കി സൂര്യരാശികളും ഉണ്ടാക്കിയതിലൂടെ ദിവസവും മാസവും വർഷവും കാലാവസ്ഥാമാറ്റങ്ങളും ഋതുക്കളും ആവർത്തിക്കുന്നത് കൂടുതൽ കൃത്യതയോടെ പ്രാചീന സമൂഹങ്ങൾക്ക് കണക്കുകൂട്ടാൻ പറ്റുമെന്നായി. എന്നാൽ വർഷത്തിലേറെ ദൈർഘ്യം വരുന്ന സമയങ്ങളെ രേഖപ്പെടുത്തിവയ്ക്കാൻ ചാന്ദ്രസൗധങ്ങളോ സൂര്യരാശികളോ അത്രയ്ക്കൊന്നും പ്രയോജനപ്പെടുമായിരുന്നില്ല. പിന്നീട് ചന്ദ്രനും സൂര്യനും മാത്രമല്ല മറ്റു ചില വസ്തുക്കളും ആകാശത്ത് ക്രമമായ ഒരു ആവർത്തനത്തോടെ സഞ്ചരിക്കുന്നത് പൂർവികർ തിരിച്ചറിഞ്ഞു. 'അലഞ്ഞുനടക്കുന്ന' എന്ന അർത്ഥത്തിൽ പ്ലാനെറ്റേ എന്ന് വിളിക്കപ്പെട്ട ഇവയാണ് ഗ്രഹങ്ങൾ. ഗ്രഹങ്ങൾ ഭൂമിയോടൊപ്പം സൂര്യനെയാണ് ചുറ്റുന്നതെന്ന സത്യം അറിയാത്ത പൂർവികർ അവയ്ക്കും ഭൂമിയെ കേന്ദ്രമാക്കിക്കൊണ്ട് ഓരോ സാങ്കൽപിക ഭ്രമണപഥങ്ങൾ കൊടുത്തു.



ചിത്രം 1.3: ഗ്രഹനില

ഗ്രഹങ്ങളിൽ ചിലത് വർഷങ്ങളെടുത്താണ് ഒരു സ്ഥാനത്തുനിന്നും മറ്റൊന്നിലേക്ക് സഞ്ചരിക്കുന്നത് എന്ന നിരീക്ഷണമായിരുന്നു അവയെ കാലഗണനാ സിസ്റ്റത്തിലേക്ക് സ്വീകരിക്കാൻ പൂർവികരെ പ്രേരിപ്പിച്ചത്. ഈ ഭ്രമണപഥത്തിലൂടെ അവ ചരിക്കുമ്പോൾ ഏതേത് രാശികളിൽ വരുന്നോ അത് കുറിച്ചിട്ടാൽ ഒരു പ്രത്യേക കാലത്തെ അത് കുറിക്കും എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രാധാന്യം. ഇന്ന് നമുക്ക് ഓരോ വർഷത്തിനെയും കുറിക്കാനായി നമ്പരുകൾ ഉണ്ട് - 1957, 2010 എന്നൊക്കെ. അതില്ലാതിരുന്ന ഒരു കാലത്ത് വർഷത്തെ കുറിക്കാൻ ആകെയുണ്ടായിരുന്ന സൂചകങ്ങൾ എന്നത് "ശുക്ര ഗ്രഹം ഇന്ന രാശിയിൽ നിന്നപ്പോൾ. . . ", "സൂര്യൻ ഇന്ന രാശിയിൽ വന്ന വേളയിൽ. . . ", "ശനി ഇന്ന രാശിയിൽ വന്ന സമയത്ത്. . . " എന്നൊക്കെയുള്ള കാര്യങ്ങളുടെ ചുരുക്കത്തിലുള്ള കുറിപ്പുകളാണ്. ഇതാണ് ഗ്രഹനില എന്നത്.

പന്ത്രണ്ട് മാസങ്ങളായ രാശികളെ പ്രതിനിധീകരിച്ച് പന്ത്രണ്ട് കളങ്ങളുള്ള ഒരു ചതുരം (ചിലയിടങ്ങളിൽ വൃത്തത്തിലും) - ഇതാണ് ഗ്രഹനിലയുടെ പ്രതീകരൂപം. ഒരു രാശി ഉദിക്കാനെടുക്കുന്ന സമയം 5 നാഴിക (2 മണിക്കൂർ). മൊത്തം പന്ത്രണ്ട് രാശികൾക്കും കൂടി 60 നാഴിക അല്ലെങ്കിൽ 24 മണിക്കൂർ. ഇങ്ങനെ വരയ്ക്കുന്ന ഗ്രഹനിലയിൽ ഒരാൾ ജനിക്കുന്ന സമയത്ത് കിഴക്കേ ചക്രവാളത്തിൽ ഉദിച്ചു വരുന്നതായി കാണപ്പെടുന്ന നക്ഷത്ര രാശിയാണ് അയാളുടെ ലഗ്നരാശിയായി കണക്കാക്കുക. ഇതുതന്നെയാണ് ഒന്നാം ഭാവവും. രണ്ടാം ഭാവമെന്നത് ഒന്നാം ഭാവത്തിലെ രാശിക്ക് പുറകേ ഉദിച്ചു വരുന്നതായി കാണുന്ന തൊട്ടടുത്ത രാശിയാകും. ഇത് ഒരു ക്ലോക്കിലെ ഡയൽ പോലെ രേഖപ്പെടുത്തുമ്പോൾ clockwise ആയി വായിച്ചു പോകാം. ജനനസമയത്ത് ഉദിച്ചുകൊണ്ടിരിക്കുന്ന രാശിയിൽത്തുടങ്ങി ആകാശമണ്ഡലത്തിലൂടെ അസ്തമയത്തിലേക്കടുക്കുന്ന രാശികളെ clockwise ആയി ക്രമത്തിൽ നോക്കിയാൽ കിട്ടുന്ന 6 എണ്ണത്തെ 'ദൃശ്യ'രാശികൾ എന്ന് വിളിക്കുന്നു. അസ്തമിച്ചതോ അസ്തമിച്ചുകൊണ്ടിരിക്കുന്നതോ ആയ രാശി മുതൽ പിന്നെയും clockwise ആയി ഉദയരാശിവരെ എണ്ണിയാൽ കിട്ടുന്ന 6 രാശികളെ ഭൂമിക്ക് മേലുള്ള ആകാശത്ത് ആ സമയം 'ദൃശ്യ'മാവാത്ത (അദൃശ്യ) രാശികൾ എന്നും പറയാം (ഭൂമി ഒരു ഗോളമാണെന്ന ധാരണ പരക്കെ അംഗീകരിച്ചിട്ടില്ലാതിരുന്ന കാലത്ത്, അദൃശ്യരാശികൾ ഭൂമിയുടെ മറുപകുതിക്ക് മേലുള്ള ആകാശത്താണ് ഉള്ളത് എന്ന് അറിവുണ്ടായിരുന്നില്ല).

ഗ്രഹനില ചതുരത്തിലെഴുതിയാലും വൃത്തത്തിലെഴുതിയാലും ലഗ്നരാശിയിൽ നിന്ന് നേരെ എതിരേ (ഡയഗണൽ ആയി) ഉള്ള രാശിയാവും ഇങ്ങനെ എഴുതുമ്പോൾ അസ്തമിച്ചുകൊണ്ടിരിക്കുന്ന (അസ്തമയ) രാശി. ഇതോടൊപ്പം സാന്ദർഭികമായി ആകാശത്ത് അതാത് രാശികളിൽ നിൽക്കുന്ന മട്ടിൽ കാണപ്പെടുന്ന ഒൻപതു ഗ്രഹങ്ങളെയും ആ കള്ളികളിൽ രേഖപ്പെടുത്തുന്നു. സൂര്യൻ നിൽക്കുന്ന രാശിയാണ് ആ ജാതകകാരന്റെ ജന്മ മാസം. ഗ്രഹനിലയിൽ മീനത്തിൽ സൂര്യൻ നിന്നാൽ മീനമാസത്തിലാണ് ജനനം എന്നർത്ഥം. ലഗ്നരാശി (ഉദയരാശി) ഏതാണെന്നറിയാൻ ആ കള്ളിയിൽ ല എന്ന് (ഇംഗ്ലീഷിൽ Ascending, Rising എന്നോ എഴുതാറുണ്ട്) സൂചിപ്പിച്ചിട്ടുണ്ടാകും. ഇതിനു കാലഗണനയിൽ വലിയ പ്രാധാന്യമുണ്ട്. ഗ്രഹങ്ങളുടെ അപഹാരവും മറ്റും സംബന്ധിച്ച വിശ്വാസങ്ങൾക്ക് സ്വാധീനമില്ലാതിരുന്ന പ്രാക്തനകാലത്ത് കൃത്യമായി കാലം/സമയം അറിയുക എന്നതായിരുന്നു ഗ്രഹനിലയുടെ ഉദ്ദേശ്യം. സൂര്യൻ നിൽക്കുന്ന രാശിയും ലഗ്നരാശിയും ഏതൊക്കെയെന്നറിഞ്ഞാൽ ഒരു ദിവസത്തിന്റെ ഏത് ഭാഗത്താണ് കുട്ടി ജനിച്ചതെന്ന് മനസ്സിലാക്കാം. ഇത് നോക്കാൻ ഒരു കാര്യം മനസ്സിൽ വയ്ക്കുക: നക്ഷത്ര രാശികൾ ഉദയത്തിൽ നിന്ന് അസ്തമയത്തിലേക്ക് ക്രമത്തിൽ പോകുന്നതിന്റെ വിപരീത ദിശയിലാവും സൂര്യൻ ആകാശമണ്ഡലത്തിൽ ചരിക്കുന്നതായി കാണുക. ഉദാഹരണത്തിൻ ഉദിച്ചുയരുന്ന നക്ഷത്ര രാശിയോടൊപ്പമാണ് സൂര്യനും ജനനസമയത്ത് കാണുന്നതെങ്കിൽ കുട്ടിജനിച്ചത് സൂര്യനുദിക്കുന്ന സമയത്തായിരിക്കണം. സൂര്യന്റെ സ്ഥാനം ലഗ്നരാശിയിൽ നിന്ന് നേരെ എതിരേ (ഡയഗണൽ ആയി) ഉള്ള രാശിയിൽ (ഏഴാം ഭാവം അഥവാ അസ്തമയ

രാശി) ആണെങ്കിൽ ജനനം സൂര്യാസ്തമയ സമയത്ത്. ഒൻപത്, എട്ട് ഭാവങ്ങളിലാണെങ്കിൽ ഉച്ചയോ ഉച്ചകഴിഞ്ഞോ. നാലാം ഭാവത്തിൽ സൂര്യനെന്നാൽ ജനനം ഏതാണ്ട് അർദ്ധരാത്രി. ഉദയം കഴിഞ്ഞ് എത്രാമത്തെ മണിക്കൂറിൽ (പഴയകണക്കിൽ നാഴിക/വിനാഴിക) ജനനം എന്നറിയാനും സൂര്യന്റെ സ്ഥാനം നോക്കിയാൽ പറ്റും. ഒരു രാശി 2 മണിക്കൂർ എന്നെടുത്താൽ മതി. അപ്പോൾ ഏഴാം ഭാവത്തിൽ സൂര്യൻ എന്നാൽ ഉദയരാശിയിൽ നിന്ന് ആറു രാശികൾ മുന്നോട്ട് ഏതാണ്ട് 12 മണിക്കൂർ മാറിയിട്ട് എന്നർത്ഥം, അതായത് ഏതാണ്ട് സന്ധ്യക്ക്. നാലാം ഭാവത്തിൽ സൂര്യൻ എന്നാൽ ഉദയരാശിയിൽ നിന്ന് 3 രാശികൾ പുറകിലോട്ട്. ഇത് ഏതാണ്ട് ഉദയത്തിനും 6 മണിക്കൂർ മുൻപേ എന്ന് വരും. അതായത് ഏകദേശം പാതിരാവിൽ.

മാസവും ദിവസക്കണക്കും നാഴിക വിനാഴികക്കണക്കും വച്ച് കൃത്യമായി ഒരു തീയതിയും സമയവും ഉറപ്പിക്കാനാണ് ഗ്രഹനില സഹായിച്ചിരുന്നതെന്ന് മനസ്സിലായിക്കാണുമല്ലോ. ഇനി വർഷങ്ങളുടെ കണക്കെടുക്കാനാണ് ഗ്രഹങ്ങളുടെ സ്ഥാനം കൂടി ഇതിലെവിടെയൊക്കെ വരും എന്ന് നോക്കേണ്ടത്. ഭൂമി സൂര്യനു ചുറ്റും ഒരു പ്രദക്ഷിണം പൂർത്തിയാക്കാൻ 1 വർഷമല്ലേ എടുക്കുന്നത്? അതുപോലെ തിരിച്ച് ഭൂമിയെ പ്രപഞ്ചകേന്ദ്രമാക്കി നോക്കുമ്പോൾ സൂര്യൻ ഒരുവർഷം കൊണ്ട് രാശിചക്രം മൊത്തം കറങ്ങി വരുന്നു എന്ന് വരും. ഭൂമിയേക്കാൾ മന്ദമായാണ് ചില ഗ്രഹങ്ങൾ സൂര്യനെ ചുറ്റുന്നത്. ഈ കാഴ്ച ഭൂമിയെ കേന്ദ്രമാക്കി നോക്കുമ്പോൾ ഗ്രഹങ്ങളിൽ ചിലത് പന്ത്രണ്ടും ഇരുപതും കൊല്ലങ്ങൾക്കു മേൽ സമയമെടുത്ത് 'ഭൂമിയെ' ഒരാവർത്തി ചുറ്റുന്നു എന്ന് തോന്നിക്കുന്നു (ഈ ചുറ്റലുകളൊക്കെ 'നിശ്ചല'മായി നിൽക്കുന്ന നക്ഷത്രങ്ങളുടെ പശ്ചാത്തലത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് ഗണിക്കുന്നതെന്ന് മറക്കരുത്).

അപ്പോൾ സൂര്യന്റെ മാത്രമല്ല, ഗ്രഹങ്ങളുടെ സ്ഥാനം കൂടി ഗ്രഹനിലയിൽ കയറ്റിയാൽ പല വർഷങ്ങൾ കഴിയുമ്പോഴുള്ള തീയതികൾ കണക്കുകൂട്ടിയെടുക്കാൻ പറ്റും. ഉദാഹരണത്തിന് ഒരാൾ രാജാവായി അധികാരമേറ്റ നാളത്തെ ഗ്രഹനിലയെടുക്കുകയാണെന്ന് കരുതുക. അയാളുടെ ജന്മ ഗ്രഹനിലയനുസരിച്ച് ലഗ്നം കർക്കടകമാണെന്നും ശനി ഗ്രഹം മൂന്നാം ഭാവത്തിൽ (ലഗ്നരാശിമുതൽ clockwise ആയി എണ്ണുമ്പോൾ മൂന്നാമത്തെ കള്ളിയിൽ) ആണു നിന്നിരുന്നത് എന്ന് കരുതുക. അതായത് ആകാശത്ത് കന്നി നക്ഷത്ര രാശിയുടെ ഭാഗത്ത് ശനി ഗ്രഹം കാണപ്പെട്ടിരുന്നു എന്ന്. അയാൾ രാജാവായി സ്ഥാനമേൽക്കുമ്പോഴുള്ള ആകാശ ഗ്രഹനിലയിൽ ശനി നിൽക്കുന്നത് ചിങ്ങത്തിൽ ആണെന്ന് വയ്ക്കുക.[3] അപ്പോൾ ശനി കന്നിയിൽ തുടങ്ങി ചിങ്ങം വരെ ഒരു പ്രദക്ഷിണം ഗ്രഹനിലയിലൂടെ നടത്തി എന്ന് മനസ്സിലാക്കാം. അതായത് ശനി ഗ്രഹനിലയിൽ 11 രാശികൾ പിന്നിട്ടു. ശനിക്ക് ഒരു രാശി കടക്കാനുള്ള സമയം $2\frac{1}{2}$ കൊല്ലമാണെന്ന് പൂർവികർ നിരീക്ഷിച്ചിട്ടുള്ളതുവച്ച് കണക്കാക്കിയാൽ $11 \times 2\frac{1}{2} = 27\frac{1}{2}$. അതായത് രാജാവായി സ്ഥാനമേൽക്കുമ്പോൾ ആ ജാതകകാരന്റെ പ്രായം ഏതാണ്ട് 27 വയസ്സ് എന്ന് കണക്കാക്കാം. ഇങ്ങനെ പ്രായം മാത്രമല്ല, യുദ്ധം നടത്തുന്നതിന്, കൊട്ടാരം പണിയുന്നതിന്, വിവാഹത്തിൻ ഒക്കെ തീയതി കുറിക്കാൻ ഗ്രഹനില ഉപയോഗിക്കാം. കാലാവസ്ഥ മാത്രമല്ല, കൃത്യമായ ഇടവേളകളിൽ ആവർത്തിക്കുന്ന വെള്ളപ്പൊക്കങ്ങൾ, സൂര്യ/ചന്ദ്ര ഗ്രഹണം, ധൂമകേതു-വാൽനക്ഷത്രം ആദികളുടെ ആകാശദൃശ്യങ്ങൾ, വരൾച്ച തുടങ്ങി പലതും പ്രവചിക്കാൻ കാലഗണനാസമ്പ്രദായം സഹായിക്കുന്നു എന്ന് തിരിച്ചറിഞ്ഞതോടെ പ്രാചീന കച്ചവടക്കാരും കർഷകരും ഭരണതന്ത്രജ്ഞരുമൊക്കെ കൃഷിയിറക്കാനും വിളവെടുക്കാനും കപ്പൽ യാത്ര നിശ്ചയിക്കാനും രാഷ്ട്രീയസാമ്പത്തിക തീരുമാനങ്ങളെടുക്കാനുമൊക്കെ ഗ്രഹങ്ങളുടെ രാശിസ്ഥാനം ഉപയോഗപ്പെടുത്താനാരംഭിച്ചു.

1.3.4 രാശികളും ഗ്രഹങ്ങളും: മാറിവന്ന പ്രാചീന സങ്കൽപങ്ങൾ

ഇന്നത്തെ ജ്യോത്സ്യന്മാർ ഉപയോഗിക്കുന്ന രാശികളും ഗ്രഹങ്ങളും അവയുടെ 'സഞ്ചാര'ങ്ങളും പ്രാചീന സംസ്കാരങ്ങളിലെ സമൂഹങ്ങൾ വളരെ വ്യത്യസ്തമായ ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചിരുന്നത്. ഇതിന്റെ ഒരു സുന്ദരൻ ഉദാഹരണമാണ് നമ്മുടെ ഋഗ്വേദം. ആദിമ ഋഗ്വേദജനത കന്നുകാലികളെ മേയ്ക്കുന്ന സ്ഥിരമായ ഒരു ഗ്രാമ/പട്ടണ ആവാസവ്യവസ്ഥ ഇല്ലാത്ത ഒരു pastoral സമൂഹമായിരുന്നുവെന്ന് വൈദിക ഗ്രന്ഥങ്ങളിലെ സൂചനകളും ആർക്കിയോളജി ഖനനങ്ങളും സ്പഷ്ടമാക്കിയിട്ടുണ്ട്. ഋഗ്വേദത്തിലും ഇത് കാണാം. അവർ ആകാശമണ്ഡലത്തിലെ രാശികളെ ഉപയോഗിച്ചത് യാഗാദി അനുഷ്ഠാനങ്ങൾക്ക് മുഹൂർത്തം നിശ്ചയിക്കാനും ദിക്കറിയാനുമൊക്കെയാണ്. സൂര്യസഞ്ചാരത്തെ അടിസ്ഥാനമാക്കിയുള്ള ദിന-വർഷ കാലഗണനാരീതികളുടെ ആദ്യ രൂപങ്ങളും ഋഗ്വേദത്തിൽ കാണാം. പിൽക്കാലത്ത് ബാബിലോണിൽ നിന്ന് ഗ്രീസ് വഴി വന്ന് ഇന്ത്യയിൽ വേരോടിയ കാൽദിയൻ ജ്യോത്സ്യത്തിലെ പല രാശികളും ഋഗ്വേദത്തിലില്ല. രാശികളുമായി ബന്ധപ്പെട്ട വിശ്വാസങ്ങൾ നോക്കിയാലും ഋഗ്വേദത്തിലേതും ഇന്ന് പ്രാബല്യത്തിലുള്ളവയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. സൂര്യനും ചന്ദ്രനുമല്ലാതെ മറ്റ് ഗ്രഹങ്ങളെ പറ്റി ഋഗ്വേദം പാടുന്നില്ല. അവയ്ക്ക് മനുഷ്യജീവിതങ്ങളെ സ്വാധീനിക്കാമെന്നുള്ള സൂചന പോലുമില്ല. ഗംഗാസമതലത്തിൽ വ്യാപിച്ച ഋഗ്വേദ ജനത കന്നുകാലി മേയ്ക്കൽ സമൂഹമെന്നതിൽ നിന്ന് കാർഷിക സമൂഹമായി മാറിയതോടെയാണ് നഗരവൽക്കരണവും വിഭവസംഭരണവും കേന്ദ്രീകൃത ഭരണവ്യവസ്ഥയുമൊക്കെ വന്നത്. ഈ മാറ്റം ജ്യോതിശ്ശാസ്ത്രത്തിന്റെ പ്രയോഗത്തിലും പ്രതിഫലിക്കുന്നു. അത് പിൽക്കാലത്ത് വന്ന യജുർവേദം, സാമം, അഥർവ്വം എന്നിവകളിൽ വളരെ വ്യക്തമായി കാണാം. ലഗധന്റെ വേദാംഗജ്യോതിഷത്തിൽ ഗ്രഹങ്ങൾക്ക് റോളില്ല. ക്രിസ്തുവിനു മുൻപുള്ള ഒന്നാം നൂറ്റാണ്ടിൽ ക്രോഡീകരിക്കപ്പെട്ട ടെക്സ്റ്റുകളിലാണ് ഭാരതത്തിൽ ഗ്രഹങ്ങൾ ദേവഭാവങ്ങളോടെ വന്നുതുടങ്ങുന്നത്. ഇന്ത്യൻ പുരാണ കഥകളിലെ പ്രധാനകഥാപാത്രങ്ങളാരും തന്നെ വിവാഹം കഴിക്കുന്നത് ഗ്രഹനിലകൾ വച്ചു ജാതകപ്പൊരുത്തം നോക്കിയിട്ടല്ല എന്നത് ശ്രദ്ധേയമായ വസ്തുതയാണ്. ശന്തനുവോ ദുഷ്യന്തനോ കുരുപാണ്ഡവന്മാരോ കൃഷ്ണനോ

[3] ഗ്രഹനിലയിൽ രാശികൾ എഴുതുന്നത് എങ്ങനെയെന്നതിനു ചിത്രം 1.3 (പേജ് 12) കാണുക

ശ്രീരാമനോ മറ്റ് ഭാഗവത/ഭാരത/രാമായണ കഥാപാത്രങ്ങളോ ഒന്നും ഇതിനൊരപവാദമല്ല (ചൊവ്വാദോഷം പോലെയുള്ള വിഡ്ഢി കാരണങ്ങൾ കാരണം 'ഇരുന്നു പോയ' പെണ്ണും ചെറുക്കനും പുരാണങ്ങളിൽ മഷിയിട്ടാൽ കാണില്ല!).

ഗ്രഹങ്ങൾ ആകാശത്ത് ഭൂമിയെ ചുറ്റുന്നു എന്ന സങ്കൽപം ബാബിലോൺ, ഗ്രീസ്, ഈജിപ്ത്, ഭാരതം എന്നിവിടങ്ങളിലെ പ്രാചീന നിരീക്ഷകർ അന്നത്തെ കാലത്തെ പരിമിതമായ സംവിധാനങ്ങളുപയോഗിച്ച് ഉണ്ടാക്കിയെടുത്തതാണ്. ഗ്രഹങ്ങൾക്ക് അവയുടെ എന്തെങ്കിലും പ്രത്യേകതകൾ കണ്ടിട്ട് കൊടുത്ത ഗുണവിശേഷങ്ങളാണ് പിൽക്കാലത്ത് അവയെ ദേവന്മാരും ദേവികളും ആക്കിയതും ഒടുവിൽ ഭൂത-ഭാവി-വർത്തമാനങ്ങൾ പ്രവചിക്കാൻ അതിലൂടെ പറ്റുമെന്ന സങ്കൽപത്തിന് അടിത്തറയിട്ടതും (അല്ലാതെ ഗോപാലകൃഷ്ണനെപ്പോലുള്ള 'ന്യൂ ഏജ്' വ്യാഖ്യാതാക്കൾ പറയുമ്പോലെ അവ ആകാശത്തെ പോയിന്റുകൾ ഒന്നും അല്ല). ഉദാഹരണത്തിനു നമ്മൾ പ്രശ്നകാരികൾ എന്നു പറയുന്ന ചൊവ്വ, ശനി തുടങ്ങിയ പല ഗ്രഹങ്ങൾക്കും തത്തുല്യമായ ഇന്ത്യൻ സങ്കൽപങ്ങളുണ്ടായിരുന്നില്ല വേദകാലത്തെ പുരാണങ്ങളിലൊന്നും. ഇന്ന് ഇന്ത്യയിൽ കാണുന്ന കുജനും (ചൊവ്വ) ശനീശ്വര സങ്കൽപവും മെസൊപ്പൊട്ടേമിയൻ സങ്കൽപത്തിൽ നിന്ന് ഗ്രീക്കുകാർ വഴി കിട്ടിയ അറിവുകളിലൂടെ വളർന്നതാണ്. ചൊവ്വാ ഗ്രഹം ചുവന്നിരിക്കുന്നതു കൊണ്ട് ബാബിലോണിയക്കാർ അതിനെ യുദ്ധദേവനാക്കി, പരാക്രമിയാക്കി, അതുതന്നെ ഗ്രീക്കുകാരും പിന്തുടർന്നു. അതേ വിശ്വാസത്തിന്റെ ഒരു വകഭേദമാണ് നമ്മളും പിന്തുടരുന്നത്. ശനി മന്ദൻ ആണെന്ന സങ്കൽപം വന്നത് ശനിയാണ് ഭൂമിയിൽ നിന്ന് നോക്കുമ്പോൾ ഭൂമിയെ പ്രദക്ഷിണം വയ്ക്കുന്നതിന് ഏറ്റവും സമയമെടുക്കുന്നത് ($29\frac{1}{2}$ വർഷം) എന്നതു കൊണ്ടാണ്. വ്യാഴൻ എന്നത് ബാബിലോണിയൻ പുരാണങ്ങളനുസരിച്ച് പ്രപഞ്ചസ്രഷ്ടാവും പിൽക്കാലത്ത് നഗരപാലകനുമായി ആരാധിക്കപ്പെട്ട മർദൂക് എന്ന ദൈവമാണ്. ഈ വ്യാഴൻ അതിന്റെ വലുപ്പം മൂലം ഗ്രഹങ്ങളുടെ ഗണനായകനായ ബൃഹസ്പതിയായി നമുക്ക്. ദേവഗുരുവും കൂടിയായ ബൃഹസ്പതിയായതു കൊണ്ടാണ് വ്യാഴത്തിനു നമ്മൾ വിദ്യാകാരകത്വം കൊടുത്തതും. ചൈനീസ് ജ്യോതിഷത്തിൽ നമ്മുടെ നക്ഷത്രരാശിക ഉല്ല ഉപയോഗിക്കുന്നത്. അവർക്ക് വർഷങ്ങളെയാകെ ചാക്രിക ആവർത്തനങ്ങളായി കാണുന്ന പാമ്പിന്റെ വർഷം, പന്നിയുടെ വർഷം, എലിയുടെ വർഷം, കുതിരയുടെ വർഷം എന്നൊക്കെയുള്ള രാശി സങ്കൽപങ്ങളാണ്. ഇതിനൊപ്പം പഞ്ചഭൂത സിദ്ധാന്തം, യിൻ-യാങ് സങ്കൽപം ഒക്കെ അവർ ചേർക്കുന്നു.

1.3.5 ജ്യോതിഷത്തിലെ 'ജ്യോതിശ്ശാസ്ത്രം'

സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളടക്കം എല്ലാം ഭൂമിക്ക് ചുറ്റും തിരിയുകയാണ് എന്ന പൊട്ടത്തെറ്റായ അടിസ്ഥാന ആശയത്തിലാണ് സകലമാന ജ്യോതിഷ ഗണിതത്തിന്റെയും അവയുടെ വ്യാഖ്യാനങ്ങളുടെയും ആണിക്കല്ലിരിക്കുന്നത് എന്ന് നാം കണ്ടു. താരഗ്രഹങ്ങളെയോ സൂര്യ ചന്ദ്രന്മാരെയോ നക്ഷത്രങ്ങളെയോ ഗോളങ്ങളായി പരിഗണിക്കാതിരുന്നതിലൂടെ പ്രാചീന വാനനിരീക്ഷണത്തിലെ ഒത്തിരി അബദ്ധധാരണകൾ ജ്യോതിഷത്തിൽ കയറിക്കൂടിയിട്ടുണ്ട്. രാശികളായി വർഗ്ഗീകരിച്ചുവച്ചിരിക്കുന്ന നക്ഷത്ര സമൂഹങ്ങളിലെ (constellations) നക്ഷത്രങ്ങൾ തമ്മിൽ യഥാർത്ഥത്തിൽ ലക്ഷക്കണക്കിനോ കോടിക്കണക്കിനോ കിലോമീറ്ററുകൾ അകലമുണ്ട് എന്ന വിവരവും, സൂര്യ ചന്ദ്രന്മാരും താരഗ്രഹങ്ങളും ഈ നക്ഷത്ര രാശികളുടെ ഒരു നക്ഷത്രത്തിന്റെ പോലും ഏഴയലത്തുകൂടെ പോകുന്നില്ല എന്നതും പൂർവികർക്ക് അറിയുമായിരുന്നില്ല; ഇതുമൂലമുള്ള അബദ്ധങ്ങളും ധാരാളം. സൂര്യഗ്രഹണ സമയത്ത് ചന്ദ്രൻ സൂര്യനെ താൽക്കാലികമായി മറയ്ക്കുന്നതാണെന്ന അറിവില്ലാതിരുന്ന കാലത്ത് വികസിച്ചുവന്ന സങ്കൽപമാണ് രാഹു-കേതു ഗ്രഹങ്ങളുടേത്. ഗ്രഹണസമയത്തല്ലാതെ ഇവയെ കാണാനാവില്ല എന്ന് ധരിച്ച് 'തമോഗ്രഹങ്ങൾ' എന്നും പ്രാചീന ജ്യോതിശ്ശാസ്ത്രകാരന്മാർ ഇവയെ വിളിച്ചു. അമൃതു വിഴുങ്ങിയ അസുരന്റെ വേർപെട്ട ഉടൽ സർപ്പരൂപം പൂണ്ട് സൂര്യനെ വിഴുങ്ങുന്നതാണെന്ന ധാരണയിൽ നിന്നാണ് ആകാശത്തിലെ 'സർപ്പ വിഷം' ഭൂമിയിലെ ഭക്ഷണത്തിലും ജലസ്രോതസ്സുകളിലും വീഴുമെന്നുള്ള ഭയങ്ങൾ ഉയിർക്കൊണ്ടത്. ഈ ധാരണ ഇന്ത്യയിൽ മാത്രമല്ല, പ്രാചീനലോകത്താകമാനം ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ നിലനിന്നിരുന്നു എന്ന് മറ്റ് സംസ്കാരങ്ങളിലെ സമാനമായ കഥകൾ (ഉദാ: ചൈനക്കാരുടെ വ്യാളീസങ്കൽപം) സൂചിപ്പിക്കുന്നു. ചാന്ദ്രപ്രകാശമെന്നത് സൂര്യന്റെ വെളിച്ചം പ്രതിഫലിപ്പിക്കുന്നതിലൂടെയുണ്ടാവുന്നതാണെന്നും ഇതോടൊപ്പം ചന്ദ്രന്റെ ഗോളാകൃതിയും, സഞ്ചാരവും ചേർന്നാണ് ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ ഉണ്ടാകുന്നതെന്നും പുരാതനസമൂഹങ്ങൾക്കറിവില്ലായിരുന്നു. ചന്ദ്രപഥത്തെ അടിസ്ഥാനമാക്കി ചാന്ദ്രമാസങ്ങളും ഞാറ്റുവേലയും നിർമ്മിച്ച് ദിവസങ്ങളെ ഗണിച്ചവർ തന്നെ ഈ അറിവില്ലായ്മ മൂലം ചന്ദ്രനിൽ പിൽക്കാലത്ത് ദേവത്വവും അനുബന്ധ കഥകളുമാരോപിച്ച് 'ബലവർധനവും ബലക്ഷയവും' ഒക്കെ ഉണ്ടാക്കിയെടുത്തു.

ഭൂമിയെച്ചുറ്റിയാണ് ഗ്രഹങ്ങളും സൂര്യനുമെല്ലാം കറങ്ങുന്നത് എന്ന ആശയം വഴിവയ്ക്കുന്ന അനുബന്ധ വിഡ്ഢിത്തങ്ങൾ അനവധിയാണ്. ഗ്രഹങ്ങളുടെ പിന്നാക്കനടത്തം/വക്രഗതി (Retrograde motion) എന്ന പ്രതിഭാസം ഇതിലൊന്നാണ്. ഭൂമിയുടെ വേഗത്തിനോടടുത്ത്, എന്നാൽ ഭൂമിയേക്കാൾ അൽപം പതുക്കെ സൂര്യനെ ചുറ്റുന്നവയാണ് ചില ഗ്രഹങ്ങൾ (ഉദാ: ചൊവ്വ). അതുകൊണ്ടുതന്നെ ഭൂമിയെ വലം വച്ചാണ് ഇവയെല്ലാം ചുറ്റുന്നത് എന്ന ധാരണയിൽ നോക്കുമ്പോൾ വർഷത്തിൽ കുറേ നാൾ ഇത്തരം ഗ്രഹങ്ങൾ (ഭൂമിയുടെ ഒപ്പമോ മുൻപിലോ ആകുന്ന സമയത്ത്) 'രാശി'കളിലെ സ്വസ്ഥാനത്തിലൂടെ മുന്നോട്ടും പിന്നീട് കുറേനാൾ (ഭൂമിക്ക് പിന്നിലാകുന്ന സമയത്ത്) രാശികളിലൂടെ പിന്നോട്ടും 'നടക്കുന്ന'തായി കാണാം. സൂര്യനെ കേന്ദ്രമാക്കിയുള്ള സൗരയൂഥവീക്ഷണം ഇല്ലാതിരുന്ന കാലത്ത് ഇത് ഗ്രഹങ്ങൾ 'സ്വേച്ഛാപ്രകാരം' ചെയ്യുന്നതാണ് എന്നാണ് ധരിച്ചിരുന്നത്. സ്വാഭാവികമായും അതിനെ ചുറ്റിപ്പറ്റിയും വിഡ്ഢിവിശ്വാസങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്.

താരഗ്രഹങ്ങൾ ഒരേ സ്ഥലത്തു രണ്ട് സമയങ്ങളിൽ വരുമ്പോഴുള്ള ബല-ബലക്ഷയങ്ങൾ, ഗ്രഹ മൗഢ്യം എന്ന കൺസെപ്റ്റ്,



ചിത്രം 1.4: ചൊവ്വയുടെ വക്രഗതി

ഗ്രഹങ്ങളുടെ 'ദോലന' ചലനം എന്ന കൺസെപ്റ്റ് എന്നിങ്ങനെ ഇന്നത്തെ ആസ്ട്രോണമിക്കൽ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ തെറ്റെന്ന് കണ്ടെത്തിയ നൂറുകണക്കിന് ആശയങ്ങളെ അങ്ങനേ തന്നെ ചുമന്ന് നടക്കുകയാണ് ഇന്നും ജ്യോതിഷം. ഏറ്റവും വലിയ തമാശയെന്തെന്നാൽ, ജ്യോതിശ്ശാസ്ത്രത്തിന്റെ മുക്കും മൂലയും സ്വീകരിച്ച് ഫലപ്രവചനവും നിമിത്തം നോക്കലുമൊക്കെയായി അന്ധകാരത്തിന്റെ പടുകുഴിയിൽ ജ്യോതിഷമെന്ന ശാഖ വീണപ്പോഴും ജ്യോതിശ്ശാസ്ത്രം മറുവശത്ത് കൂടുതൽ കൃത്യതയുള്ള നിരീക്ഷണോപാധികളെയും യന്ത്രങ്ങളെയും സ്വീകരിച്ച് വികസിക്കുകയായിരുന്നു എന്നതാണ്.

ഉദാഹരണത്തിനു ഭൂമിക്കു ചുറ്റുമാണ് ഗ്രഹങ്ങളും സൂര്യനുമൊക്കെ സഞ്ചരിക്കുന്നത് എന്ന സങ്കൽപത്തിൽ ചെറിയൊരു മാറ്റം - അതായത് ഭൂമിക്ക് ചുറ്റും കറങ്ങുന്നതിനൊപ്പം ഗ്രഹങ്ങൾ ആ ഭ്രമണപഥത്തിൽ തന്നെ മറ്റൊരു ഒരു ചെറിയ വൃത്തത്തിൽ (epicircles) കറങ്ങുന്നുവെന്ന് സങ്കൽപിച്ചാൽ - ഗ്രഹങ്ങളുടെ വക്രഗതി (Retrograde motion) എന്ന കുഴയ്ക്കുന്ന പ്രതിഭാസത്തിനു അൽപം കൂടി യുക്തിയുള്ള ഒരു വിശദീകരണം കിട്ടും എന്ന് മനസ്സിലാക്കി ഗ്രീസിലെ ടോളമിയും (ഏ.ഡി 90-168) പിൽക്കാല ജ്യോതിശ്ശാസ്ത്രജ്ഞരുമൊക്കെ അതനുസരിച്ചുള്ള സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുകയുണ്ടായി. ഈ സിദ്ധാന്തമൊക്കെ മാറി, ഭൂമിയല്ല സൂര്യനാണ് ഗ്രഹപരിക്രമണങ്ങളുടെ കേന്ദ്രം എന്നു കണ്ടത്തിയപ്പോഴാണ് വക്രഗതി പ്രതിഭാസത്തിന് ഒരു കൃത്യമായ വിശദീകരണം കിട്ടിയത്. മറ്റൊരുദാഹരണമാണ് ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ ജ്യോതിഷവും ജ്യോതിശ്ശാസ്ത്രവും കണ്ട രീതി. ജ്യോത്സ്യം കറുത്തപക്ഷ ചന്ദ്രനെ ദുർബലനും 'പാപി'യുമായൊക്കെ കണ്ട് പുരാണ കഥകളിൽ നിന്ന് അന്ധവിശ്വാസങ്ങളെ മെനഞ്ഞപ്പോൾ ഏ.ഡി അഞ്ചാം നൂറ്റാണ്ടിലെ ആര്യഭടനെപ്പോലുള്ളവർ ജ്യോതിശ്ശാസ്ത്രത്തിൽ ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളുടെ ശരിയായകാരണം അത് ഭൂമിയുടെ നിഴലിലാവുന്നതാണ് എന്നൊക്കെ കണ്ടെത്തി മുന്നേറുകയായിരുന്നു.

ഇവിടെ ഒരു കാര്യം കൂടി സൂചിപ്പിക്കണം: ഭാരതീയ ജ്യോതിഷ സങ്കൽപങ്ങളെ പലതിനെയും ഇടിച്ചു നിരത്തിയ ആര്യഭടന് (ഏ.ഡി 5-ആം നൂറ്റാണ്ട്) ചില്ലറ എതിർപ്പുകളല്ല നേരിടേണ്ടി വന്നത്. ഗ്രഹങ്ങളുടേത് സ്വന്തമായ പ്രകാശമല്ല, അത് സൂര്യവെളിച്ചത്തിന്റെ പ്രതിഫലനം ആണ് എന്ന ആശയം മുന്നോട്ടു വച്ച ആര്യഭടൻ ഗ്രഹങ്ങളുടെ ദൈവികതയെയാണ് ഒരർത്ഥത്തിൽ ചോദ്യം ചെയ്തത്. ഭൂമിയുടെ സ്വയംഭ്രമണം കൊണ്ടാണ് ഗ്രഹങ്ങളും നക്ഷത്രങ്ങളും ആകാശത്തിന്റെ ഒരു കോണിലുദിച്ച് മറുകോണിൽ അസ്തമിക്കുന്നതായി കാണപ്പെടുന്നത് എന്ന് പറഞ്ഞ ആര്യഭടനെ പിന്നീട് വന്ന, ഭാരതം കണ്ട ഏറ്റവും വലിയ ഗണിതജ്ഞനെന്ന് പുകഴ്പെറ്റ, ബ്രഹ്മഗുപ്തൻ (ഏ.ഡി 6-ആം നൂറ്റാണ്ട്) നിശിതമായി ആക്രമിക്കുന്നുണ്ട്. ഭൂമി ഭ്രമണം ചെയ്യുകയാണെങ്കിൽ വീടുകളും ആളുകളും തലകീഴായി മറിഞ്ഞ് പോകില്ലേ എന്നൊക്കെയാണ് 'ബ്രാഹ്മസ്ഫുട സിദ്ധാന്ത'ത്തിൽ ബ്രഹ്മഗുപ്തന്റെ ചോദ്യം![4] ഇതേ ബ്രഹ്മഗുപ്തൻ തന്നെ രാഹു-കേതുക്കളാണ് ഗ്രഹണമുണ്ടാക്കുന്നത്, അല്ലാതെ ആര്യഭടനും മറ്റും പറയുമ്പോലെ അത് നിഴലുകളുടെ കളി അല്ല എന്ന് ഉറപ്പിക്കുന്നുണ്ട്. ഇതിനു ബ്രഹ്മഗുപ്തൻ റെഫറൻസായി പറയുന്നത് വേദങ്ങളെയും സ്മൃതികളേയും ഗാർഗ്ഗ സംഹിതയേയുമൊക്കെയാണ്.

ഇങ്ങനെയൊക്കെയായിട്ടും ആര്യഭടന്റെ ആശയങ്ങൾക്ക് പരിപൂർണ തമസ്കരണം സംഭവിക്കാതിരുന്നത് ഭാസ്കരൻ ഒന്നാമൻ, മാധവൻ, നീലകണ്ഠസോമയാജി തുടങ്ങിയവരെപ്പോലുള്ള അനുവാചകർ ആര്യഭട സിദ്ധാന്തങ്ങൾക്കുണ്ടായി എന്ന

[4] അനുബന്ധത്തിലെ ***ഭൂമി ഒരു ആംഗുലർ മിനിറ്റ് തിരിയാൻ എടുക്കുന്ന സമയം*** (§4.4.2, പേജ് 53) എന്ന ഖണ്ഡം കാണുക.



ചിത്രം 1.5: ടോളമിയുടെ epicycle സിദ്ധാന്തം

തുകൊണ്ടാവാം എന്ന് ചരിത്രകാരന്മാർ പറയുന്നു. ആര്യഭടൻ തള്ളിപ്പറഞ്ഞ ഒരു ചീഞ്ഞ സമ്പ്രദായത്തെയാണ് ഡോ. ഗോപാലകൃഷ്ണൻ അതേ ആര്യഭടന്റെ തന്നെ ശാസ്ത്രീയബുദ്ധിയുടെ ചെലവിൽ നമ്മുടെ തൊണ്ടയിലേക്ക് തള്ളാൻ ശ്രമിക്കുന്നത് എന്നത് വല്ലാത്തൊരു വൈപരീത്യം തന്നെ!!

1.4 ഗോപാലകൃഷ്ണന്റെ ജ്യോതിഷത്തിൽ ഗ്രഹങ്ങൾ പ്ലാനെറ്റുകളല്ലത്രേ!

ജ്യോതിഷവും(astrology), ജ്യോതിശ്ശാസ്ത്രവും(astronomy) തമ്മിൽ ചില കണക്കുകൂട്ടലുകൾ പൊതുവായി ഉണ്ട് എന്ന തിനപ്പുറം യാതൊരു ബന്ധവും ഇല്ല എന്ന് നാം മുകളിൽ കണ്ടു. എന്നാൽ ഇവ തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു സ്ഥാപിച്ചെടുക്കുക വഴി ജ്യോതിശ്ശാസ്ത്രത്തിനുള്ള ശാസ്ത്രീയതയും കൃത്യതയും ജോതിഷത്തിനുണ്ട് എന്ന് വാദിക്കുന്നത് ജ്യോത്സ്യത്തെ ന്യായീകരിക്കുന്നവരുടെ സ്ഥിരം താർക്കിക തന്ത്രമാണ്. സ്വയം ഒരു ശാസ്ത്രജ്ഞനാണെന്ന് അവകാശപ്പെടുന്ന ശ്രീമാൻ ഗോപാലകൃഷ്ണനു പക്ഷേ ഈ തന്ത്രം എളുപ്പം പൊളിയുന്നതാണെന്ന് അറിയാം. കാരണം താരാഗ്രഹങ്ങളായി (പ്ലാനെറ്റുകൾ) ആധുനിക ശാസ്ത്രം കണക്കാക്കുന്ന പലതിനെപ്പറ്റിയുമുള്ള അസംബന്ധപൂർണമായ വിശ്വാസങ്ങളുടെ പുറത്താണ് ജ്യോത്സ്യം വികസിച്ചത്. അതുകൊണ്ടുതന്നെ ജ്യോതിശ്ശാസ്ത്രത്തിലെ നക്ഷത്രങ്ങളെയോ ഗ്രഹങ്ങളെയോ ഒന്നുമല്ല ജ്യോത്സ്യത്തിലെ 'ഗ്രഹ'ങ്ങളും 'ഗ്രഹനില'കളും അർത്ഥമാക്കുന്നത് എന്ന് ഉറപ്പിച്ച് പറയുക വഴി താരാഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും പറ്റിയുള്ള പ്രാചീനമായ അന്ധവിശ്വാസങ്ങളുടെ ഉൽപന്നമാണ് ജ്യോത്സ്യം എന്ന ആരോപണത്തിൽ നിന്ന് ഒഴിഞ്ഞ് മാറുന്ന വിദ്യയാണ് ഗോപാലകൃഷ്ണൻ കാണിക്കുന്നത്.

ഇവിടെ ശ്രീമാൻ ഗോപാലകൃഷ്ണൻ പ്രസംഗമധ്യേ പറയുന്ന ഒരു വാചകം ശ്രദ്ധിക്കണം:

> *ഗ്രഹമെന്ന വാക്കു കൊടുക്കുകയും ചെയ്തു, പ്ലാനെറ്റ് എന്ന് ട്രാൻസലേറ്റ് ചെയ്യുകയും ചെയ്തുവെങ്കിൽ അവിടെ ബ്ലോക്ക് ആയി, ജ്യോതിഷത്തിന്റെ എല്ലാ എക്സ്പ്ലനേഷനുകളും.*

രണ്ടാം ഭാവത്തിലോ മൂന്നാം ഭാവത്തിലോ ആറാം ഭാവത്തിലോ ചൊവ്വ ഉണ്ട് എന്ന് ജ്യോതിഷം പറയുമ്പോൾ അത് ചൊവ്വ എന്ന പ്ലാനെറ്റിന്റെ സ്വാധീനം (influence എന്ന് ഗോപാലകൃഷ്ണൻ) ആ ജാതകകാരനിൽ ഉണ്ട് എന്നല്ല അർത്ഥം, മറിച്ച് ജ്യോതിഷത്തിലെ ഗ്രഹമെന്നാൽ

> *what is influencing you, what is holding you, that which has a bearing upon your day to day life*

എന്നാണ് അർത്ഥമാക്കുന്നതത്രേ. ജ്യോതിഷത്തിലെ ഗ്രഹങ്ങൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ആകാശത്തിലെ പ്ലാനെറ്റുകളെയോ നക്ഷത്രങ്ങളെയോ ഒക്കെയാണ് എന്ന് സമ്മതിച്ചാൽ മൂന്ന് സുപ്രധാന ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടിവരും:



ചിത്രം 1.6: രാഹുവും കേതുവും

1. സൂര്യനെയും ചന്ദ്രനെയുമൊക്കെ ഗ്രഹങ്ങളായിക്കാണുകയും രാഹു, കേതു എന്നീ ഗ്രഹങ്ങൾ ഉണ്ടെന്നുപറയുകയും ചെയ്യുന്ന ജ്യോതിഷ സമ്പ്രദായം തെറ്റല്ലേ?

2. എന്തുതരം സ്വാധീനം ആണ് ആ ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും മനുഷ്യന്റെയും ജന്തുക്കളുടെയും ജീവിതത്തിലും ചെലുത്താനാവുക?

3. ജീവിതത്തിൽ ഗ്രഹങ്ങൾ ചെലുത്തുന്നു എന്ന് പറയുന്ന ആ 'സ്വാധീനങ്ങളെ' ഭൗതികമായി അളന്ന് രേഖപ്പെടുത്താനാവുമോ?

ഇത്തരം ചോദ്യങ്ങളെ പ്രതിരോധിക്കാൻ ബുദ്ധിമുട്ടും എന്നറിയാവുന്നതുകൊണ്ടാവാം, സാങ്കേതികമായെങ്കിലും ശാസ്ത്രജ്ഞൻ എന്നറിയപ്പെടുന്ന ഗോപാലകൃഷ്ണനെപ്പോലൊരാൾ ജ്യോത്സ്യത്തിൽ പറയുന്ന ഗ്രഹവും താരാഗ്രഹവും(planets) ഒന്നല്ല എന്ന് അടിച്ചുവിടുന്നത്.

ഡോ. ഗോപാലകൃഷ്ണൻ PhD, D.Lit ഇവിടെ നേരിടുന്ന സന്ദിഗ്ധത ചെറുതല്ല. ഒരു വശത്ത് പ്ലാനെറ്റുകളല്ല ജ്യോത്സ്യത്തിലെ ഗ്രഹങ്ങൾ എന്ന് വാദിച്ചു നിർത്തണം. മറുവശത്ത് ഭൂമിയെ ആധാരമാക്കിയുള്ള പ്ലാനെറ്റുകളുടെയും നക്ഷത്രങ്ങളുടെയും സ്ഥാനനിർണയവും മറ്റും നടത്തുന്ന ജ്യോതിശ്ശാസ്ത്രത്തെ ജ്യോതിഷവുമായി കൂട്ടിക്കെട്ടുകയും വേണം. വാചകങ്ങൾ കൊണ്ടുള്ള ഈ ട്രപ്പീസുകളി പൊളിയുന്നത് അവിടെയാണ്. ജ്യോതിഷത്തിലെ ഗ്രഹമെന്നാൽ പ്ലാനെറ്റല്ല എന്നും "that which has a bearing upon you" ആണെന്നും പറയുന്ന ഗോപാലകൃഷ്ണൻ ആ 'that' എന്താണെന്ന് നിർവചിക്കുന്നേയില്ല!

അടുത്ത ഗുസ്തി രാഹു/കേതു ദ്വയത്തെ വച്ചുകൊണ്ടാണ്. ഭൂമിക്കു ചുറ്റും സൂര്യചന്ദ്രന്മാർ പരിക്രമണം (revolve) ചെയ്യുകയാണെന്ന സങ്കൽപത്തിൽ നിന്നാണ് ഈ നോഡുകൾ (lunar nodes) ഉണ്ടാകുന്നത്. അതിൽ സൂര്യന്റെ സാങ്കൽപിക 'പരിക്രമണപഥ'ത്തെ ചാന്ദ്രപഥം മുറിച്ചുകടക്കുന്ന ഉത്തരവും ദക്ഷിണവുമായ പോയിന്റുകൾക്കാണ് രാഹുവെന്നും കേതുവെന്നും യഥാക്രമം പേര്. അതായത് തികച്ചും സാങ്കൽപികമായ രണ്ട് ദീർഘവൃത്ത രേഖകൾ തങ്ങളിൽ കുറുകേ കടക്കുന്ന ബിന്ദുക്കൾ. ചന്ദ്രൻ ആ പോയിന്റുകളിൽ വരുമ്പോഴാണ് ഗ്രഹണം നടക്കുന്നത് എന്ന കാരണം കൊണ്ട് അവയെ രണ്ട് 'പ്ലാനെറ്റുകളാ'യി കാണുകയും അതിന്മേൽ പുരാണകഥകളുടെയും വിശ്വാസങ്ങളുടെയും കടുംനിറങ്ങൾ തേച്ച് ദിവ്യത്വം നൽകി പർവതീകരിക്കുകയും ചെയ്ത ജ്യോതിഷത്തിന്റെ തരികിട ഇടപാട് ഇവിടെ ഗോപാലകൃഷ്ണൻ മറച്ചുപിടിക്കുന്നു. പകരം രണ്ട് plane-ലുള്ള സൂര്യന്റെ പരിക്രമണപഥവും ചാന്ദ്രപഥവും തമ്മിലുള്ള intersectionനെപ്പറ്റിയും അവയ്ക്കിടയിലെ ആംഗിളിനെപ്പറ്റിയും ആ പോയിന്റിന്റെ കൃത്യമായ കാൽക്കുലേഷനെപ്പറ്റിയുമൊക്കെ വാചാലനാവുന്നു, ഇതൊക്കെ പണ്ടേ ആളുകൾക്കറിയാമായിരുന്നുവെന്ന മട്ടിൽ. ഈ ആംഗിളും നോഡുകളുടെ സ്ഥാനങ്ങളുമൊക്കെ സൂര്യ-ചന്ദ്ര ഗ്രഹണങ്ങളുമായി ബന്ധപ്പെട്ട ജ്യോതിഷ അന്ധവിശ്വാസങ്ങൾ ഉറച്ച് നൂറ്റാണ്ടുകൾക്ക് ശേഷം വന്ന കണക്കുകൂട്ടലുകളാണ് എന്ന ചരിത്രവസ്തുത സൗകര്യപൂർവ്വം ഡോ. ഗോപാലകൃഷ്ണൻ വിഴുങ്ങുന്നു. അല്ലെങ്കിലും ചരിത്രത്തെ വളച്ചൊടിച്ച്, ക്രിസ്തുവർഷം അഞ്ചാം നൂറ്റാണ്ടിൽ പറഞ്ഞവയെ എടുത്ത് 2500 കൊല്ലം പുറകോട്ട് നീക്കിവച്ച് തഴമ്പ് തടവലാണല്ലോ[5] ആർഷഭാരതസംസ്കാര പ്രചാരകന്മാരുടെ പുത്തൻ യുദ്ധമുറ!!

ജ്യോത്സ്യത്തിലെ ഗ്രഹങ്ങൾ എന്നാൽ പ്ലാനെറ്റുകൾ അല്ലെന്നുള്ള ഗോപാലകൃഷ്ണന്റെ ഈ താർക്കിക യുക്തിവച്ചാണെങ്കിൽ അങ്ങ് ആകാശത്തും ശൂന്യാകാശത്തുമൊന്നും പോകണ്ട, നമുക്കു ചുറ്റിനുമുള്ള ഏത് സാങ്കൽപിക ബിന്ദു എടുത്താലും, മേശയും കസേരയും ടീവിയും അലമാരയും അടക്കം ഏത് വസ്തുവെടുത്താലും വേണമെങ്കിൽ അതിനൊക്കെ

[5] §2.3, പേജ് 29 കാണുക.

എന്തെങ്കിലും അതിഭൗതികത്വവും ദിവ്യത്വവും ആരോപിക്കാം, എന്നിട്ട് ആ പോയിന്റുകളെയോ വസ്തുക്കളെയോ ഗോപാല കൃഷ്ണൻ വാദിച്ചെടുക്കുമ്പോലെ "that which influences you" എന്ന് പറയാം. ചുരുങ്ങിയ പക്ഷം നമ്മുടെ മുറിയിലിരിക്കുന്ന ഘനവസ്തുക്കൾക്ക് നമ്മുടെ മേൽ ഗുരുത്വാകർഷണത്തിന്റെ 'സ്വാധീന'മെങ്കിലും ഉണ്ടെന്ന് സമാധാനിക്കാമല്ലോ!

ആകാശത്തിലുണ്ടെന്ന് സങ്കൽപിച്ചിരിക്കുന്ന രണ്ട് ബിന്ദുക്കളെവരെ 'ഗ്രഹ'മായി സ്വീകരിച്ച, ചന്ദ്രനും സൂര്യനുമൊക്കെ "that which influences you" ആയിരിക്കുന്ന, ഗോപാലകൃഷ്ണൻ സാറിന്റെ ജ്യോതിഷത്തിൽ പിന്നെന്തുകൊണ്ട് യുറേനസ്സും നെപ്റ്റ്യൂണും അനേകമനേകം ഉപഗ്രഹങ്ങളും ഇല്ലാതെ പോയി എന്ന ചോദ്യമുണ്ട് (ജ്യോതിശ്ശാസ്ത്രത്തിന്റെ വികാസ ചരിത്രമറിയാവുന്ന ഒരാൾക്ക് എളുപ്പം ഇതിനുത്തരം കിട്ടും). എന്തു മാനദണ്ഡത്തിലാണ് ഇന്നത് 'ഗ്രഹ'മാണെന്നും ഇന്നത് 'ഗ്രഹ'മല്ലെന്നും ജ്യോത്സ്യത്തിൽ എടുത്തിരിക്കുന്നത് എന്നതാണ് ഇവിടുത്തെ കാതലായ പ്രശ്നം. ഭൂമിയിൽ നിന്നുള്ള ഖഗോളങ്ങളുടെ സ്ഥാനനിർണയത്തിൽ ജ്യോതിശ്ശാസ്ത്രത്തിന്റെ ഗണിതക്രിയകൾ അത്യധികം 'ആക്കുറേറ്റ്' ആണെന്നും 'സയന്റിഫിക്' ആണെന്നുമൊക്കെ ആവർത്തിച്ചുകൊണ്ട് ജ്യോതിശ്ശാസ്ത്രത്തിന്റെ ഗണിതകൃത്യതയെ ജ്യോത്സ്യത്തിലേക്ക് ചേർത്തുകെട്ടുമ്പോഴും ഗോപാലകൃഷ്ണൻ ജ്യോത്സ്യത്തെ സംബന്ധിച്ച ഏറ്റവും കാതലായ ഈ വിഷയം സ്പർശിക്കുന്നില്ല.

1.5 കാലാവസ്ഥാപ്രവചനവും ജ്യോതിഷപ്രവചനങ്ങളും തമ്മിലെ താരതമ്യം

ഗോപാലകൃഷ്ണൻ ജ്യോതിഷത്തിന്റെ പ്രവചനങ്ങളെപ്പറ്റി പറഞ്ഞു തുടങ്ങുന്ന (യൂട്യൂബ് ക്ലിപ്-4, 02:00) ഭാഗത്ത് ജ്യോതിഷാനുകൂലികൾ സ്ഥിരം എടുക്കുന്ന ഡിഫൻസുകളെല്ലാം കേട്ടുതുടങ്ങുന്നു. ആദ്യം പറയുന്നു, ലോകത്ത് 100% ശരിയായിട്ടുള്ളതായി ഒന്നുമില്ല എന്ന്. അതിനുദാഹരണമായി തട്ടിവിടുന്നതും പറഞ്ഞുപറഞ്ഞ് വക്കു തേഞ്ഞ സംഗതിയാണ് - കാലാവസ്ഥാപ്രവചനത്തിന്റെ കൃത്യതയില്ലായ്മ. ജ്യോതിഷത്തിന്റെ കൃത്യത എത്രശതമാനമാണ് എന്നത് പറയാൻ ഗോപാലകൃഷ്ണൻ ഇവിടെ തയ്യാറാവുന്നില്ല, പകരം "ലോകത്ത് നൂറുശതമാനം കൃത്യതയുള്ള ഒന്നുമില്ല, അതുകൊണ്ട് ജ്യോതിഷപ്രവചനവും 100% കൃത്യമല്ല" എന്നതാണ് ഗോപാലകൃഷ്ണൻ എടുക്കുന്ന താർക്കിക യുക്തി. ഒരു സയന്റിസ്റ്റാണെന്ന് പറയുന്ന, ജേണൽ പബ്ലിക്കേഷനുകൾ ഒക്കെയുള്ള ഗോപാലകൃഷ്ണന് predictive valueകളെപ്പറ്റിയും സാങ്കേതികോപാധികളുടെ കൃത്യതയെപ്പറ്റിയുമൊക്കെ അറിവുണ്ടാകേണ്ടതാണ്. എന്നിട്ടാണ് ഈ കുയുക്തി വച്ച് ആളെ വടിയാക്കുന്നത്.

ഇവിടെയും ഒരു താർക്കിക തന്ത്രം ഒളിഞ്ഞിരുപ്പുണ്ട്. താൻ ശരിയെന്നോ ശാസ്ത്രീയമെന്നോ സ്ഥാപിക്കാൻ ശ്രമിക്കുന്ന ശാഖയുടെ മേന്മയെ അല്ല മറിച്ച് അതു സ്ഥാപിച്ചെടുക്കാൻ സമാനമായ ഒരു സങ്കേതമെന്ന് താൻ കരുതുന്ന മറ്റൊരു ശാഖയുടെ കുറവിനെ ആണ് ഗോപാലകൃഷ്ണൻ കൂട്ടുപിടിക്കുന്നത്. ജ്യോത്സ്യത്തിന്റെ പ്രവചനക്ഷമതയെപ്പറ്റിയോ ഫലങ്ങളുടെ കൃത്യതയെ പറ്റിയോ അല്ല, ഏതാണ്ട് അതുപോലൊക്കെയാണ് എന്ന് ഗോപാലകൃഷ്ണൻ ധരിച്ചുവച്ചിരിക്കുന്ന കാലാവസ്ഥാപ്രവചനരീതിയുടെ (meteorology) കുറ്റവും കുറവുകളുമാണ് തന്റെ ഭാഗം ന്യായീകരിക്കാൻ അദ്ദേഹം എടുക്കുന്നത്.

ശാസ്ത്രത്തിൽ ഒരു തിയറി ശരിയോ തെറ്റോ എന്നറിയുന്നതിനുള്ള സർവ്വസാധാരണയായ മാർഗം ആ തിയറിയിൽ നിന്ന് പ്രവചനങ്ങൾ ഉണ്ടാക്കുകയും അത് യഥാർത്ഥ ലോകത്ത് സംഭവിക്കുന്നതെങ്ങനെയാണ് എന്ന് നിരീക്ഷിക്കുകയും ആണ്. ഐൻസ്റ്റൈന്റെ $E = mc^2$ ആയാലും ന്യൂട്ടന്റെ $G\frac{Mm}{r^2}$ ആയാലും ഇതുതന്നെയാണ് ശാസ്ത്രത്തിന്റെ രീതിശാസ്ത്രം (മെഥഡോളജി). ഒരു 'പ്രവചന'ത്തിന് എത്രത്തോളം കൂടുതൽ parameter-കളെയും initial condition -കളെയും ആശ്രയിക്കേണ്ടിവരുന്നോ ആ പ്രവചനത്തിന്റെ കൃത്യത അത്ര കണ്ട് കുറയാൻ സാധ്യതയുണ്ട്. ഇതിന്റെ മികച്ച ഉദാഹരണമാണ് കാലാവസ്ഥാപ്രവചനം. അന്തരീക്ഷത്തിലെ ഊഷ്മാവ്, ബാഷ്പ അളവ്, കാറ്റിന്റെ ഗതിവേഗം, അനുനിമിഷം വ്യതിയാനപ്പെടുന്ന മർദ്ദം, താപം എന്നിങ്ങനെ ആയിരക്കണക്കിനു parameter-കൾ പ്രവചനത്തെ സ്വാധീനിക്കുമ്പോൾ കാലാവസ്ഥാപ്രവചനമെന്നത് ദുഷ്കരവും കൃത്യത കുറഞ്ഞതുമായി മാറുന്നു. പക്ഷേ ഇവിടെ വേറൊരു കാര്യം ശ്രദ്ധിക്കണം. കാലാവസ്ഥയുടെ കാര്യത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവചനങ്ങളാണ് കൃത്യത കുറഞ്ഞത്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ളവ - ഉദാഹരണത്തിന് ഒരു മാസത്തെയോ ഒരാഴ്ചത്തെയോ ഒരു ദിവസത്തെയോ ഒക്കെ പ്രവചനങ്ങൾ 6 മാസത്തെയോ ഒരു വർഷത്തെയോ പ്രവചനങ്ങളേക്കാളൊക്കെ - വളരെ കൃത്യതയാർന്നതാണ്. എന്നുമാത്രമല്ല, ഓരോ രാജ്യത്തെയും കാലാവസ്ഥാനിരീക്ഷണ സാങ്കേതികതയുടെ മേന്മയനുസരിച്ച് പ്രവചനങ്ങളുടെ കൃത്യത വ്യത്യാസപ്പെടുന്നുണ്ട്; ഉദാഹരണത്തിന് ഇന്ത്യയിലേതിനേക്കാൾ വളരെ മെച്ചപ്പെട്ടതാണ് പാശ്ചാത്യരാജ്യങ്ങളിലെ കാലാവസ്ഥാപ്രവചനങ്ങൾ. ആധുനിക മീറ്റിയറോളജി കൂടുതൽ കൃത്യമായ ഉപകരണങ്ങളും ഗണിതവും ഭൗമാന്തരീക്ഷത്തിന്റെ ചെറുവ്യതിയാനങ്ങളെപ്പോലും സിമുലേറ്റ് ചെയ്യുന്ന കയോസ് സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നതിൽ നിന്നുമാണ് ഈ കൃത്യതയുണ്ടാവുന്നത്. ഗോപാലകൃഷ്ണൻ തന്റെ പ്രസംഗമദ്ധ്യേ പരിഹസിക്കുന്ന തരത്തിലുള്ള 'കറക്കിക്കുത്ത്' കാലാവസ്ഥാപ്രവചനമെന്നത് കാർട്ടൂണുകളിലോ ടെലിസ്കിറ്റുകളിലോ മാത്രം കാണുന്ന ഒന്നായിട്ട് കാലം കുറേയായി. ഗോപാലകൃഷ്ണനു നേരം വെളുത്തിട്ടില്ലെന്ന് വച്ച് ബാക്കിയുള്ളവർക്ക് നേരം വെളുത്തിട്ടില്ല എന്നർത്ഥമില്ലല്ലോ.

കാലാവസ്ഥാപ്രവചനവും ജ്യോതിഷപ്രവചനവും തമ്മിലുള്ള ഈ താരതമ്യത്തിന്റെ വിഡ്ഢിത്തവും പൊള്ളത്തരവും അറിഞ്ഞുകൊണ്ടാവണം, ഇതോടൊപ്പം ഒരുകാര്യം കൂടി - നൂറു ശതമാനം കൃത്യത എന്നത് ഒന്നിനുമില്ല എന്ന സാമാന്യവൽക്കരണം കൂടി - ഗോപാലകൃഷ്ണൻ കേൾവിക്കാരിലേക്ക് അടിച്ചുകയറ്റാൻ ശ്രമിക്കുന്നത്. അതിലൂടെ രണ്ട് കാര്യങ്ങൾ സാധിക്കാം - കാലാവസ്ഥാപ്രവചനം പോലെ തന്നെ 'ശാസ്ത്രീയ'മാണ് ജ്യോതിഷപ്രവചനവും എന്ന് കേൾവിക്കാരിൽ ധാരണയുണ്ടാക്കാം, ഒപ്പം കാലാവസ്ഥാപ്രവചനത്തിനു വരുന്ന തെറ്റുകളൊക്കെയേ ജ്യോതിഷത്തിനും വരാറുള്ളൂ എന്നും അവരെ

Thiruvananthapuram weather observations 2010 March 29

UTC Hour	Temp.	Humid.	Dew point	Pressure	Visibility	Wind (avg/gust)
10:40	31°C	66%	24°C	1008hpa	4.0km	W/NW 5km/h
05:40	32°C	63%	24°C	1012hpa	6.0km	W 9km/h
04:40	31°C	71%	25°C	1012hpa	5.0km	W 5km/h
03:40	31°C	71%	25°C	1012hpa	5.0km	N 0km/h
02:40	30°C	70%	24°C	1012hpa	4.0km	E/NE 5km/h
00:40	29°C	75%	24°C	1010hpa	4.0km	N 0km/h

ചിത്രം 1.7: തിരുവനന്തപുരത്തെ കാലാവസ്ഥ (2010 മാര്‍ച്ച് 29)



ചിത്രം 1.8: കാലാവസ്ഥാവ്യതിയാനങ്ങള്‍ അടയാളപ്പെടുത്തുന്ന സാറ്റലൈറ്റ് ചിത്രം

വിശ്വസിപ്പിക്കാം. Aയ്ക്ക് 100% കൃത്യതയില്ല, Bയ്ക്കും 100% കൃത്യത പറയാനാവില്ല, അതുകൊണ്ട് A-യും B-യും കൃത്യതയുടെ കാര്യത്തില്‍ ഒരുപോലെയാണ് എന്ന് പറയുന്ന യുക്തിയിലെ വിഡ്ഢിത്തം കേള്‍വിക്കാര്‍ക്ക് ഒറ്റയടിക്ക് മനസിലാവില്ലല്ലോ. അവിടെ എത്രശതമാനം കൃത്യത "ഇല്ല" എന്നതു തമ്മിലല്ല താരതമ്യം വേണ്ടത്, മറിച്ച് എത്രശതമാനം കൃത്യത "ഉണ്ട്" എന്നതു തമ്മിലാണ് താരതമ്യം വേണ്ടത് എന്ന കാര്യം കേള്‍വിക്കാരില്‍ നിന്ന് സമര്‍ത്ഥമായി മറച്ചു പിടിക്കുന്നു!

കാലാവസ്ഥാപ്രവചനത്തിന്‍ സ്വീകരിക്കുന്ന parameter-കള്‍ ഊഷ്മാവും ബാഷ്പ അളവും അന്തരീക്ഷമര്‍ദ്ദവും പോലുള്ള, ശാസ്ത്രീയമായി യന്ത്രങ്ങളുപയോഗിച്ച് അളന്നെടുക്കാവുന്ന അന്തരീക്ഷത്തിലെ ഭൗതിക പ്രൊപ്പര്‍ട്ടികളാണ്. ഇതിലെ 'Prediction' എന്നുപറയുന്നത് ഭൗതികമായി അളക്കാവുന്ന ഈ input-കളെ അടിസ്ഥാനമാക്കിയുള്ളവയാണ്. അതേസമയം ജ്യോതിഷത്തിലെ പ്രവചനം എന്നത് ശാസ്ത്രാര്‍ത്ഥത്തിലെ ഒരു 'Prediction'-നേ അല്ല. സാങ്കല്‍പികമായ നക്ഷത്രസ്ഥാനങ്ങളല്ലാതെ അളന്നെടുക്കാവുന്നതായ (measurable) ഒരു ഭൗതികഘടകത്തെയും അവിടെ പരിഗണിക്കുന്നില്ല. രണ്ടാം ഭാവത്തില്‍ ചൊവ്വ വന്നാല്‍ ഒരു സ്ത്രീ സംസാരിക്കുന്നതെല്ലാം കൊള്ളിവച്ചായിരിക്കും എന്നും എട്ടാം ഭാവത്തില്‍ ചൊവ്വ വന്നാല്‍ ആക്സിഡന്റിലാണ് മരണം എന്നുമൊക്കെ തട്ടിമൂളിക്കുന്ന ഗോപാലകൃഷ്ണന്‍ ജ്യോതിഷത്തിലെ ഇമ്മാതിരി 'പ്രവചനങ്ങള്‍' എന്ത് അളവുകോലുകള്‍ വച്ചുകൊണ്ടാണ് എന്ന് പറയുന്നേയില്ലല്ലോ. ഇങ്ങനെയൊരു 'പ്രവചന' സമ്പ്രദായത്തെ ഒരു സയന്റിഫിക് പ്രവചനത്തിന്റെ മാനദണ്ഡങ്ങളുമായി താരതമ്യം ചെയ്യുന്നത് നാഴികയ്ക്ക് നാല്‍പ്പതു വട്ടം ശാസ്ത്രജ്ഞന്‍ എന്നവകാശപ്പെട്ടുകൊണ്ടിരിക്കുന്ന ഒരാള്‍ ചെയ്യാന്‍ പാടില്ലാത്തതാണ്.

ഇനി, കൃത്യതയില്ലായ്മകളെയല്ല, കൃത്യതകളെ തമ്മില്‍ തന്നെയാണ് താരതമ്യപ്പെടുത്തേണ്ടത് എന്ന് ഗോപാലകൃഷ്ണനു ബോധ്യമാവാഞ്ഞിട്ടാണോ ഈ തരികിട യുക്തി പ്രയോഗിക്കുന്നത് എന്ന് ഒരാള്‍ക്കു സംശയം തോന്നാം. അവിടെയാണ് ഭാരതപൈതൃകക്കാരന്റെ മറ്റൊരു കള്ളത്തരം വെളിവാകുന്നത്: ജ്യോതിഷപ്രവചനങ്ങള്‍ യാദൃച്ഛികമായി (random

chance) ഫലിക്കുക എന്നല്ലാതെ ഒരു ശാസ്ത്രീയ പ്രവചനത്തിനവകാശപ്പെടാവുന്ന കൃത്യതയോ സ്ഥിരതയോ ആവർത്തനക്ഷമതയോ അവയ്ക്കില്ല എന്ന് കാണിക്കാനായിട്ടാണ് പലപ്പോഴും യുക്തിവാദികൾ ജാതകം വച്ചുകൊണ്ട് ജാതകാരന്റെ ലിംഗ നിർണയം നടത്തുക, മരിച്ചോ ജീവിച്ചോ എന്ന് പറയുക തുടങ്ങിയ blindfolded പരീക്ഷണങ്ങൾ നടത്തുന്നത്. ഇത് ശാസ്ത്രത്തിന്റെ മെഥഡോളജി വച്ച് നോക്കിയാൽ ന്യായീകരിക്കാവുന്ന ഒരു രീതിയുമാണ്. ജ്യോതിഷത്തിന്റെ പ്രവചനങ്ങൾ എത്രത്തോളം കൃത്യതയുള്ളതാണെന്ന് കാണിക്കാനും, അത് 50%ത്തിനപ്പുറമെത്തുന്നില്ലെങ്കിൽ വെറും റാൻഡം ചാൻസ് ആണ് എന്ന് തള്ളാനുമുള്ള ലളിതമായ ഒരു പരീക്ഷണം. അതിനെ എടുത്തുപറഞ്ഞ് തന്റെ വിഡ്ഢിയുക്തിയുപയോഗിച്ച് പരിഹസിക്കുകയാണ് ഗോപാലകൃഷ്ണൻ ഉടൻ ചെയ്യുന്നത്. പരിഹസിക്കുന്നത് ആ പരീക്ഷണത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തെത്തന്നെയാണ്, അല്ലാതെ അതിലെ ശാസ്ത്രീയതയിലെയോ രീതിശാസ്ത്രത്തിലെയോ തെറ്റുകളെയല്ല.

> *എന്തിനാ അങ്ങനെ പരീക്ഷിക്കാൻ പോകുന്നത്, ജ്യോതിഷം തെറ്റാണെന്നോ ശരിയാണെന്നോ തെളിയിച്ചിട്ട് എന്ത് നേട്ടം, ഇത് useful ആണൊ അല്ലയോ എന്ന് നോക്കിയാൽപോരേ*

എന്നൊക്കെയാണ് സയന്റിസ്റ്റ് എന്ന് പറഞ്ഞുനടക്കുന്ന, ആ ലേബലിൽ സ്വന്തം വ്യാഖ്യാനങ്ങളുടെ ആധികാരികത അരക്കിട്ടുറപ്പിക്കാൻ വെമ്പുന്ന ഒരാൾ ഉളുപ്പില്ലാതെ ചോദിക്കുന്നത്!

എന്നുവച്ചാൽ, ആധുനികശാസ്ത്രസങ്കേതങ്ങളുപയോഗിച്ചു നടത്തുന്ന കാലാവസ്ഥാപ്രവചനം പോലെ 'ശാസ്ത്രീയ'വും അതിന്റെയത്രതന്നെ 'കൃത്യതയില്ലായ്മ'യും ഉള്ളതാണ് ജ്യോതിഷം എന്ന് സൂചിപ്പിച്ച് വയ്ക്കുകയും, എന്നാൽ ജ്യോതിഷത്തിന്റെ പ്രവചനങ്ങളുടെ കൃത്യത എത്രയുണ്ട് എന്ന് നോക്കുന്ന പരീക്ഷണശ്രമങ്ങളെ തള്ളുകയുമാണ് ഈ മാന്യദേഹം. പിന്നെ എന്ത് പരീക്ഷണത്തിന്റെ, എന്ത് തെളിവിന്റെ അടിസ്ഥാനത്തിലാണ് ജ്യോതിഷത്തിന്റെ പ്രവചന കൃത്യതയിൽ ആളുകൾ വിശ്വസിക്കേണ്ടത് എന്നതാണ് മില്യൻ ഡോളർ ചോദ്യം!

> *1820 വരെ AD, BC എന്നിവ ആരും ഉപയോഗിച്ചിരുന്നില്ല, പകരം KE (കലി ഇറ) ആണ് സ്പെയിൻ, ജെർമനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ ഉപയോഗിച്ചിരുന്നത്*

എന്നൊക്കെ ഒരു പൊതുപ്രസംഗത്തിൽ തട്ടിമൂളിക്കുന്ന ഒരാളെ ചോദ്യം ചെയ്യാതെ കേട്ടിരിക്കുന്ന ഒരു കഴുതക്കൂട്ടത്തിൽ നിന്ന് ഈ ചോദ്യം വരില്ലല്ലോ.

എല്ലാ കപടശാസ്ത്രവ്യാപാരിക്കും കൊട്ടാനുള്ള വഴിച്ചെണ്ടയാണല്ലോ നാട്ടിലെ യുക്തിവാദികളെന്ന് പറയുന്ന കൂട്ടർ. "യുക്തി കൊണ്ട് ഇതൊന്നും മനസ്സിലാക്കാനാവില്ല മക്കളേ" എന്ന പഴയ ജ്യോത്സ്യന്റെയും കള്ള സ്വാമിമാരുടെയും നമ്പരൊക്കെ പഴകിപ്പോയി. ഗോപാലകൃഷ്ണനെയും എസ്.രാധാകൃഷ്ണനെയും പോലുള്ള സയന്റിസ്റ്റ് കപടശാസ്ത്രവിൽപനക്കാരുടെ പുതിയ കാലത്തെ പേച്ച് വേറെയാണ്. അതിന്റെയൊരു ഏകദേശ രൂപം ഗോപാലകൃഷ്ണന്റെ പ്രസംഗത്തിൽ തന്നെയുള്ളത് കേൾക്കുക:

> *കൈരളി ടീവിയിൽ എന്റെ ഒരു ഇന്റർവ്യൂ ഉണ്ടായിരുന്നു. എന്റെ ഇപ്പുറത്ത് കമലാനാഥനെന്ന് പറയുന്ന യുക്തിവാദി, ഇപ്പുറത്ത് മിശ്രവിവാഹ സംഘത്തിന്റെ സെക്രട്ടറി - അതും യുക്തിവാദിയാ - ഞാൻ നടുക്ക്.... സയൻസുപയോഗിച്ചിട്ട് ഈശ്വരനെന്താണെന്ന് പറഞ്ഞാൽ അത് ഇവർക്ക് മനസ്സിലാവില്യ - അതു പറഞ്ഞ് തീരുന്നതിനു മുൻപ് പറയുന്നു: ഇയാൾ സയൻസെന്ന് പറഞ്ഞ് പറയുന്നതൊന്നും സയൻസല്ല. അപ്പോ ഞാൻ പറഞ്ഞു: സയൻസെന്ന് പറയുന്നത് സയൻസല്ലെന്ന് പറയല്ലേ, നിങ്ങൾക്ക് മനസ്സിലാവിണില്യാന്ന് പറ!*

2006 ഓഗസ്റ്റിൽ സായിബാബയുടെ ആശ്രമത്തിന്റെ ആശീർവാദത്തോടെ നടന്ന അതിരുദ്രമഹായജ്ഞത്തിൽ പ്രസംഗിക്കുമ്പോൾ ലോകത്തിലെ ന്യൂക്ലിയർ റിയാക്റ്ററുകൾക്ക് ശിവലിംഗത്തിന്റെ രൂപമാണെന്നും ശിവലിംഗാരാധന നടക്കുമ്പോൾ ലോകത്തെ ന്യൂക്ലിയർ റിയാക്റ്ററുകളെല്ലാം ഊർജ്ജത്താൽ 'connect' ചെയ്യപ്പെടുമ്പോലെയാണ് ശിവലിംഗങ്ങൾ വഴി ശിവന്റെ energy ബന്ധിപ്പിക്കുന്നത് എന്നും പ്രസംഗിച്ചയാളാണ് ഈ ഗോപാലകൃഷ്ണൻ. പതഞ്ജലീ യോഗസൂത്രത്തിൽ ഡാർവീനിയൻ പരിണാമസിദ്ധാന്തവും ഹൈസൻബർഗിന്റെ അനിശ്ചിതത്വ സിദ്ധാന്തവുമുണ്ടെന്ന് പറഞ്ഞത് എന്താണെന്ന് മുമ്പ് ഒരു പോസ്റ്റിൽ[6] നാം കണ്ടു. ഇതാണ് സാർ പറയുന്ന സയൻസെങ്കിൽ അത് സാറിന് ഈ കണ്ട ഡീലിറ്റും പി.എച്.ഡികളും പേറ്റന്റുമൊക്കെ തന്ന യൂണിവേഴ്സിറ്റികൾക്കും സ്ഥാപനങ്ങൾക്കും പോലും ആ "സയൻസ്" അറിയില്ല സാറേ! അത് യുക്തിവാദികളുടെയോ മിശ്രവിവാഹസംഘം നേതാക്കളുടെയോ ഒന്നും കുറ്റമല്ല.

ഈ വക അജ്ഞാനം വിളമ്പൽ കേൾക്കുമ്പോൾ ഡോ: ഗോപാലകൃഷ്ണനു കിട്ടിയെന്ന് അവകാശപ്പെടുന്ന "6 പേറ്റന്റിനും 56 അന്താരാഷ്ട്ര ഗവേഷണ പേപ്പറിനും" വേണ്ടി അദ്ദേഹം നടത്തിയ ഗവേഷണത്തെപ്പറ്റി ഗൗരവകരമായ സംശയങ്ങൾ ശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്ന ആർക്കും തോന്നും. ബയോ കെമിസ്ട്രി രംഗത്താണ് ഇദ്ദേഹത്തിന്റെ ഏതാനും ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. മുകളിൽ പറഞ്ഞ 'വെല്ലുവിളി', 'നിഷേധം' തുടങ്ങിയവയിലൂടെയാണ് ഗോപാലകൃഷ്ണനു പേറ്റന്റും പി.എച്.ഡിയുമൊക്കെ നേടിത്തന്ന ശാസ്ത്ര ശാഖകളിലെ ഗവേഷണം വളർന്നത് എന്ന് 56 പേപ്പർ പ്രസിദ്ധീകരിച്ചിട്ടും അദ്ദേഹത്തിനു മനസ്സിലായില്ലെങ്കിൽ പഠനം പാഴായെന്നേ പറയേണ്ടൂ!

[6] ഗോപാലകൃഷ്ണന്റെ 'വാത'ങ്ങൾ (http://surajcomments.blogspot.com/2010/02/pseudosciencegopalakrishnanindian.html)

1.6 ജ്യോതിഷം സയന്റിഫിക്കല്ല, പക്ഷേ 'യൂസ്ഫുൾ' ആണത്രേ

നിങ്ങൾ യുക്തിവാദിയാണെങ്കിലും ശരി .... നിങ്ങളുടെ കുട്ടിയുടെ ജനനസമയം വച്ച് രാശിചക്രം വരച്ചു സൂക്ഷിക്കുക.അതൊരു പക്ഷേ ആ കുട്ടിക്ക് പ്രയോജനപ്പെട്ടേക്കാം. . .

ഗോപാലകൃഷ്ണൻ ജ്യോതിഷത്തിന്റെ പ്രയോജനങ്ങളെപ്പറ്റി വാചാലനാകുന്നതിൻ ആമുഖമായി തട്ടിവിടുന്നതാണിത് (യൂട്യൂബ് ക്ലിപ്പ്-4, 10.00). അതായത്, "ഞാനിത് സയന്റിഫിക്കാണെന്ന് വാദിക്കുന്നില്ല, പക്ഷേ ഇതുകൊണ്ട് പ്രയോജനപ്പെടാം" എന്ന ലൈൻ. എന്നിട്ട് കൂട്ടിച്ചേർക്കുന്നു: "ആ രാശിചക്രം നോക്കിയാൽ അറിയാം കുട്ടിയുടെ ഭാവി എങ്ങനെയിരിക്കും എന്ന്"!

നമുക്കു ചുറ്റിനുമുള്ള സംഗതികളെ തള്ളേണ്ടതെങ്ങനെ, കൊള്ളേണ്ടതെങ്ങനെ എന്നതിനു ഗോപാലകൃഷ്ണന് അദ്ദേഹത്തിന്റേതായ ചില മാനദണ്ഡങ്ങളൊക്കെയുണ്ട്. അതും പ്രസംഗത്തിൽ കേൾക്കാം. ഒരു കാര്യത്തിനെ പറ്റി നമുക്ക് രണ്ട് ചോദ്യങ്ങൾ ചോദിക്കാം എന്നാണ് ഗോപാലകൃഷ്ണന്റെ ഫിലോസഫി. ആ കാര്യം സയന്റിഫിക് ആണോ അല്ലയോ എന്നത് ഒന്നാമത്തെ ചോദ്യം, useful ആണോ useless ആണോ എന്നത് രണ്ടാമത്തെ ചോദ്യം. ഒരു കാര്യം സയന്റിഫിക് അല്ലെങ്കിലും സാരമില്ല ഉപയോഗമുള്ളതാണെങ്കിൽ (useful) സ്വീകരിക്കാം എന്നാണ് ഗോപാലകൃഷ്ണന്റെ അനുബന്ധ അഭിപ്രായം. ആദ്യനോട്ടത്തിൽ എത്ര ലളിതവും സത്യവുമായ വാചകം എന്ന് തോന്നാം. ഇതിന്റെ ഉള്ളുകള്ളി പുറകേ വരുന്നുണ്ട്. അതായത് ജ്യോതിഷത്തിന്റെ "കാൽക്കുലേഷൻ" ഭാഗം "സയന്റിഫിക്" ആണെങ്കിലും പ്രവചനഭാഗം (prediction part) എന്നത് സയൻസുകൊണ്ട് വിശദീകരിക്കാനാവില്ല എന്നാണ് ഗോപാലകൃഷ്ണന്റെ വാദം. അപ്പോൾ മുകളിൽപ്പറഞ്ഞ "ഗോപാലകൃഷ്ണൻസ് ഫിലോസഫി" അനുസരിച്ച് ജോത്സ്യം സയന്റിഫിക് അല്ലെങ്കിൽ പിന്നെ യൂസ്ഫുൾ ആണോ യൂസ്‌ലെസ് ആണോ എന്നാണ് നോക്കേണ്ടതത്രേ. അതുകൊണ്ടാണ് ഗോപാലകൃഷ്ണന്റെ അഭിപ്രായത്തിൽ ജ്യോതിഷം "സ്വീകാര്യ"മാവുന്നത് പോലും.

ജ്യോതിഷം മനുഷ്യ ജിവിതത്തിൽ "യൂസ്ഫുൾ" ആണെന്ന് വാദിക്കുന്നിടത്ത് ഗോപാലകൃഷ്ണന്റെ ന്യായങ്ങൾ തന്നെ തിരിഞ്ഞ് കുത്തുന്നതും കാണാം. പ്രസംഗത്തിന്റെ ആദ്യഭാഗത്തൊരിടത്ത് എല്ലാവരും മക്കൾക്ക് ഗ്രഹനിലയെഴുതിവയ്ക്കണമെന്നും അത് പിന്നീട് പ്രയോജനപ്പെട്ടേക്കാം എന്നും പറയുന്നു ഗോപാലകൃഷ്ണൻ. "ഗട്ടറുള്ള റോഡാണെന്ന് അറിഞ്ഞുകൊണ്ട് വണ്ടിയോടിച്ചാൽ ഒരാൾ ശ്രദ്ധിച്ച് കുഴികളിൽ വീഴാതെ ഓടിക്കുന്നതെങ്ങനെയോ" അതു പോലെയാണ് ജാതകത്തിലെ/ഗ്രഹനിലയിലെ ദോഷങ്ങൾ മുൻകൂട്ടി അറിഞ്ഞ് ജീവിതം നയിക്കുന്ന ഒരാൾക്ക് അതുകൊണ്ടുണ്ടാകുന്ന പ്രയോജനം എന്ന് ഉദാഹരിക്കുന്ന ഗോപാലകൃഷ്ണൻ തന്നെ അൽപം കഴിഞ്ഞ് പറയുന്ന വേറൊരുദാഹരണത്തിൽ വാഹനാപകടമുണ്ടാവും എന്ന ജ്യോത്സ്യന്റെ ഉപദേശം കേട്ട് വണ്ടിയോടിപ്പ് നിർത്തിയ ഒരാളെ റോഡിലൂടെ നടക്കുമ്പോൾ വണ്ടിയിടിച്ച് കൊന്ന കഥ പറയുന്നുണ്ട്. ജ്യോതിഷപ്രവചനങ്ങൾ കൃത്യമാണെങ്കിൽ അങ്ങനെ സംഭവിക്കുന്നതിൽ നിന്ന് ഒന്നിനും തടയാനാവില്ല എന്ന് ഒന്നുരണ്ടിടത്ത് ഗോപാലകൃഷ്ണൻ സൂചിപ്പിക്കുന്നുമുണ്ട്. പിന്നെ "ഗട്ടറുണ്ട് എന്നറിഞ്ഞു കൊണ്ട് വണ്ടിയോടിക്കുമ്പോൾ" ശ്രദ്ധവച്ചിട്ട് എന്തുകാര്യം? ഇവിടെ ഭാരതീയ വിധി-കർമ്മഫല വിശ്വാസവും ജ്യോതിഷവും തമ്മിലുള്ള ദാർശനികമായ പൊരുത്തക്കേടുകളാണ് വെളിവാകുന്നത്. വിധി/കർമ്മഫല വിശ്വാസങ്ങളനുസരിച്ച് ലളിതമായി പറഞ്ഞാൽ "വരാനുള്ളത് വഴിയിൽ തങ്ങില്ല" എന്നാണ്. എന്നാൽ ജ്യോതിഷം ആ "വരാനുള്ള"തിനെ പ്രവചിക്കാമെന്ന് അവകാശപ്പെടുന്നു. മുൻകരുതലുകളും പരിഹാരകർമ്മങ്ങളും നിർദ്ദേശിക്കുന്നു. എന്തുചെയ്താലും 'വിധി'യെ തടുക്കാൻ ആവില്ലെന്ന വിശ്വാസത്തിനു വിരുദ്ധമാണിത്. എന്നാൽ ഗോപാലകൃഷ്ണൻ ഈ "പ്രശ്നമേഖലയെ" സമർത്ഥമായി ഒഴിവാക്കിയിട്ടുണ്ട് തന്റെ ജ്യോതിഷപ്രസംഗത്തിൽ.

ജ്യോതിഷത്തിന്റെ ഗ്രഹനിലയുടെ ഫലങ്ങളെപ്പറ്റി പിന്നീട് കുറേ കാടുകയറുന്നുണ്ടെങ്കിലും അവയൊക്കെ എങ്ങനെയാണ് മനുഷ്യന് 'യൂസ്ഫുൾ' ആകുന്നതെന്ന് അദ്ദേഹത്തിനു വ്യക്തതയില്ല എന്നതിനു ധാരാളം സൂചനകൾ കാണാം: ഒന്നാമത്, ജ്യോതിഷമനുസരിച്ചുള്ള ഗ്രഹനിലകൾക്ക് ഫലങ്ങൾ കൊടുത്തിരിക്കുന്നതിന്റെ കാരണം,യുക്തി,നിരീക്ഷണം എന്നിവകളെ പറ്റി ആർക്കുമറിയില്ലെന്ന് ഗോപാലകൃഷ്ണൻ തന്നെ വാദിക്കുന്നുണ്ട്. രണ്ടാമത്, ഗ്രഹനിലകളിൽ ആരോപിച്ചിരിക്കുന്ന കാരകത്വവും ഫലങ്ങളും (influence) ജ്യോതിഷികൾ എങ്ങനെ നിശ്ചയിച്ചതാണെന്നുള്ളതിനെപ്പറ്റിയും നാം അജ്ഞരാണെന്ന് അദ്ദേഹം വാദിക്കുന്നു. ആറാം ഭാവത്തിൽ ചൊവ്വ വരുന്ന ഗ്രഹനിലയുള്ള ഒരാൾ കള്ളത്തരം ധാരാളം കാണിക്കുമെന്നത് ഒരു ആരോപണം (attribution) ആണ്. അതെങ്ങനെ ആ കണ്ടെത്തലിലേക്കെത്തി എന്ന് ചോദിച്ചാൽ ഗോപാലകൃഷ്ണൻ പറയുന്നത് "ആർക്കും അറിയില്ല (ആ!)" എന്നാണ്. ജ്യോത്സ്യത്തിന്റെ പ്രവചനഭാഗം "സയന്റിഫിക്കേ അല്ല" എന്ന മുൻകൂർ ജാമ്യത്തോടെയാണ് ഗോപാലകൃഷ്ണൻ തന്റെ വാദം ആരംഭിക്കുന്നത്. പ്രവചനഭാഗം സയന്റിഫിക്കുമല്ല, ഗ്രഹനിലകളിൽ ആരോപിക്കപ്പെട്ടിരിക്കുന്ന ഫലങ്ങളും "കാരകത്വ"വും എങ്ങനെ കണ്ടെത്തിയതാണെന്ന് അറിവുമില്ലാത്ത ഒരു സങ്കേതം പക്ഷേ മനുഷ്യ ജീവിതത്തിൽ യൂസ്ഫുൾ ആണ് എന്ന് അവകാശപ്പെടണമെങ്കിൽ കുറച്ചൊന്നും പോരാ വിവരദോഷം. അതും ശാസ്ത്രജ്ഞനാണെന്ന് അവകാശപ്പെടുന്ന ഒരാൾക്ക്! പച്ച മലയാളത്തിൽ പറഞ്ഞാൽ, എങ്ങോ കിടക്കുന്ന കുറേ നക്ഷത്രക്കുത്തുകൾ യോജിപ്പിച്ച് കുറേ രൂപങ്ങളും നൽകി രാശിചക്രമെന്ന് പേരുമിട്ട് ദിവ്യത്വമാരോപിച്ച് ഉണ്ടാക്കുന്ന ഒരു 'ഗ്രഹനില' നമ്മുടെ ഭൂത-ഭാവി-വർത്തമാന ജീവിതത്തെ സ്വാധീനിക്കുമെന്നും അങ്ങനെ എഴുതുന്ന ജാതകം 'useful' ആണെന്നും നമ്മളങ്ങ് വിശ്വസിച്ച് തലയിലേറ്റിക്കൊള്ളണം എന്നുമാണ് ഗോപാലകൃഷ്ണൻ ഭംഗ്യന്തരേണ പറഞ്ഞു വയ്ക്കുന്നത്!

ഇതിനെയല്ലേ സാർ 'അന്ധവിശ്വാസം' എന്ന് സാമാന്യബുദ്ധിയുള്ളവൻ വിളിക്കുന്നത്? (ഗോപാലകൃഷ്ണൻ ഗ്രഹനിലയുടെ ഫലങ്ങളെന്നുപറഞ്ഞ് അടിച്ചുവിടുന്നതു കോതപ്പാട്ടാണ്. അവയെപ്പറ്റി വിശദമായി ഉമേഷിന്റെ ലേഖനത്തിലെ ***വായിൽ തോന്നുന്നതു ഗോപാലകൃഷ്ണനു ജ്യോതിഷം***! (§2.12, പേജ് 36) എന്ന ഖണ്ഡത്തിൽ വായിക്കുക.)

1.7 വിഷ്ണുമായ കുട്ടിച്ചാത്തൻ ബിസിനസ്സും ജ്യോതിഷവും

പൈതൃകമായ അറിവുകൾ എന്ന ലേബലിൽ പ്രാചീന ആചാരങ്ങളെ ശാസ്ത്രത്തിന്റെ ഉടുപ്പിടുവിച്ച് വിളമ്പുന്ന പുത്തൻ ദാർശനികവ്യാപാരികൾ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം താനൊരു "പഴഞ്ചനും അന്ധവിശ്വാസിയും" ആണ് എന്ന സംശയം താരതമ്യേന യുവാക്കൾക്ക് ഭൂരിപക്ഷമുള്ള സദസ്സിന് ഉണ്ടാകാതെ ശ്രദ്ധിക്കലാണ്. ഏതെങ്കിലും അസുരനോ സർപ്പമോ ഒക്കെ സൂര്യനെ വിഴുങ്ങുന്നതാണ് സൂര്യഗ്രഹണം എന്ന് ഒരു സദസ്സിനെ നോക്കി പറഞ്ഞാൽ "ഇവനേത് കോത്താഴത്തൂന്നു വരുന്നെടാ?" എന്ന് തിരിച്ചുചോദിക്കാനുള്ള മിനിമം ശാസ്ത്രവിജ്ഞാനം ജനസാമാന്യത്തിന് ഇന്നുണ്ട്, കുറഞ്ഞത് ഗോപാലകൃഷ്ണനെപ്പോലുള്ളവരുടെ കേൾവിക്കാരായി ഇരിക്കുന്ന കേരളത്തിലെ മധ്യവർഗ്ഗത്തിലെങ്കിലും. അപ്പോൾ അന്ധമായ ആചാരങ്ങളെ, അവ അന്ധവിശ്വാസമാണെന്ന് യുക്തിക്ക് പെട്ടെന്ന് പിടികിട്ടാത്തവിധം പരമാവധി ജാർഗണിൽ പൊതിഞ്ഞ് അവതരിപ്പിക്കുക എന്നതാണ് സ്വന്തം വിശ്വാസ്യതക്ക് കോട്ടം തട്ടാതിരിക്കാനുള്ള എളുപ്പവഴി. അതോടൊപ്പം പരമമായി ശ്രദ്ധിക്കേണ്ട കാര്യം, താനൊരു ലിബറൽ ചിന്തകനാണ് എന്ന് സദസ്സിനെ വാചകമടികളിലൂടെ നിരന്തരം തെറ്റിദ്ധരിപ്പിക്കുക എന്നതാണ്.

എല്ലാ അർത്ഥത്തിലും ഒരു അന്ധവിശ്വാസമായ ജ്യോതിഷത്തെ ന്യായീകരിച്ചും ശാസ്ത്രമാക്കി അവതരിപ്പിച്ചും ആനപ്പുറത്തു കയറ്റി വച്ചുകഴിഞ്ഞാൽ പിന്നെ, "നിങ്ങളിതൊന്നും വിശ്വസിക്കണമെന്ന് ഞാൻ പറയില്ല, വേണമെന്നുള്ളവൻ കൊള്ളുക, അല്ലാത്തവർ തള്ളിക്കളയുക" എന്ന ലിബറലിസ്റ്റ് നയം അങ്ങ് പ്രഖ്യാപിക്കലാണ് മുഖ്യ തന്ത്രം. ഈ തന്ത്രം തന്നെയാണ് ഗോപാലകൃഷ്ണനും പയറ്റുന്നത്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ:

> *. . . ഇതൊന്നും ഭയപ്പെട്ടെടുക്കേണ്ടതല്ല, ഇതെല്ലാം സംഭവിക്കുമെന്ന് വിചാരിച്ചെടുക്കേണ്ടതല്ല. . . .മറ്റൊരുവനെ ബോധിപ്പിക്കാനല്ലാതെ, നമുക്ക് വേണമെന്ന് തോന്നുകയാണെങ്കിൽ, നമുക്ക് അതിലൊരു പ്രയോജനമുണ്ടെന്ന് തോന്നുകയാണെങ്കിൽ, അതിന്റെ ചിലതെല്ലാം ഉപയോഗിക്കാമെന്ന് തോന്നുകയാണെങ്കിൽ, അന്ധമായിട്ട് വിശ്വസിക്കാതെ, ഈ പത്രമാധ്യമങ്ങളിൽ വരുന്നത് ഒഴിവാക്കി. . .(എടുക്കാം).*

എന്നാൽ "വേണമെന്നുള്ളവർക്ക് നന്മകളെ എടുക്കാവുന്ന" ഒരു നിർദ്ദോഷമായ ലിബറൽ ഫിലോസഫിയായി ജ്യോതിഷത്തെ അവതരിപ്പിച്ച് തൊട്ടുപിന്നാലെ ഗോപാലകൃഷ്ണൻ അടുത്ത നമ്പരിടുന്നത് കാണുക:

> *. . .ചില precautions എടുക്കാൻ, ചില നന്മകളെടുക്കാൻ, ചില പ്രയോഗങ്ങളെടുക്കാൻ ഒരുപക്ഷേ നമുക്കിതെല്ലാം ഉപയോഗിക്കാം. . . . അവനവൻ ഇന്നിന്ന പ്രോബ്ലംസ് ഉണ്ടെന്ന് ചെറിയൊരു indication ഉണ്ടെങ്കിൽ ആ പ്രോബ്ലംസിൽ നിന്ന് നമുക്ക് കുറച്ച് കരകേറാൻ സാധിക്കും. . .*

ജ്യോതിഷ ഗ്രഹനിലകൾ തന്റെ ഭാവിയെ കാണിക്കുന്നവയാണെന്നു വിശ്വസിക്കേണ്ടത് എന്ത് അടിസ്ഥാനത്തിലാണെന്ന് തരിമ്പും വിശദീകരിക്കാതെ, "അതൊക്കെ പ്രാചീന ഋഷിവര്യന്മാർ എഴുതിവച്ചതാണെന്ന് ഒഴുക്കനെ പറഞ്ഞു പോകുന്ന ഗോപാലകൃഷ്ണൻ തന്റെ ലിബറൽ മുഖം മൂടി പൊളിച്ചുകാട്ടുന്ന വാചകം ഇങ്ങനെ:

> *. . .സാധനയുള്ള ചില ജ്യോതിഷികൾ നെഞ്ചത്ത് കൈവച്ചിട്ട് (ഫലം) പറയുമ്പോൾ ആദ്യമാദ്യം അവർ പറയുന്നത് എല്ലാം ശരിയാവും. പിന്നെപ്പിന്നെ അവർ പറയുന്നതേ ശരിയാവൂ. . . . ആ ലെവലിൽ എത്തിയ ചില ജ്യോതിഷികൾ ഇന്നുമുണ്ട്.*

(യൂട്യൂബ് ക്ലിപ്പ്-9, 09:00)

അടൽ ബിഹാരി വാജ്പേയി മുതൽ ജഗതി ശ്രീകുമാർ വരെ പലരുടെയും ഗ്രഹനിലകളിൽ അവരുടെ സ്വഭാവസവിശേഷതകൾ ആലേഖനം ചെയ്തിട്ടുണ്ട് എന്ന് ഇതേ ക്ലാസിന്റെ ആദ്യഭാഗങ്ങളിൽ വാദിച്ചയാളാണ് ഗോപാലകൃഷ്ണൻ എന്നോർക്കണം. താൻ ചില ജാതകങ്ങൾ നോക്കി നടത്തിയ പ്രവചനങ്ങളിൽ ചിലത് അച്ചട്ടായതിനെപ്പറ്റി ഗോപാലകൃഷ്ണൻ അവകാശവാദം നടത്തിയതും ഇതേ പ്രസംഗത്തിൽ തന്നെയാണ് എന്നും ഓർക്കുക. ഇത് കേൾവിക്കാരനെ എങ്ങനെയൊക്കെ ആശയക്കുഴപ്പത്തിലാക്കുമെന്ന് പറയേണ്ടതില്ലല്ലോ. "വേണമെങ്കിൽ എടുത്താൽ മതി" എന്ന് പറയുന്ന അതേ ശ്വാസത്തിൽ "ഇത് സ്വീകരിച്ചാൽ പ്രശ്നങ്ങളിൽ നിന്ന് കരകേറാനാവും" എന്നും "ഇത് സത്യവും സയന്റിഫിക്കുമാണ്" എന്നും "ഇത് കൃത്യമായി പ്രവചിക്കുന്ന സിദ്ധന്മാർ ഇന്നുമുണ്ട്" എന്നുമൊക്കെ അനുബന്ധങ്ങളായി ചേർക്കുമ്പോൾ "ഇത് സ്വീകരിക്കുന്നതാണ് കേൾവിക്കാരാ നിനക്കു നല്ലത്" എന്നാണ് ഉദ്ദേശിക്കുന്നത് എന്ന് വായിച്ചെടുക്കാൻ പി.എച്ച്.ഡി കിട്ടിയ ബുദ്ധിയൊന്നുമാവശ്യമില്ല!!

ധനാകർഷണ ഭൈരവ യന്ത്രം എന്നപേരിൽ വരുന്ന ഏലസ്സിന്റെ പരസ്യങ്ങളെയും തൃശ്ശൂർ ഭാഗത്തെ വിഷ്ണുമായ കുട്ടിച്ചാത്തൻ ബിസിനസ്സിനെയുമൊക്കെ ഗോപാലകൃഷ്ണൻ പരിഹസിക്കുമ്പോൾ കേട്ടിരിക്കുന്നവനു തോന്നുക, "ആഹാ എത്ര

പുരോഗമനാത്മകമായ ചിന്ത, അന്ധവിശ്വാസങ്ങൾക്കെതിരേ ആഞ്ഞടിക്കുന്നത് നോക്കൂ" എന്നാവാം.ശത്രുസംഹാര മൃത്യുഞ്ജയ ഹോമം പോലുള്ള 'നെഗറ്റീവ്' കർമ്മങ്ങൾക്ക് ഫലമില്ല എന്നൊക്കെ അദ്ദേഹം വലിയ ആധികാരികതയോടെ തട്ടിവിടുന്നുണ്ട്. 'ന്യൂ ഏജ്' ദാർശനികവ്യാപാരികളുടെ ഒന്നാന്തരം നമ്പരാണ് ഇത്.

ഒരു ശാസ്ത്രാടിസ്ഥാനവുമില്ലാത്ത ഒരു ഭാവിപ്രവചനപ്രസ്ഥാനത്തിന്റെ ശാസ്ത്രീയതയെ "ഊട്ടിയുറപ്പിച്ചും" അതു യൂസ്ഫുൾ ആണെന്നുവാദിച്ചും ഏകദേശം അരമുക്കാൽ മണിക്കൂറായി ക്ലാസെടുത്തുകൊണ്ടിരിക്കുന്ന ആളാണ്, ഇരുകാൽ മന്തൻ ഒരുകാൽ മന്തനെയെന്ന പോലെ ധനാകർഷകഭൈരവ യന്ത്രത്തെയും വിഷ്ണുമായ കുട്ടിച്ചാത്തനെയും കളിയാക്കുന്നത് എന്നോർക്കണം. ജ്യോതിഷത്തിന്റെ ഫലപ്രവചന ഭാഗത്തിനു ശാസ്ത്രീയ വിശദീകരണമില്ല, പക്ഷേ യൂസ്ഫുൾ ആണ് എന്ന ഗോപാലകൃഷ്ണന്റെ ന്യായം വിഷ്ണുമായ കുട്ടിച്ചാത്തൻകാരും ധനാകർഷണ ഭൈരവ യന്ത്രക്കാരും ഏറ്റുപറഞ്ഞാൽ? ഇതേ യുക്തി തന്നെ നാളെ പാപപരിഹാര കർമ്മങ്ങൾ ഇൻസ്റ്റന്റ് ആയി ഉപദേശിച്ചുകൊടുക്കുന്ന കൂടോത്രക്കാർക്കും പറയാമല്ലോ. കുറച്ചുകൂടി നീട്ടി ചിന്തിച്ചാൽ പ്രാചീനകാല ആചാരങ്ങളായ മൃഗബലി, നരബലി, യോനീപൂജ അടക്കമുള്ള തന്ത്രമന്ത്ര ഉഡായിപ്പുകൾക്കെല്ലാം ഇതുപോലെ "യൂസ്ഫുൾനെസ്സ്" ഉണ്ട് അതുകൊണ്ട് ശാസ്ത്രീയ വിശദീകരണമൊന്നും നോക്കണ്ട, വേണമെന്നുള്ളവർക്ക് അവ പ്രയോഗിക്കുകയോ ശീലിക്കുകയോ ആവാം എന്ന് വാദിക്കാൻ തുടങ്ങിയാൽ?

1.8 ശാസ്ത്രപദങ്ങൾ, ഗണിതപ്രയോഗങ്ങൾ, ആധികാരികതാനാട്യങ്ങൾ, . . .

പ്രാചീന ആചാരങ്ങളെയും തത്വചിന്തകളേയും ജ്യോതിഷം, വാസ്തു പോലുള്ളവയേയും ആധുനികശാസ്ത്രവുമായി ചേർത്തുകെട്ടാൻ ഫിജോഫ് കാപ്രയും ദീപക് ചോപ്രയും മുതൽ ഗോപാലകൃഷ്ണൻ വരെ ഉപയോഗിക്കുന്ന തന്ത്രമാണ് ശാസ്ത്രപദങ്ങളെയും ഗണിതപ്രയോഗങ്ങളെയും അസ്ഥാനത്ത് എടുത്തിട്ട് വായനക്കാരെ/കേൾവിക്കാരെ ആശയക്കുഴപ്പത്തിലാക്കുക എന്നത്. ഗോപാലകൃഷ്ണന്റെ പ്രസംഗത്തിലുടനീളം ഇതിന്റെ നിദർശങ്ങൾ കാണാം. 'Scientific', 'Calculation', 'Mathematics', 'Node', 'Calculable', 'Accurate', 'Scientific Explanation', 'നൂറു ശതമാനം കൃത്യത', 'Prediction', 'Probability' എന്നിങ്ങനെ എന്തൊക്കെയോ വലിയ ശാസ്ത്രകാര്യങ്ങൾ ചർച്ച ചെയ്യുന്നു എന്ന് കേൾവിക്കാരിൽ അബോധമായ ഒരു പ്രതീതി ഉളവാക്കുന്ന വാക്കുകൾ വാരിവിതറിയാണ് പ്രസംഗം മുന്നേറുന്നത്. തമാശയെന്തെന്നാൽ, ബിരുദബിരുദാനന്തര തലങ്ങളിൽ ശാസ്ത്രപരിശീലനം ലഭിച്ചയാളാണെന്ന കാര്യം പരിഗണിക്കുമ്പോൾ ഗോപാലകൃഷ്ണന് ഈ ജാർഗൺ പ്രയോഗിക്കലിൽ വളരെ വൈദഗ്ധ്യം ഉണ്ടാവേണ്ടതാണ്. എന്നിട്ടും സ്കൂൾതല ശാസ്ത്രജ്ഞാനം പോലുമില്ലാത്തവരേക്കാൾ കഷ്ടമാണ് ഗോപാലകൃഷ്ണന്റെ പ്രയോഗങ്ങൾ.

ചില ഉദാഹരണങ്ങളെടുക്കാം:

പ്രാചീന വാനനിരീക്ഷകർ ഭൂമിയെ ഒരു സ്ഥിരബിന്ദുവായി നിർത്തിക്കൊണ്ട് നക്ഷത്രങ്ങളുടെയും, ഭൂമിയിലെ തന്നെ മറ്റ് പോയിന്റുകളുടെയും സ്ഥാനങ്ങൾ ഏറെക്കുറേ കൃത്യതയോടെ ഗണിച്ചിരുന്നു. ഇത് ജ്യോതിശ്ശാസ്ത്രമാണ് (astronomy). ട്രിഗണോമെട്രി പോലുള്ള ഗണിത സങ്കേതങ്ങളെ ആസ്പദമാക്കിയുള്ള ഈ കണക്കുകൂട്ടലുകളിൽ ആകാശതാരകങ്ങളോ താരഗ്രഹങ്ങളോ തന്നെ വേണമെന്നില്ല, ഏത് സാങ്കൽപിക ബിന്ദുവിന്റെയും ഭ്രമണ പഥത്തിന്റെയും രേഖാചിത്രം ഉണ്ടാക്കാം. ജ്യോതിശ്ശാസ്ത്രത്തിന്റെ ഈ "കണക്കു കൂട്ടൽ" രീതികളെ എടുത്ത് ജ്യോതിഷത്തിന്റെ (astrology) മേന്മയായി ആരോപിക്കുന്നിടത്താണ് ഗോപാലകൃഷ്ണന്റെ ആദ്യ നമ്പർ തുടങ്ങുന്നത്:

ജ്യോതിഷം എന്നത് കണക്കുകൂട്ടൽ ഭാഗം (calculation part) , ജ്യോതിശ്ശാസ്ത്ര ഭാഗം (Astronomy part), പ്രവചന ഭാഗം (prediction part) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളുണ്ടെന്ന് ആദ്യമേ സ്ഥാപിക്കുന്നു. മൂന്നുഭാഗമുണ്ടെന്നുമാത്രമല്ല, മൂന്ന് ഭാഗവും തുല്യപ്രാധാന്യമുള്ളതാണെന്ന ധ്വനിയും കേൾവിക്കാർക്ക് നൽകുന്നു. എന്നിട്ട് അതിലെ ആദ്യ ഭാഗമായ calculation part ശുദ്ധമായ മാത്തമാറ്റിക്സ് ആണെന്നും അത് സയൻസാണെന്നും പറയുന്നു. തുടർന്ന് രണ്ടാം ഭാഗം ആസ്ട്രോണമിയിലേതാണെന്ന് ആവർത്തിച്ചുറപ്പിക്കുന്നു. ജ്യോതിശ്ശാസ്ത്രത്തിന്റെ ഒരു വിഭാഗമാണ് ജ്യോത്സ്യം എന്ന് കേൾക്കുന്നവനിൽ തെറ്റിദ്ധാരണയുണ്ടാക്കുകയാണ് ഉദ്ദേശ്യം. "കടലിലെ വെള്ളവും ചിരട്ടയിലെ വെള്ളവും വെള്ളം തന്നെയാണ്, അതുകൊണ്ട് ചിരട്ടയിലുള്ളത് കടലാണ്" എന്ന് പറയുന്ന ഒരു താർക്കിക കുതന്ത്രം.[7] രണ്ടാമത്തെ കള്ളത്തരം ജ്യോതിഷത്തിലെ prediction part (പ്രവചനഭാഗം) എന്ന ഒരു ഭാഗത്തിനു "മാത്രമാണ്" ശാസ്ത്രീയ വിശദീകരണം ഇല്ലാത്തത്, ബാക്കിമുഴുവനും ശാസ്ത്രീയത നിറഞ്ഞുതുളുമ്പുന്നതാണ് എന്ന് കേൾവിക്കാരെ തെറ്റിദ്ധരിപ്പിക്കുക എന്നതാണ്. ഈ ഉദ്ദേശ്യത്തോടെയാണ് "Mathematical application of a spherical body is 100% in alignment with ultramodern mathematics and geometry!" എന്നൊക്കെ ഗോപാലകൃഷ്ണൻ ആവർത്തിച്ച് തട്ടിവിടുന്നത്. യഥാർത്ഥത്തിൽ ജ്യോത്സ്യത്തിന്റെ മൂലക്കല്ലു തന്നെ അതിന്റെ പ്രവചനങ്ങളാണ്, അവയുടെ ഫലങ്ങൾ ജീവിതങ്ങളെ എങ്ങനെ ബാധിക്കാമെന്നതാണ്. അവയ്ക്ക് ശാസ്ത്രാടിസ്ഥാനമില്ലെന്നു വച്ചാൽ ജ്യോതിഷത്തിന്റെ മൂലക്കല്ലിനുതന്നെ ശാസ്ത്രാടിസ്ഥാനമില്ല എന്നാണർത്ഥം. അല്ലാതെ ഗോപാലകൃഷ്ണൻ പറഞ്ഞുവയ്ക്കുമ്പോലെ "മറ്റെല്ലാ അർത്ഥത്തിലും സയന്റിഫിക് ആയ" ജ്യോതിഷത്തിന്റെ ഒരു വിഭാഗത്തിനു മാത്രമല്ല ശാസ്ത്രീയാടിത്തറയിൽ വിശദീകരണമില്ലാത്തത്.

[7] ഇതിനെപ്പറ്റി *ജ്യോതിഷത്തിലെ* 'ജ്യോതിശ്ശാസ്ത്രം' (§1.3.5, പേജ് 14) എന്ന ഉപശീർഷകത്തിൽ പറഞ്ഞിട്ടുള്ളത് നോക്കുക.

ജ്യോതിഷമെന്ന അന്ധവിശ്വാസത്തെ ഗണിതഭാഗമെന്നും പ്രവചനഭാഗമെന്നുമൊക്കെയുള്ള ജാർഗണുകളിലൂടെ പ്രശ്ന വൽക്കരിക്കുകയും അതിലൊന്നിനു സയന്റിഫിക് വിശദീകരണമേ ഇല്ല "ബാക്കിയെല്ലാം പ്യൂവർ മാത്തമാറ്റിക്സാണ്. . . മാത്ത മാറ്റിക്സ് പ്യൂവർ സയൻസാണ്" എന്ന് വാദിക്കുകയും ചെയ്യുക വഴി മൂന്നാമതൊരു കള്ളത്തരവും ഗോപാലകൃഷ്ണൻ ഒപ്പി ക്കുന്നു - മാത്തമാറ്റിക്സ് (ഗണിതം) എന്നത് സയൻസ് അല്ല, മറിച്ച് സയൻസിന്റെ ഭാഷ മാത്രമാണ് എന്ന വസ്തുതയെ തലകീഴായി നിർത്തുന്നു. ഗണിതത്തിൽ $2 + 2 = 4$ എന്ന് പറയുന്നതിനു ശാസ്ത്രത്തിൽ പ്രത്യേകിച്ച് ഒരു അർത്ഥവു മില്ല. സയൻസിൽ അതിനെന്തെങ്കിലും അർത്ഥമുണ്ടാവണമെങ്കിൽ അതിനൊരു യൂണിറ്റുണ്ടാകണം, ആ സംഖ്യകൾ 'ബലം', 'ഗുരുത്വാകർഷണം', 'ഊർജ്ജം', 'പ്രവേഗം', 'തരംഗദൈർഘ്യം' തുടങ്ങിയ അസംഖ്യം ഭൗതിക parameter-കളിൽ എന്തി നെയെങ്കിലും പ്രതിനിധീകരിക്കണം. അല്ലാത്തിടത്തോളം അവ ഏതാനും അക്കങ്ങൾ മാത്രമായി നിൽക്കുകയേയുള്ളൂ. ആ കണക്കു കൊണ്ട് ശാസ്ത്രത്തിലെ അളവുകളും അങ്കങ്ങളും മാത്രമല്ല അരി,പച്ചക്കറി തുടങ്ങിയ സാധനങ്ങളുടെ വിലയും ഒക്കെ എഴുതാം. എന്നുവച്ച് അതൊന്നും 'സയൻസ്' ആവില്ല. നമുക്കു ചുറ്റുമുള്ള ലോകത്തെ - അത് താരാഗ്രഹങ്ങളുടെ ചുറ്റളവുകളും സ്ഥാനങ്ങളും ആയാലും ശരി, പ്രകാശകിരണങ്ങളുടെ ആവൃത്തിയായാലും ശരി, തുലാസിൽ തൂക്കുന്നതിന്റെ അളവുകളായാലും ശരി - സംഖ്യകളായി അവതരിപ്പിക്കുക എന്നതാണ് ശാസ്ത്രത്തിന്റെ രീതി. അതിനു ശാസ്ത്രം ഉപ യോഗിക്കുന്ന ഭാഷമാത്രമാണ് കണക്ക് അഥവാ മാത്തമാറ്റിക്സ്. ലളിതമായ ഒരു ഉദാഹരണം പറഞ്ഞാൽ Chess കളിയിൽ കരുക്കളുടെ പൊസിഷൻ എങ്ങനെ വരുമെന്ന സാധ്യതകൾ വച്ച് ധാരാളം കണക്കുകൾ ചെയ്യാം. ഗണിതം ഉണ്ട് എന്നു വച്ച് ചെസ്സ് ബോർഡും ചെസ്സുകളിയും ശാസ്ത്രമാണെന്ന് പറയാൻ തുടങ്ങിയാൽ? ചുരുക്കത്തിൽ "മാത്തമാറ്റിക്സ് പ്യൂവർ സയൻസാണ്" എന്ന് ഗോപാലകൃഷ്ണൻ പറയുമ്പോൾ അത് ജ്യോത്സ്യത്തിലെ ഗണിതം ശുദ്ധശാസ്ത്രമാണ് എന്ന് തോന്നി പ്പിക്കാനുള്ള വാചകക്കസർത്തെന്നതിൽ കവിഞ്ഞൊന്നുമല്ല.

ലഗ്നത്തിൽ ചൊവ്വയുള്ള ഭാര്യാഭർത്താക്കന്മാരുടെ 'തുള്ള്'ലിനെപ്പറ്റി പറയുന്നിടത്ത് ഈ തരത്തിലുള്ള 'ശാസ്ത്രവൽക്ക രിക്കൽ' ഒന്നുകൂടെ വ്യക്തമാണ്. ഭാര്യയുടെ തുള്ളൽ ഭർത്താവിന്റെ തുള്ളലുമായി 'പ്രതിപ്രവർത്തിച്ച്' ഒന്നു മറ്റൊന്നിനെ അടക്കിക്കോളും എന്ന് സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം പറയുന്നത് നോക്കുക:

> *നെഗറ്റീവ് X നെഗറ്റീവ് ഈസ് ഈക്വൽ റ്റു പോസിറ്റീവ്. അവിടെ പ്ലസ് അല്ല വരുക, ഇന്റു ആണ്. ആ മൈനസ് ഇന്റു ഈ മൈനസ്: രണ്ടും കൂടിയായാൽ റിസൾട്ട് പോസിറ്റീവ് ആയിരിക്കും (?!)*

ഇവിടുത്തെ കള്ളക്കളി വാക്കുകളുടെ പ്രതിനിധീകരണത്തിലാണ്. കണക്കിൽ ഒരു സംഖ്യ നെഗറ്റീവ് (ഋണം) ആണ് എന്ന് പറയുന്നതും ഭാഷയിൽ "ചീത്ത" എന്ന അർത്ഥത്തിൽ ഒരു സംഗതിയെ നെഗറ്റീവ് എന്ന് പറയുന്നതും തമ്മിൽ ഒരു ബന്ധവുമില്ല. മാത്രമല്ല, ഗുണനവും ഹരണവുമൊക്കെ കണക്കിലാണ്. ഭാഷയിലെ "ചീത്ത" എന്നർത്ഥമുള്ള രണ്ട് നെഗറ്റീവ് എടുത്ത് ഗുണിക്കുക (multiply) ചെയ്യുക എന്നത് സാധ്യമായ കാര്യമേ അല്ല. പരമമണ്ടത്തരം മാത്രമല്ല, കുരുട്ടുവിദ്യ കൂടി യാണിത് - താൻ സംസാരിക്കുന്നത് മാത്തമാറ്റിക്സ് പോലെ കൃത്യവും തീർച്ചമൂർച്ചയുള്ളതുമായ സയന്റിഫിക് കാര്യമാണ് എന്ന ധ്വനി ഉണ്ടാക്കുക.

അൽപം കൂടി ചെല്ലുമ്പോൾ എല്ലാ കപടശാസ്ത്രവാദികളും ഗതികെടുമ്പോൾ എടുത്തിടുന്ന മറ്റൊരു ഡിഫൻസും കേൾക്കാം: അപ്പോളോ ആശുപത്രിയിലെ ഏതോ ഒരു ന്യൂറോസർജ്ജൻ ഇൻഡ്യൻ സ്പിരിച്വാലിറ്റിയുടെ ശാസ്ത്രീയത യെപ്പറ്റി ദ ഹിന്ദു പത്രത്തിൽ ഒരു ചോദ്യത്തിനുത്തരമായി എഴുതിയത്രേ, ഇതൊക്കെ സയൻസുകൊണ്ട് വിശദീകരിക്കണ മെങ്കിൽ ഇനി ഒരു 25വർഷം കൂടി സയൻസ് വളരേണ്ടിയിരിക്കുന്നു എന്ന്. നിങ്ങൾ ഒരു ആൾ ദൈവാനുയായിയെ വിമർശിച്ചു നോക്കൂ, ഉടൻ കേൾക്കാം ഈ ലൈനിലെ വാദം: "എത്രയോ വലിയ വലിയ ആളുകൾ അവിടെ പോകുന്നു. ഡോക്ടർമാർ കളക്റ്റർമാർ ഒക്കെ. അപ്പോൾ അതിലെന്തെങ്കിലും സത്യമില്ലാതിരിക്കില്ലല്ലോ" എന്ന്. 'വലിയ വലിയ ആളുക'ളുടെ വക്കാ ലത്തെടുക്കൽ (Fallacy of Argument from Authority) എന്ന അന്ധവിശ്വാസപ്രചാരകരുടെ സ്ഥിരം നമ്പരാണ് ഇവിടെ ഗോപാലകൃഷ്ണനും പ്രയോഗിക്കുന്നത്. ആരാണീ രാമമൂർത്തി? തമിഴ്നാട്ടിലെ ഒരു ന്യൂറോസർജ്ജൻ. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെയും മറ്റും തലപ്പത്തിരുന്നിട്ടുള്ള ആൾ. ഒരു വൈദ്യനെന്ന നിലയിലെ അദ്ദേഹത്തിന്റെ പ്രാഗൽഭ്യമോ പ്രശസ്തിയോ ഒന്നും മറ്റൊരു വിഷയത്തിലെ അദ്ദേഹത്തിന്റെ അഭിപ്രായത്തെ ആധികാരികമാക്കുന്നില്ല.

നാട്ടിലെ കാക്കാലന്മാരെയും കൈനോട്ട, മഷിനോട്ട ഉഡായിപ്പുകാരെയും വിശ്വസിക്കരുത്, മറിച്ച് സയന്റിഫിക് ജൗതിഷി കളെ വിശ്വസിക്കൂ എന്ന് പറയാതെ പറയുന്നതാണ് മറ്റൊരു കള്ളത്തരം. നാരായണപിള്ള, നമ്പീശൻ, ഗിരി, ധർമ്മരാജയ്യർ തുടങ്ങിയ അടുത്തൂൺപറ്റിയ കുറേ ഡോക്ടറേറ്റുകാരെയും പി.എച്.ഡികാരെയുമൊക്കെ "ആധികാരിക ജ്യോത്സ്യ"ന്മാരായി കേൾവിക്കാർക്ക് ഗോപാലകൃഷ്ണൻ പരിചയപ്പെടുത്തുന്നത് പരിഹാസ്യമായ ഈ ആധികാരികതാ നാട്യത്തിന്റെ ഭാഗമാണ്. കാലടി സംസ്കൃത സർവകലാശാലയിൽ നൽകുന്ന M.A (Master of Arts) ബിരുദത്തെ "മാസ്റ്റർ ഒഫ് അജ്ഞാനം" ആണെന്ന വിലകുറഞ്ഞ തമാശ വഴി ഡോ: ഗോപാലകൃഷ്ണൻ വിമർശിക്കുന്നതും മറ്റൊന്നിനുമല്ല. ഗവൺമെന്റ് ഒഫ് ഇന്ത്യ ഒരു സയന്റിസ്റ്റിനേ 1947-നു ശേഷം ഡീലിറ്റ് കൊടുത്തുള്ളൂ, അത് തനിക്കാണ് എന്ന് അഭിമാനപൂർവം അവകാശപ്പെടുന്നതും ഇതേ ഗോപാലകൃഷ്ണൻ തന്നെയാണ് എന്നോർക്കണം. അപ്പോൾ എല്ലാ M.A-യും മാസ്റ്റർ ഒഫ് അജ്ഞാനമല്ല അല്ലേ?!

ഇതേ 'ആധികാരികതാ നാട്യം' ഗോപാലകൃഷ്ണൻ പ്രസംഗത്തിന്റെ അവസാനഭാഗത്തും (യൂട്യൂബ് ക്ലിപ്പ്-11,03:00) ഒരു ചോദ്യത്തിന്റെ ഉത്തരത്തിൽ ആവർത്തിക്കുന്നുണ്ട്. വ്യത്യസ്ത ജാതകങ്ങളിലായി പല ഗ്രഹനിലകളുള്ളവർ ഒരു ക്ലാസിൽ ഒരേ കോഴ്സിനു പഠിക്കുന്നതും ഒരേ വിധിയിലൂടെ/ഫലത്തിലൂടെ പോകുന്നതും എങ്ങനെയാണെന്ന ഒരു ചോദ്യത്തിന്

ഉത്തരം നൽകാൻ ഗോപാലകൃഷ്ണൻ കൂട്ടുപിടിക്കുന്നത് ഒരു ഐ.ഏ.എസ് ഓഫീസറെയാണ് (തിരുവനന്തപുരം കളക്ടറായിരുന്ന നന്ദകുമാർ). ഐ.ഏ എസ് ഓഫീസറുടെ അഭിപ്രായത്തിനു 'സയന്റിഫിക്' ആധികാരികത ധ്വനിപ്പിക്കാനാവണം, ടി.വ്യക്തിക്ക് ഡോക്ടറേറ്റുണ്ടെന്നും കൂട്ടിച്ചേർത്തിട്ടാണ് ഗോപാലകൃഷ്ണൻ ആ ചോദ്യത്തിനുത്തരം കൊടുക്കുന്നത്. 'ഗ്രൂപ്പ് ആസ്ട്രോളജി'യുടെ പ്രവചനം പൂർത്തിയാക്കാനെന്നവണ്ണം പല സ്ഥലത്തുള്ളവർ ഒന്നിച്ച് ഒരിടത്ത് വരുന്നതിലൂടെയാണ് വാഹനാപകടങ്ങളിലെ കൂട്ടമരണം പോലുള്ള ഈ 'ഗ്രൂപ്പ്' സംഭവങ്ങളിൽ ഫലങ്ങൾ ഉണ്ടാകുന്നത് എന്നാണ് നന്ദകുമാർ ഐ.ഏ.എസ്സിന് ഈ കാര്യത്തിലുള്ള അഭിപ്രായമെന്ന് ഗോപാലകൃഷ്ണൻ പറയുന്നു. ഐ.ഏ.എസ് എന്ന പദവിയോ ഡോക്ടറേറ്റോ ഉള്ളയാളാണ് പറയുന്നത് എന്നു വച്ച് ഇതുപോലുള്ള ശുദ്ധാസംബന്ധത്തിന് ആധികാരികതയുണ്ടാവില്ല. ഈ സാമാന്യനിയമം ബയോകെമിസ്ട്രിയിലെ ട്രെയിനിങ്ങിന്റെയും പേറ്റന്റുകളുടെയുമൊക്കെ ശാസ്ത്ര പശ്ചാത്തലം വച്ചുകൊണ്ട് ഈവക അന്ധവിശ്വാസങ്ങൾക്ക് ശാസ്ത്രീയതയുണ്ടെന്ന് വാദിച്ചുറപ്പിക്കാൻ ഇറങ്ങുന്ന ഗോപാലകൃഷ്ണനു തന്നെയും ബാധകമാണ്.

1.9 നാളെ?

ജ്യോതിഷം മാത്രമല്ല, നാളെയിനി കോടാങ്കി ശാസ്ത്രം,കാകശാസ്ത്രം കാക്കാലന്റെ കൈനോട്ടം, പക്ഷിശാസ്ത്രം, ഗൗളി ശാസ്ത്രം, താംബൂലപ്രശ്നം, ദൂതലക്ഷണം എന്നിങ്ങനെയുള്ള സകല ഫലപ്രവചനരീതികൾക്കും സയന്റിഫിക് വ്യാഖ്യാനങ്ങൾ ചമയ്ക്കാൻ ഡോക്ടറേറ്റുകളും പേറ്റന്റുകളുമുള്ള പുതിയ ഗോപാലകൃഷ്ണന്മാർ മുന്നോട്ടു വന്നേയ്ക്കാം. പക്ഷി സയന്റിഫിക്കല്ലേ? ഗൗളിയും ഗൗളിയുടെ ചിലയ്ക്കലും സയന്റിഫിക്കല്ലേ? പിന്നെ അതിന്റെ ഫലഭാഗം - അത് സയന്റിഫിക്കല്ലെങ്കിലും യൂസ്ഫുൾ ആണോ അല്ലയോ എന്ന് നോക്കി നമുക്ക് സ്വീകരിക്കാവുന്നതാണ് എന്നാരെങ്കിലും പറഞ്ഞാൽ "നിന്റെ അമ്മായിയമ്മേടെ അടിയന്തരത്തിനു പായസം വിളമ്പാൻ" എന്ന ഒരു സിനിമാ തെറി പിരിച്ച് വ്യാഖ്യാനിക്കുന്ന സുരാജ് വെഞ്ഞാറമ്മൂടിനെ ഓർമ്മവരുന്നത് ഒരു കുറ്റമല്ല!

1.10 കൂടുതൽ വായനയ്ക്ക്

1. The Exact Sciences in Antiquity (Published lectures): Otto Neugebauer;1957
2. Babylonian Planetary Omens: Erica Reiner, David E. Pingree ; 1975
3. ജ്യോതിഷവും ജ്യോതിശ്ശാസ്ത്രവും: പ്രഫസർ കെ.പാപ്പൂട്ടി (പരിഷത്ത് പ്രസാധനം); 2002
4. Indo Aryan Deities and Worship as Contained in the Rigveda: Albert Pike 1872
5. The Aryabhatiya of Aryabhata: Walter E. Clark (University of Chicago, IL); 1930 (includes critical notes by Brahmagupta et al)

അദ്ധ്യായം 2

സർവ്വജ്ഞന്റെ ചൊവ്വാദോഷങ്ങൾ

ഉമേഷ് പി. എൻ.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയന്റിഫിക് ഹെറിറ്റേജ്[1] എന്ന സ്ഥാപനത്തിന്റെ സ്ഥാപകനായ ഡോ. എൻ. ഗോപാലകൃഷ്ണ നെപ്പറ്റി ഞാൻ ഒന്നിലധികം തവണ എന്റെ ബ്ലോഗിൽ[2] എഴുതിയിട്ടുണ്ട്. മതപ്രസംഗങ്ങൾ പുരാണകഥകളിലും മനുഷ്യന്റെ തലയ്ക്കു മുകളിൽ കൂടി മാത്രം പോകുന്ന ആദ്ധ്യാത്മികതത്ത്വങ്ങളിലും മാത്രം ഒതുങ്ങി നിന്ന കാലത്ത് ശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ ഹൈന്ദവതത്ത്വങ്ങൾ വിശദീകരിച്ചു കൊണ്ട് ശ്രദ്ധ നേടിയ പ്രഭാഷകനാണ് അദ്ദേഹം. ഹൈന്ദവസമൂഹത്തിൽ ഉണ്ടായിരുന്ന പല അന്ധവിശ്വാസങ്ങളെയും മിഥ്യാധാരണകളെയും തിരുത്താൻ ശ്രമിക്കുക വഴി ഒരു പുരോഗമന വാദി എന്ന പേരും ആദ്യകാലത്ത് അദ്ദേഹം നേടിയിരുന്നു.

IISH-ന്റെ നേതൃത്വത്തിൽ ഭാരതീയപൈതൃകത്തെയും ഭാരതത്തിന്റെ ശാസ്ത്രപാരമ്പര്യത്തെയും പറ്റി ധാരാളം പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പലയിടത്തു നിന്നായി ശേഖരിച്ച വിവരങ്ങൾ അടങ്ങിയ Indian Scientific Heritage എന്ന പുസ്തകം അബദ്ധങ്ങൾ നിറഞ്ഞതാണെങ്കിലും ഇത്തരത്തിൽ ആദ്യത്തേതാണ്. ആര്യഭടീയം തുടങ്ങി പല പുസ്തകങ്ങളും അദ്ദേഹം പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്.

ശ്രദ്ധേയമായ ഇത്തരം ചില പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ടെന്നു സമ്മതിക്കുമ്പോൾ തന്നെ, പ്രസിദ്ധീകരണങ്ങളും പ്രഭാഷണങ്ങളും വഴി അദ്ദേഹം പ്രചരിപ്പിക്കുന്ന കള്ളത്തരങ്ങളും പ്രതിലോമകരങ്ങളായ ആശയങ്ങളും കണ്ടില്ലെന്നു നടിക്കാൻ വയ്യ. സ്വയം ശാസ്ത്രജ്ഞനെന്ന് അവകാശപ്പെടുമ്പോഴും, അദ്ദേഹം ചരിത്രത്തെ സമീപിക്കുന്നത് ശാസ്ത്രീയത ഒട്ടുമില്ലാതെ, വ്യക്തമായ സ്ഥാപിത താത്പര്യങ്ങൾ വെച്ചാണ്. പ്രാചീനഭാരതത്തിന് ഇല്ലാത്ത മഹത്ത്വം ചാർത്താനും മറ്റു രാജ്യങ്ങളിലുണ്ടായിരുന്ന വിദ്യയെ ഇകഴ്ത്താനുമുള്ള ഇദ്ദേഹത്തിന്റെ ശ്രമത്തിനു തെളിവുകളായി സത്യവിരുദ്ധമായ പ്രസ്താവനകളാണ് പ്രാചീനഭാരതീയഗ്രന്ഥങ്ങളിൽ നിന്ന് എന്നു പറഞ്ഞ് ഇദ്ദേഹം നിരത്തുന്നത്.

ഡോ. ഗോപാലകൃഷ്ണൻ നടത്തിയ ഒരു പ്രഭാഷണപരമ്പരയിൽ ഡാർവിന്റെ പരിണാമസിദ്ധാന്തവും ഹൈസൻബെർഗിന്റെ അൺസേർട്ടന്റി പ്രിൻസിപ്പിളും പ്രാചീനഭാരതീയകൃതികളിലുണ്ടെന്നു പറഞ്ഞതിനെ സൂരജ് രാജൻ ***സയന്റിഫിക് ഉഡായിപ്പ്***: ഗോപാലകൃഷ്ണന്റെ 'വാത'ങ്ങൾ[3] എന്ന പോസ്റ്റിൽ പൊളിച്ചടുക്കിയിരുന്നു. സായണന്റെ ഒരു വാക്യത്തിന്റെ അർത്ഥം പ്രകാശപ്രവേഗം കൃത്യമായി തരുന്നതാണെന്നുള്ള വാദം ഉന്നയിച്ച പലരും അതിനു പല കണക്കുകളും ഉപയോഗിക്കുന്നതിനെ വിമർശിച്ച എന്റെ ***ആളു നോക്കി മാറുന്ന യോജന***[4] എന്ന പോസ്റ്റിൽ ഡോ. ഗോപാലകൃഷ്ണന്റെ മറ്റൊരു കള്ളത്തരത്തെപ്പറ്റി പരാമർശിച്ചിരുന്നു. ഈ രണ്ടു പോസ്റ്റുകളുടെ ഫലമാണെന്നു തോന്നുന്നു, ഡോ. ഗോപാലകൃഷ്ണന്റെ ആ വീഡിയോ സീരീസ് യൂട്യൂബിൽ നിന്ന് അപ്രത്യക്ഷമായി. ഈ വീഡിയോകളിൽ പൊട്ടത്തെറ്റുകളാണെന്നു ബോദ്ധ്യമായതു കൊണ്ടാവണമല്ലോ സംഘാടകർക്ക് അതു മാറ്റണമെന്നു തോന്നിയത്.

പക്ഷേ, ഒരു സെറ്റു വീഡിയോകൾ എടുത്തുകളഞ്ഞതുകൊണ്ടു മാത്രം ഈ കള്ളത്തരങ്ങളുടെ തെളിവുകൾ ഇല്ലാതാവുന്നില്ല. ഡോ. ഗോപാലകൃഷ്ണൻ നടത്തിയ അസംഖ്യം പ്രഭാഷണങ്ങൾ ഓഡിയോ കാസറ്റുകളായി വിറ്റഴിച്ചിട്ടുണ്ട്. അതുപോലെ, അദ്ദേഹം എഴുതിയ പല പുസ്തകങ്ങളും അബദ്ധപ്പഞ്ചാംഗങ്ങളായി ഇംഗ്ലീഷിലും മലയാളത്തിലും പല രൂപങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയൊക്കെ അൽപസ്വൽപം വിദ്യാഭ്യാസമുള്ളവരെ നോക്കി പല്ലിളിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു

---

[1] http://iish.org/
[2] ഗുരുകുലം (http://malayalam.usvishakh.net/blog/)
[3] http://surajcomments.blogspot.com/2010/02/pseudosciencegopalakrishnanindian.html
[4] http://malayalam.usvishakh.net/blog/archives/404

സെറ്റു വീഡിയോകൾ ഡിലീറ്റു ചെയ്ത് ആളുകളുടെ കണ്ണുകളിൽ പൊടിയിടാമെന്ന മൗഢ്യം ഡോ. ഗോപാലകൃഷ്ണനും IISH-നും ഉണ്ടാവില്ല എന്നു പ്രതീക്ഷിക്കുന്നു.

ഡിലീറ്റു ചെയ്ത വീഡിയോകൾ വലിയ ഒരു മഞ്ഞുമലയുടെ അറ്റം മാത്രമാണ്. അതിലുള്ളതിലും വലുതും ഭീകരവുമായ അബദ്ധങ്ങളും അവകാശവാദങ്ങളും അടങ്ങിയ പലതും ഇനിയും വെളിച്ചം കാണാനിരിക്കുന്നതേയുള്ളൂ. കഴിഞ്ഞ വർഷം നടന്ന ഒരു ഹിന്ദുമഹാസമ്മേളനത്തിൽ ശ്രീ ഗോപാലകൃഷ്ണൻ നടത്തിയ ഒരു പ്രഭാഷണം 13 എപിസോഡുകളായി ഇപ്പോഴും യൂട്യൂബിലുണ്ട്. (ഇന്നു തന്നെ എല്ലാം കാണുക. നാളെ ഒരു പക്ഷേ അവ ഡിലീറ്റ് ചെയ്തെന്നിരിക്കും!)

ജ്യോതിഷം എന്നു പറയുന്ന കപടശാസ്ത്രത്തിന്റെ ശാസ്ത്രീയതയും വിശ്വാസ്യതയും ഊന്നിപ്പറയുകയാണ് ഈ സീരീസിൽ ചെയ്യുന്നത്. കൂട്ടത്തിൽ ജ്യോത്സ്യന്മാർ (താനും തന്നെപ്പോലെ ശാസ്ത്രജ്ഞന്മാർ രൂപഭേദം വന്ന ചിലരും ഒഴികെ), ജ്യോതിഷം പഠിച്ചവർ, പൊതുജനം, തന്റെ പ്രസംഗം കേൾക്കുന്നവർ, യുക്തിവാദികൾ തുടങ്ങിയവർ പരമമണ്ടന്മാരാണെന്നു പ്രഖ്യാപിക്കുകയും തനിക്കു കിട്ടിയ ബിരുദങ്ങളെയും ബഹുമതികളെയും പേറ്റന്റുകളെയും പറ്റി പൊങ്ങച്ചം പറയുകയും തന്റെ പ്രസംഗം ഒരുപാട് ആളുകളെ ഹഠാദാകർഷിച്ചിട്ടുണ്ടെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട് ഇദ്ദേഹം.

അസംബന്ധങ്ങളുടെ ഘോഷയാത്രയാണ് ഈ സീരീസ്. ഇദ്ദേഹത്തിനു സയൻസ് മാത്രമല്ല, ജ്യോതിഷവും അറിയില്ല എന്ന് ഈ പ്രസംഗം വെളിവാക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ.

2.1 ആ. . .

ഡോ. ഗോപാലകൃഷ്ണന്റെ ഈ പ്രസംഗപരമ്പരയുടെ സാരാംശം അദ്ദേഹം തന്നെ ആറ്റിക്കുറുക്കി നാലാമത്തെ വീഡിയോയിൽ 10:29 മുതൽ 10:58 വരെയുള്ള ഭാഗത്തു പറയുന്നുണ്ട്.

> *ഒരു പ്രത്യേകഗ്രഹത്തിനു കുറെ കാരകങ്ങൾ കൊടുത്തിരിക്കാം. ആരാ കൊടുത്തത്? ഋഷിവര്യന്മാർ. എന്തുകൊണ്ടാ കൊടുത്തത്? അങ്ങനെയുള്ളതാ ഗ്രഹത്തിനെന്തുകൊണ്ടാ കൊടുത്തത്, ഒരൊറ്റ ഉത്തരേയുള്ളൂ. എന്തുകൊണ്ട് ഈ ഗ്രഹത്തിനു ഇങ്ങനെയുള്ള കാരകത്വം കൊടുത്തുയെന്നുള്ളതിനെന്താ ഉത്തരം? മലയാളത്തിൽ രണ്ടാമത്തെ അക്ഷരം. എന്താ ഉത്തരം?* ***ആ!***

ഇത് ഈ സീരീസിൽ പലയിടത്തും ആവർത്തിക്കുന്നുണ്ട്. ഉത്തരമില്ലാത്ത ചോദ്യങ്ങൾക്കൊക്കെ "ആ. . . " എന്നൊരുത്തരവും ചോദ്യകർത്താവിനെ അവഹേളിച്ചുകൊണ്ട് ഒരു ചിരിയും.

ഇദ്ദേഹം എന്താണു പറയുന്നതെന്നുള്ളതിന്റെ ഉത്തരവും ഇതു തന്നെ. ആ! നമുക്ക് ആ ആപ്തവാക്യങ്ങൾ ഓരോന്നായി കേൾക്കാം.

2.2 കലിവർഷം സ്പെയിനിലും ജെർമനിയിലും അമേരിക്കയിലും!

ഏറ്റവും വിചിത്രമായ അവകാശവാദം വീഡിയോ 2-ൽ 05:47 മുതൽ 06:22 വരെയാണ്. കേൾക്കുക:

> *ഒന്നുകൂടി നമ്മളറിയണം. 1820 വരെ ഏ.ഡിയുമുണ്ടായിരുന്നില്യ, ബി.സിയുമുണ്ടായിരുന്നില്ല്യ. . . ലോകമെമ്പാടും, സ്പെയിനിലാണെങ്കിലും ഇംഗ്ലണ്ടിലാണെങ്കിലും ജെർമനിയിലാണെങ്കിലും അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരായിരുന്ന. . . സോറി. . . റെഡ് ഇന്ത്യൻസും ഉപയോഗിച്ചിരുന്നത് K.E ആണ് - കലി ഇറ! കലിവർഷം ആരംഭിച്ചത് ഏത് ദിവസം മുതൽക്കാണോ ആ ദിവസമാണ് എടുത്തിരുന്നത്. ഏ.ഡി, ബി.സി ഒക്കെ പിന്നീടാ വന്നത്. കെ.ഇ കുറേ കാലമായിട്ടുണ്ട്.*

അതായത് 1820 വരെ AD, BC എന്നിവ ആരും ഉപയോഗിച്ചിരുന്നില്ല. പകരം KE (കലി ഇറ) ആണ് സ്പെയിൻ, ജെർമനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ ഉപയോഗിച്ചിരുന്നതത്രേ! ഇത്തരം ഉഡായിപ്പ് ഒരു സദസ്സിന്റെ മുന്നിൽ നിന്നു വിളിച്ചു പറയാൻ ഇങ്ങേർക്ക് ഒരു ഉളുപ്പുമില്ലായിരുന്നു എന്നതും, അതു കേട്ട വിദ്യാസമ്പന്നരായ മലയാളികൾ ഒരക്ഷരം പോലും ചോദിച്ചില്ല എന്നതും വിചിത്രമായിരിക്കുന്നു. ഏഡിയും ബീസിയും ആറാം നൂറ്റാണ്ടു തൊട്ടേ ഉപയോഗിച്ചിരുന്നു എന്നതിനു തെളിവുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ഈ കലണ്ടറിനെ പരിഷ്കരിച്ച് ജൂലിയൻ രീതിക്കു പകരം ഗ്രിഗോറിയൻ രീതി മൂന്നുനാലു നൂറ്റാണ്ടു കൊണ്ട് ലോകം മുഴുവൻ നടപ്പിലാക്കിയ കാര്യം അൽപസ്വൽപം വിദ്യാഭ്യാസമുള്ള എല്ലാവർക്കും അറിയാം. എന്നിട്ടാണ് ഇങ്ങനെയൊരു ഉദീരണം!

ഇതു കഴിഞ്ഞ് ഗ്രീനിച്ച് രേഖ അംഗീകരിക്കുന്നതിനു മുമ്പ് ലോകം മുഴുവൻ ഭാരതത്തിലെ ഉജ്ജയിനിയിലൂടെ പോകുന്ന രേഖാംശമാണ് സമയനിർണ്ണയത്തിനുപയോഗിച്ചിരുന്നത് എന്നും പറയുന്നുണ്ട്. എന്തൊരു തമാശ!

2.3 1473-ൽ നിന്ന് 500 കുറച്ചാൽ 2500!

ഒന്നാം വീഡിയോയിൽ 09:13 മുതൽ 10:21 വരെ ഒരു തകർപ്പുണ്ട്. കേൾക്കുക:

> *ഈ ജ്യോതിഷത്തിൽ ഉപയോഗിച്ചിരിക്കുന്ന അസ്ട്രോണമിക്കൽ കൺസെപ്റ്റ് – അത് നൂറു ശതമാനവും അൾട്രാ മോഡേൺ അസ്ട്രോണമിയാണ്. ഭൂമി ഉരുണ്ടതാണ് എന്നുള്ളത് നമ്മുടെ ജ്യോതിഷത്തിലുമുണ്ട്: "മൃത് ജല ശിഖി വായുമയോ ഭൂഗോളഃ സർവ്വതോ വൃത്തഃ". മൃത്-മണ്ണ്; ജലം, ശിഖി-അഗ്നി; വായുമയോ ഭൂഗോള - ഗോളമെന്ന വാക്കിന്റെ അർത്ഥമറിയാം. . . സർവ്വതോ വൃത്തഃ ചന്ദ്രനെ എവിടെനിന്ന് നോക്കിയാലും വൃത്താകൃതിയിലാകുന്നത് പോലെ ഭൂമിയെ എവിടെ നിന്ന് നോക്കിയാലും spherical shape ഉള്ള ഭൂമി വൃത്താകൃതിയിലാൺ. അതുകൊണ്ട് ജ്യോതിഷത്തിലെ കാൽക്കുലേഷൻ നടത്തിയിരിക്കുന്നത്, കോപ്പർനിക്കസും ഗലീലിയോയും കെൽവിനും സർ ഐസക് ന്യൂട്ടനും അതേ പോലെയുള്ളവരും ജനിക്കുന്നതിനു 2500 വർഷങ്ങൾക്ക് മുൻപാണെങ്കിലും അന്നും ഭാരതീയർക്ക് ഭൂഗോളമെന്ന കൺസെപ്റ്റ് തന്നെയുണ്ടായിരുന്നു - അത് ഭാഗവതത്തിൽ വായിച്ചാൽ ഭൂഗോളവിവരണാധ്യായം എന്ന നാലധ്യായങ്ങളുണ്ട്. . .*

ഈ കോപ്പർനിക്കസിന്റെയും ഗലീലിയോയുടെയും ന്യൂട്ടന്റെയും കൂടെ കെൽവിനെ എന്തിനു കൂട്ടിക്കെട്ടി എന്നു മനസ്സിലാകുന്നില്ല. ഒരു പക്ഷേ കെപ്ലറെയായിരിക്കും കെൽവിൻ എന്നു പറഞ്ഞത്. (കീറ്റ്സ് എന്നു പറഞ്ഞില്ലല്ലോ, ഭാഗ്യം!) കോപ്പർനിക്കസ് ജനിച്ചത് 1473-ൽ. അതിന് 2500 വർഷം മുമ്പെന്നു പറഞ്ഞാൽ ബി. സി. 1028. ആദ്യത്തെ ശുൽബസൂത്രത്തിനു പോലും ബി. സി. എട്ടാം നൂറ്റാണ്ടിൽ കൂടുതൽ പഴക്കമില്ല എന്നാണ് അനുമാനം. അതിനു മുമ്പ് ഭൂമി സൂര്യനെ ചുറ്റുന്നു എന്ന് അറിഞ്ഞിരുന്നത്രേ!

ഇതിൽ ഉദ്ധരിക്കുന്ന സംസ്കൃതവാക്യം ആര്യഭടീയം ഗോളപാദത്തിലെ ആറാം ശ്ലോകത്തിൽ നിന്നാണ്. (ആര്യഭടനു ശേഷം ബ്രഹ്മഗുപ്തനും വരാഹമിഹിരനും ഇതു പറഞ്ഞിട്ടുണ്ട്.[5] നാലു മൂലകങ്ങൾ അവിടെ പഞ്ചഭൂതങ്ങളായി എന്നു മാത്രം.)

> **വൃത്തഭപഞ്ജരമദ്ധ്യേ**
> **കക്ഷ്യാപരിവേഷ്ടിതഃ ഖമദ്ധ്യഗതഃ**
> **മൃജ്ജലശിഖിവായുമയോ**
> **ഭൂഗോളഃ സർവ്വതോവൃത്തഃ**

അർത്ഥം: വൃത്താകൃതിയിലുള്ള നക്ഷത്രക്കൂട്ടത്തിന്റെ നടുക്കു സ്ഥിതി ചെയ്യുന്നതും, ഗ്രഹങ്ങൾ നിറഞ്ഞ ആകാശത്തിന്റെ (ബ്രഹ്മാണ്ഡത്തിന്റെ എന്നാണു ഭാസ്കരൻ ഒന്നാമന്റെ വ്യാഖ്യാനം) മദ്ധ്യത്തിലുള്ളതും, മണ്ണ്, ജലം, അഗ്നി, വായു എന്നിവ നിറഞ്ഞതുമായ[6] ഭൂഗോളം എല്ലായിടത്തും വൃത്താകൃതി ഉള്ളതാണ്.

ക്രിസ്തുവിനു ശേഷം അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എഴുതിയ ആര്യഭടീയത്തിലെ ഒരു ഭാഗമാണ് പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കോപ്പർനിക്കസിനും 2500 വർഷം മുമ്പിലുള്ള ആർഷഭാരതജ്ഞാനമായി എടുത്തു കീച്ചുന്നത്! (ബാക്കി ഉദ്ധരണികൾക്കൊക്കെ പുസ്തകത്തിന്റെയോ ആളിന്റെയോ പേരും എഴുതിയ തീയതിയുമൊക്കെ പറയുന്ന വിദ്വാൻ ഇവിടെ അതിനെപ്പറ്റി സൗകര്യപൂർവ്വം വിട്ടുകളഞ്ഞതു കണ്ടോ?) കണക്കുകൾ കൃത്യം കൃത്യമായി ഉദ്ധരിക്കുന്ന ശ്രീ ഗോപാലകൃഷ്ണനു നൂറ്റാണ്ടുകളുടെ കണക്കു തെറ്റി എന്നു ഞാൻ കരുതുന്നില്ല. ആര്യഭടീയത്തിന്റെ വ്യാഖ്യാനമെഴുതിയ അദ്ദേഹത്തിന് ഈ ശ്ലോകം ആര്യഭടീയത്തിലേതാണെന്ന് അറിയില്ലായിരുന്നു എന്നും വിശ്വസിക്കാൻ കഴിയില്ല. പിന്നെ എന്തുകൊണ്ടാണ് അദ്ദേഹം ഇത് കോപ്പർനിക്കസിനും 2500 കൊല്ലം മുമ്പുള്ളതാണെന്ന പച്ചക്കള്ളം തട്ടിവിടുന്നത്?

മാത്രമല്ല, ഭൂമിയാണു പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നു വ്യക്തമായി പറഞ്ഞിരിക്കുന്ന ശ്ലോകമാണ് ഭൂമി സൂര്യനെ ചുറ്റുന്നു എന്നതിന്റെ തെളിവായി ഉദ്ധരിക്കുന്നത്! ഭൂമിയാണു കേന്ദ്രം എന്നർത്ഥമുള്ള ഭാഗം മറച്ചുവെച്ചതു വെറുതെയാണോ?

എന്തായാലും പ്രാചീനഗ്രീക്ക് ഫിലോസഫിയിൽ ഭൂമി ഗോളമാണെന്നു പറഞ്ഞിരുന്നു. ബി.സി. ആറാം നൂറ്റാണ്ടിൽ പിഥഗോറസ് വ്യക്തമായി അതു പറഞ്ഞിരുന്നു. അതിന് ആദ്യമായി ഒരു ശാസ്ത്രീയവിശദീകരണം നൽകിയത് അരിസ്റ്റോട്ടിൽ(ബി. സി. നാലാം നൂറ്റാണ്ട്) ആണ്. ചില സ്ഥലങ്ങളിൽ നിന്നു ദൃശ്യമായ ചില നക്ഷത്രങ്ങൾ മറ്റു ചില സ്ഥലങ്ങളിൽ നിന്നു ദൃശ്യമല്ല എന്നതായിരുന്നു ആ വിശദീകരണം. ബി. സി. മൂന്നാം നൂറ്റാണ്ടിൽ ഐതിഹാസികമായ ഒരു പരീക്ഷണത്തിലൂടെ ഇറാത്തോസ്തനീസ് ഭൂമിയുടെ വലിപ്പം കണക്കുകൂട്ടി.

ഭാരതീയർ ഭൂഗോളത്തെ മനസ്സിലാക്കുന്നത് ഇതിനു ശേഷമാണ്. ആര്യഭടൻ ഭൂമിയും മറ്റു ഗ്രഹങ്ങളും ഗോളാകൃതിയിലാണെന്നു പറയുകയും അവയുടെ വലിപ്പം പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. എന്തായാലും, ഇവരാരും തന്നെ ഭൂമി സൂര്യനെ

---

[5] ഈ മൂന്നു ഗണിതജ്ഞരുടെ ശ്ലോകങ്ങളും അർത്ഥവും അനുബന്ധത്തിൽ ***ഭൂമിയുടെ ഗോളാകൃതി*** എന്ന വിഭാഗത്തിൽ (§4.3, പേജ് 51) വായിക്കാം.

[6] ഈ ചതുർഭൂതസിദ്ധാന്തം ബാബിലോണിയയിൽ നിന്നു വന്നതാണ്. അനു (അഗ്നി), ഈയ (ജലം) എൻലിൽ (വായു) മാർദുക് (ഭൂമി). നാലു ദിക്കുകൾക്ക് അധിപർ. അരിസ്റ്റോട്ടലിന്റെ കാലത്ത് ഇതു 'ശാസ്ത്രം' ആയി. മണ്ണ്, ജലം, വായു, അഗ്നി എന്നിവ ക്രമാൽ മുകളിലായി സ്ഥിതി ചെയ്യുന്നുവെന്നും, ഓരോന്നും അതിന്റെ സവിശേഷസ്വഭാവം തേടുന്നു എന്നും, അതിനാൽ വെള്ളത്തിലെ വായു മുകളിലേക്കും, വായുവിലെ അഗ്നി മുകളിലേക്കും, വെള്ളത്തിൽ മണ്ണു കീഴേയ്ക്കും പോകുന്നു എന്നൊരു ഗമണ്ടൻ ഗ്രാവിറ്റി തിയറി അരിസ്റ്റോട്ടിൽ കൊണ്ടുവന്നിരുന്നു! ഇന്ത്യയിൽ ഇത് എപ്പോഴോ ആകാശവും കൂടെ കൂടി പഞ്ചഭൂതമായി.

ചുറ്റുന്നു എന്നു പറഞ്ഞിട്ടില്ല. അരിസ്റ്റാർക്കസിനെ (ക്രി. മു. മൂന്നാം നൂറ്റാണ്ട്) ഒഴിച്ചുനിർത്തിയാൽ, കോപ്പർനിക്കസിനു മുമ്പ് ഈ സിദ്ധാന്തം ആരും പറഞ്ഞിട്ടില്ല. ആര്യഭടനും (അഞ്ചാം നൂറ്റാണ്ട്) ബ്രഹ്മഗുപ്തനും(ഏഴാം നൂറ്റാണ്ട്) ഭാസ്കരനും (പന്ത്രണ്ടാം നൂറ്റാണ്ട്) ഒക്കെ ഭൂകേന്ദ്രസിദ്ധാന്തികളായിരുന്നു. സൗരയൂഥസിദ്ധാന്തത്തോട് ഏറ്റവും അടുത്തു നിൽക്കുന്ന തിയറി ആവിഷ്കരിച്ച ഭാരതീയശാസ്ത്രജ്ഞൻ മാധവൻ (പതിനാലാം നൂറ്റാണ്ട്) ആണ്. സൂര്യനും ചന്ദ്രനും ഭൂമിയെ ചുറ്റുന്നുവെന്നും മറ്റു ഗ്രഹങ്ങൾ സൂര്യനെ ചുറ്റുന്നുവെന്നുമുള്ള സിദ്ധാന്തമായിരുന്നു അത്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രഹങ്ങളുടെ വക്രഗതി (Retrograde motion)യെ[7] വിശദീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഭൂമി ഒരു ഗോളമാണെന്ന അറിവു വേറേ; അതു സൂര്യനെ ചുറ്റുന്നു എന്ന അറിവു വേറേ. ആദ്യത്തേത് ആര്യഭടീയത്തിലുണ്ട്. അതു വ്യാഖ്യാനിക്കുമ്പോൾ അതിന് രണ്ടാമത്തെ അർത്ഥവുമുണ്ട് എന്ന് ഡോ. ഗോപാലകൃഷ്ണൻ തെറ്റായി പലയിടത്തും പറഞ്ഞിട്ടുണ്ട്.

ഇനി, ഭാഗവതത്തിൽ ഭൂഗോളവിവരണാദ്ധ്യായം എന്ന പേരിൽ നാലദ്ധ്യായം പോയിട്ട് ഒരദ്ധ്യായം പോലുമില്ല. 'ഭുവനകോശവർണ്ണനം' എന്ന പേരിൽ ഒരെണ്ണമുണ്ട്. അഞ്ചാം സ്കന്ധത്തിലെ പതിനാറാം അദ്ധ്യായം. ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരിച്ച ഭാഗവതം (മൂലം - മലയാളം) പുസ്തകത്തിന്റെ ഉള്ളടക്കത്തിൽ (Table of contents) ഈ അദ്ധ്യായത്തിന്റെ പേര് 'ഭൂഗോളവർണ്ണനം' എന്നാണെന്നു പറഞ്ഞിട്ടുണ്ട്. (എവിടെയൊക്കെ ആരൊക്കെ കൂട്ടിച്ചേർക്കുന്നുണ്ടു ഭഗവാനേ!) ആ അദ്ധ്യായത്തിന്റെ ശരിയായ പേര് 'ഭുവനകോശവർണ്ണനം' എന്നാണ്. പൂർണ്ണമായും ഗദ്യത്തിലുള്ള ഈ അദ്ധ്യായത്തിൽ (ഭാഗവതത്തിൽ ഗദ്യത്തിലുള്ള ഭാഗങ്ങൾ പിൽക്കാലത്തു കൂട്ടിച്ചേർത്തതാണെന്നാണു പണ്ഡിതാഭിപ്രായം) 'ഭൂഗോളകവിശേഷം' എന്ന ഒരു വാക്കു മാത്രമാണ് ആകെ ഗോളപരാമർശം. അതിനു ശേഷമുള്ള വർണ്ണന ബഹുവിശേഷം:

> യോ വായം ദ്വീപഃ കുവലയകമലകോശാഭ്യന്തരകോശോ നിയുതയോജനവിശാലഃ സമവർത്തുളോ യഥാ പുഷ്കരപത്രം. യസ്മിൻ നവവർഷാണി നവയോജനസഹസ്രായാമാന്യഷ്ടിർമര്യാദാ ഗിരിഭിഃ സുവിഭക്താനി ഭവന്തി. ഏഷാം മദ്ധ്യേ ഇളാവൃതം നാമാഭ്യന്തരവർഷം യസ്യ നാഭ്യാമവസ്ഥിതഃ സർവ്വതഃ സൗവർണ്ണഃ...

എന്നു പോകുന്നു. അർത്ഥം ചുരുക്കിപ്പറഞ്ഞാൽ:

> താമരയില പോലെ കൃത്യം വട്ടത്തിൽ നിയുതം (നിയുതത്തിനു ലക്ഷം, പത്തു ലക്ഷം, പതിനായിരം കോടി എന്നൊക്കെ അർത്ഥം കണ്ടിട്ടുണ്ട്. സൗകര്യം പോലെ എടുക്കാം.) യോജന (8000 ആൾപ്പൊക്കമാണ് യോജനയെന്ന് ആര്യഭടൻ പറയുന്നു. ഏഴു മുതൽ 15 വരെ കിലോമീറ്റർ ഒരു യോജനയുടെ ദൈർഘ്യമായി പറഞ്ഞുകേൾക്കാറുണ്ട്.) വിസ്താരത്തിൽ ഉള്ള സാധനമാണു ഭൂമി. ഒമ്പതിനായിരം യോജന വീതം വലിപ്പമുള്ള ഒമ്പതു ദേശങ്ങളും അവയ്ക്കിടയിലായി എട്ടു പർവ്വതങ്ങളുമുണ്ട്. ഇവയുടെ കൃത്യം മദ്ധ്യത്തിൽ സ്വർണ്ണമയമായ ഇള സ്ഥിതി ചെയ്യുന്നു

ഭൂമി പരന്നതാണ് എന്ന് ഇതിലും വ്യക്തമായി എങ്ങനെ പറയാൻ പറ്റും? താമരയില പോലെ വൃത്തത്തിൽ. ഒമ്പതു ദേശത്തിനിടയിൽ അതിരുകളായി എട്ടു പർവ്വതങ്ങളേ ഉള്ളൂ എങ്കിൽ ഭൂമി പരന്നതാവണ്ടേ? (ഉരുണ്ടതാണെങ്കിൽ ഇടയ്ക്ക് ഒമ്പതു പർവ്വതങ്ങളുണ്ടാവണം.) ഈ പരാമർശത്തെയാണ് ഡോ. ഗോപാലകൃഷ്ണൻ ഭാഗവതത്തിൽ ഭൂമി ഉരുണ്ടതാണെന്നു പറഞ്ഞിട്ടുണ്ട് എന്നു പറയുന്നത്!

ഇനി, എട്ടാം നൂറ്റാണ്ടിനു ശേഷം രചിക്കപ്പെട്ട ഭാഗവതത്തിൽ ഭൂമി ഉരുണ്ടതാണെന്നു പറഞ്ഞാലും അദ്ഭുതമില്ല. ഒരു ആദ്ധ്യാത്മികഗ്രന്ഥമായ ഭാഗവതത്തിൽ ഇതൊക്കെ കൃത്യമായി പറയണമെന്ന് അഭിപ്രായവുമില്ല. പക്ഷേ, ഇത് അതാണ് എന്ന കള്ളം പറയാൻ പാടില്ല എന്നേ എനിക്കു പറയാനുള്ളൂ.

മഹാഭാരതം ശാന്തിപർവ്വത്തിൽ ഭൂമിയുടെ ഗോളാകൃതിയെപ്പറ്റി പറയുന്നുണ്ട് എന്നൊരു പരാമർശം കണ്ടിരുന്നു. ഇതിനെപ്പറ്റി കൂടുതൽ അറിയില്ല.

2.4 ലഗ്നമെന്തെന്നു ഞാനറിയും. . .

നാലാം വീഡിയോയിൽ 08:54 മുതൽ 09:15 വരെ ലഗ്നത്തെപ്പറ്റി പറയുന്നുണ്ട്.

> *യഥാർത്ഥത്തിൽ, ഈ ജാതകത്തിൽ നാലു പരാമീറ്ററുപയോഗിച്ച്, ലഗ്നം അഥവാ right ascension, ഇംഗ്ലീഷിൽ right ascension അതെഴുതിക്കഴിഞ്ഞ്, പിന്നെ celestial bodies എവിടെയാണെന്ന് കറക്ട് മാതൃഭൂമി കലണ്ടറിൽ ഒരു കോളമുണ്ട്. അതു നോക്കിയാൽ നിങ്ങൾക്കു കാൽക്കുലേറ്റ് ചെയ്യാം.*

[7] ഗ്രഹങ്ങളുടെ വക്രഗതിക്കുള്ള യഥാർത്ഥ കാരണം മനസ്സിലാക്കാൻ സൂരജിന്റെ ലേഖനത്തിലെ ***ജ്യോതിഷത്തിലെ 'ജ്യോതിശ്ശാസ്ത്രം'*** (§1.3.5, പേജ് 14) എന്ന ഖണ്ഡം വായിക്കുക.

ഗ്രഹം	ശരിയായ സ്ഥാനം	ആര്യഭടൻ	ബ്രഹ്മഗുപ്തൻ	ഭാസ്കരൻ രണ്ടാമൻ
സൂര്യൻ	349:55 (-10:05)	0:00	0:00	0:00
ചന്ദ്രൻ	357:52 (-2:08)	0:00	0:00	0:00
ബുധൻ	334:41 (-25:19)	0:00	357:24:29 (-2:35:31)	357:24:29 (-2:35:31)
ശുക്രൻ	02:32	0:00	358:42:14 (-1:17:46)	358:42:14 (-1:17:46)
ചൊവ്വ	346:31 (-13:29)	0:00	359:03:50 (-0:56:10)	359:03:50 (-0:56:10)
വ്യാഴം	3:07	0:00	359:27:36 (-0:32:24)	359:27:36 (-0:32:24)
ശനി	324:17 (-35:43)	0:00	358:46:34 (-1:13:26)	358:46:34 (-1:13:26)
രാഹു	193:20	180:00	153:12:58	153:12:58
കേതു	13:20	0:00	333:12:58	333:12:58

പട്ടിക 2.1: കലിവർഷം ആരംഭിച്ചപ്പോഴുള്ള ഗ്രഹസ്ഥിതി

ലഗ്നം എന്നു വെച്ചാൽ Right ascension ആണെന്നാണു പറയുന്നത്. (ലഗ്നം കണ്ടുപിടിക്കുന്നതെങ്ങനെ എന്നു ഡോ. ഗോപാലകൃഷ്ണൻ പറഞ്ഞിരിക്കുന്നതും പരമാബദ്ധമാണ്.) ഒരു പ്രത്യേകസമയത്ത് നേരേ കിഴക്കു കാണുന്ന രാശി/ആംഗിൾ ആണു ലഗ്നം. ഇതിനെ ഇംഗ്ലീഷിൽ ascendant എന്നാണു പറയുക. Right ascension എന്നു പറഞ്ഞാൽ First point of Aries-ൽ നിന്ന് ഭൂമദ്ധ്യരേഖയിലൂടെ കിഴക്കോട്ട് അളന്നാൽ ഏത് ആംഗിളിലാണ് ഒരു ഗോളം സ്ഥിതിചെയ്യുന്നത് എന്നതിന്റെ അളവാണ്. Ascendant ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേക സ്ഥലത്ത് ഒന്നേ ഉള്ളൂ, അത് സ്ഥലമനുസരിച്ചു മാറുകയും ചെയ്യും. Right ascension ഒരു പ്രത്യേകസമയത്ത് ഓരോ ഗോളത്തിനും വ്യത്യസ്തമാണ്.

ജ്യോതിശ്ശാസ്ത്രം പഠിക്കുന്നവർ ആദ്യത്തെ ക്ലാസ്സിൽ പഠിക്കുന്നതാണ് right ascension. ജ്യോത്സ്യം പഠിക്കുന്നവർ ആദ്യം പഠിക്കുന്നതാണ് ascendant. ഡോ. ഗോപാലകൃഷ്ണന് രണ്ടിനെപ്പറ്റിയും ഒരു വിവരവുമില്ല എന്നു സാരം.

2.5 കലി തുടങ്ങിയ ദിവസത്തിൽ. . .

ഇനി നമുക്ക് രണ്ടാം വീഡിയോയിലെ 07:43 മുതൽ 08:55 വരെയുള്ള ഭാഗം കേൾക്കാം.

> *യഥാർത്ഥത്തിൽ കലിയുഗം ആരംഭിച്ചത് – കറക്റ്റ് പൊസിഷനാണ് – ബി.സി 3102, ഫെബ്രുവരി മാസം 17 വ്യാഴാഴ്ച രാത്രി 11:55ന്. ഇത് കാൽക്കുലേയ്റ്റഡ് ആണ്! ഭൂമി,സൂര്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, ഗുരു, ശുക്രൻ, ശനി – ആൽഫാ ഏറീസ് പോയിന്റെന്ന മേട സംക്രാന്തി രേഖയിൽ വരുന്നത് –ഒറ്റ ലൈൻ . . . . ആര്യഭടനും ഭാസ്കരാചാര്യനും ബ്രഹ്മഗുപ്തനും എല്ലാവരും പറയുന്നു, ഒരാൾക്ക് അഭിപ്രായവ്യത്യാസമുണ്ടായിരുന്നു – ഭാസ്കരാചാര്യർ രണ്ടാമൻ. ആൽഫാ ഏറീസ് പോയിന്റിൽ നിന്ന് 4 ഡിഗ്രി മാറീട്ടാണു ചന്ദ്രൻ നിൽക്കുന്നു എന്ന്, ബാക്കിയെല്ലാ ഗ്രഹങ്ങളും അക്കൂട്ടത്തിലായിരുന്നു എന്ന് ഒരു സയന്റിസ്റ്റിന് അഭിപ്രായമുണ്ടായിരുന്നു. . .*

കലിയുഗം തുടങ്ങിയ സമയത്ത് എല്ലാ ഗ്രഹങ്ങളും ഒരേ രേഖയിൽ വന്നു എന്ന് ശ്രീ ഗോപാലകൃഷ്ണൻ ഇവിടെ പറയുന്നു. ഇത് ഏറെക്കുറെ ശരിയാണ്. എന്നാൽ ശ്രീ ഗോപാലകൃഷ്ണൻ പറയുന്നതു പോലെ കിറുകൃത്യമല്ല. അദ്ദേഹം പറയുന്നതനുസരിച്ച് ആര്യഭടനും ബ്രഹ്മഗുപ്തനും ഭാസ്കരാചാര്യനും ഇവ നേർരേഖയിലായിരുന്നു എന്നു പറഞ്ഞിരുന്നു എന്നും അവരിൽ ഭാസ്കരാചാര്യൻ മാത്രം ഒരു അൽപം ഭേദഗതി - ചന്ദ്രൻ നാലു ഡിഗ്രി മാറിയാണ് എന്ന് - നിർദ്ദേശിച്ചു എന്നുമാണു ഭാഷ്യം.

ആദ്യമായി ആര്യഭടനും ബ്രഹ്മഗുപ്തനും ഭാസ്കരനും എന്താണു പറഞ്ഞതെന്നു നോക്കാം. പട്ടിക 2.1-ൽ അവ കൊടുത്തിരിക്കുന്നു. അതോടൊപ്പം, ഈ സമയത്തെ ഈ ഗ്രഹങ്ങളുടെ യഥാർത്ഥ സ്ഥാനം എന്തായിരുന്നെന്നും. അതനുസരിച്ച് ജൂലിയൻ കലണ്ടർ പ്രകാരം ബി. സി. 3102 ഫെബ്രുവരി 17 രാത്രി 11:55-നുള്ള ഗ്രഹങ്ങളുടെ നിരയനസ്ഫുടങ്ങൾ ആധുനികജ്യോതിശ്ശാസ്ത്രമുപയോഗിച്ചു കണക്കുകൂട്ടിയതാണ് രണ്ടാം കോളത്തിൽ. മൂന്ന്, നാല് അഞ്ച് കോളങ്ങളിൽ യഥാക്രമം ആര്യഭടൻ, ബ്രഹ്മഗുപ്തൻ, ഭാസ്കരൻ എന്നിവർ പറഞ്ഞ മൂല്യങ്ങളും.

ഇനി ഡോ. ഗോപാലകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ ഓരോന്നായി പരിശോധിക്കാം.

1. ഗ്രഹങ്ങളെല്ലാം മേടസംക്രാന്തിയിൽ ഒരേ രേഖയിലാണെന്ന് ആര്യഭടനും ബ്രഹ്മഗുപ്തനും പറഞ്ഞപ്പോൾ, ഭാസ്കരൻ രണ്ടാമൻ ചന്ദ്രൻ മാത്രം 4 ഡിഗ്രി മാറിയാണെന്നും ബാക്കിയെല്ലാം മേടസംക്രാന്തിയിലാണെന്നും പറഞ്ഞു.

   തെറ്റ്. ആര്യഭടൻ മാത്രമേ അങ്ങനെ പറഞ്ഞിട്ടുള്ളൂ. ബ്രഹ്മഗുപ്തനും ഭാസ്കരനും ഒന്നു തന്നെയാണു പറഞ്ഞത്. അവർ പറഞ്ഞതനുസരിച്ച്,

   - സൂര്യനും ചന്ദ്രനും മേടസംക്രാന്തിയിൽ ആണ്.

- ബാക്കിയുള്ളവ അവിടെയല്ല. ഒരു ഡിഗ്രി 18 മിനിട്ടു വരെ വ്യത്യാസമുണ്ട്. രാഹുകേതുക്കൾ 27 ഡിഗ്രിയോളം മാറിയാണ്.

2. ഈ കണക്കൊക്കെ കിറുകൃത്യമാണ്. അതായത്, നാലു ഡിഗ്രിയിൽ കൂടുതൽ വ്യത്യാസം ഇല്ലായിരുന്നു. രാഹുവൊഴികെ എല്ലാം പൂജ്യം ഡിഗ്രിയിൽ (മേഷസംക്രാന്തി) നിന്നു (രാഹു 180-ലും).

   തെറ്റ്. -36 ഡിഗ്രി മുതൽ +14 ഡിഗ്രി വരെ 50 ഡിഗ്രിയുടെ അന്തരാളത്തിലാണ് ഇവ നിന്നിരുന്നത്. അല്ലാതെ അങ്ങേയറ്റം നാലു ഡിഗ്രിയുടെ വ്യത്യാസത്തിലല്ല.

3. ഈ മേടസംക്രമത്തെ പാശ്ചാത്യർ Alpha-Aries എന്നു വിളിക്കുന്നു.

   ഇതിനെ അങ്ങനെ വിശേഷിപ്പിക്കുന്ന സമ്പ്രദായം ഞാൻ ഇതു വരെ കണ്ടിട്ടില്ല. (Alpha Arietis എന്നത് ഒരു നക്ഷത്രത്തിന്റെ പേരാണ്.) ഇതിനെ First point of Aries എന്നാണു വിളിക്കുന്നത്. നിർവ്വചനം മാത്രമേ ഉള്ളൂ. ഭാരതീയരുടെ മേടസംക്രമവും പാശ്ചാത്യരുടെ First point of Aries-ഉം ഒന്നിച്ചല്ല സംഭവിക്കുന്നത്. ആര്യഭടന്റെ കാലത്ത് മേടസംക്രാന്തിയും FPA-യും ഒരിടത്തായിരുന്നു. ബി സി 3102-ൽ FPA മേടസംക്രാന്തിയെക്കാൾ 46 ഡിഗ്രി മുന്നിലായിരുന്നു. ഇപ്പോൾ അത് ഏകദേശം 23 ഡിഗ്രി പുറകിലാണ്.

കലിയുഗം എന്ന കാലഗണനാസമ്പ്രദായം തുടങ്ങിയത് ഇങ്ങനെ എല്ലാ ഗ്രഹങ്ങളും ഏകദേശം ഒരേ രേഖയിൽ വരുന്ന ജ്യോതിശ്ശാസ്ത്രസംഭവത്തിൽ നിന്നായിരിക്കാം. (ബാക്കി മൂന്നു യുഗങ്ങളുടെയും കാലം അതിൽ നിന്നു പുറകോട്ടു നിശ്ചയിച്ചതുമാവാം.) വളരെക്കാലം മുമ്പു തന്നെ ഇതു കണ്ടെത്തി കണക്കുകൂട്ടി രേഖപ്പെടുത്തി വെച്ചിരുന്നു എന്ന വസ്തുത അഭിമാനിക്കത്തക്കതു തന്നെ. എങ്കിലും അതിൽ ഇല്ലാത്ത കൃത്യത ആരോപിക്കുന്നതും അതിനെപ്പറ്റി ഇല്ലാത്ത കാര്യങ്ങൾ പറയുന്നതും മനുഷ്യരെ വഴി തെറ്റിക്കാൻ തന്നെയാണ്.

2.6 വരാഹമിഹിരൻ പറഞ്ഞതൊന്ന്, ഗോപാലകൃഷ്ണൻ കേട്ടതു വേറൊന്ന്. . .

ദാ വരുന്നു അടുത്ത സാധനം. ഇത് രണ്ടാം വീഡിയോയിൽ 09:46 മുതൽ അവസാനം (10:29) വരെയും മൂന്നാം വീഡിയോയിൽ ആദ്യം മുതൽ 0:28 വരെയും കേൾക്കാം:

> *വരാഹമിഹിരാചാര്യൻ 605 ഏ.ഡിയിൽ ബൃഹത് സംഹിത എന്ന പുസ്തകത്തിൽ, അതേപോലെത്തന്നെ പഞ്ചസിദ്ധാന്തികയിൽ എഴുതിക്കഴിഞ്ഞാൽ – എഴുതിക്കഴിഞ്ഞത് വായിച്ചാൽ – വരാഹമിഹിരാചാര്യന്റെ ഏറ്റവും ക്ലോസായിട്ടുള്ള ഒരു ഫ്രണ്ടുണ്ടായിരുന്നു – അദ്ദേഹത്തിന്റെ പേര് യവനാചാര്യൻ എന്നാണ്. അലക്സാണ്ട്രിയക്കാരനാണ് അദ്ദേഹം. ആ യവനാചാര്യന്റെ വീട് ഉജ്ജയിനിയിൽ നിന്ന് ഏതു latitude-ലും longitude-ലും ആണെന്ന് വരാഹമിഹിരാചാര്യൻ ഏ.ഡി 605-ൽ കാൽക്കുലേറ്റ് ചെയ്ത് പറഞ്ഞിട്ടുണ്ട്, 23 ഡിഗ്രി 05 മിനിറ്റ് west-ലാണ്, ഉജ്ജയിനിയിൽ നിന്ന് - അദ്ദേഹത്തിന്റെ വീട് സ്ഥിതിചെയ്യുന്നത്. ഇപ്പം കാൽക്കുലേറ്റ് ചെയ്താൽ 23 ഡിഗ്രി, 16 മിനിറ്റ് എന്ന് കാണാൻ സാധിക്കും. അത്ര ഷാർപ്പ് കാൽക്കുലേഷനാണ് 1500 വർഷങ്ങൾക്ക് മുൻപ് നമുക്ക്. . .*

ഇന്നത്തെ മദ്ധ്യപ്രദേശിൽ ഉള്ള ഉജ്ജയിനിയുടെ അക്ഷാംശവും രേഖാംശവും യഥാക്രമം 23:09 N, 75:43 E ആണ്. ഈജിപ്തിലുള്ള അലക്സാൻഡ്രിയയുടേത് 31:13 N, 29:58 E എന്നും. അതായത്, ഉജ്ജയിനിയെ അപേക്ഷിച്ച് 8 ഡിഗ്രി 34 മിനിട്ട് വടക്ക് അക്ഷാംശവും 45 ഡിഗ്രി 45 മിനിട്ട് പടിഞ്ഞാറ് രേഖാംശവുമുള്ള സ്ഥലമാണ് അലക്സാൻഡ്രിയ. ഈ നാൽപത്തഞ്ചു ഡിഗ്രി നാൽപത്തഞ്ചു മിനിട്ടു വ്യത്യാസത്തെയാണ് ഡോ. ഗോപാലകൃഷ്ണൻ 23 ഡിഗ്രി 16 മിനിട്ടാക്കിയത്. ഇനി ഈ ഡിഗ്രി, മിനിട്ട് എന്നൊക്കെപ്പറയുന്നതും ആര്യഭടന്റെ യോജന പോലെ ഡോ. ഗോപാലകൃഷ്ണന്റെ സ്പെഷ്യൽ അർത്ഥം ഉണ്ടാവുമോ?

ഇനി വരാഹമിഹിരൻ യഥാർത്ഥത്തിൽ പറഞ്ഞത് എന്താണെന്നു നോക്കാം. പഞ്ചസിദ്ധാന്തികയിലെ മൂന്നാമദ്ധ്യായമായ പൗലിശസിദ്ധാന്തത്തിലെ പതിമൂന്നാമത്തെ ശ്ലോകം: (ചില പുസ്തകങ്ങളിൽ ശ്ലോകങ്ങളുടെ നമ്പർ തുടർച്ചയായാണു കൊടുത്തിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ശ്ലോകം 51.)

> **യവനാന്തരജാ നാഡ്യഃ**
> **സപ്താവന്ത്യാസ്ത്രിഭാഗസംയുക്താഃ**
> **വാരാണസ്യാം ചികൃതിഃ**
> **സാധനമത്യ ച വക്ഷ്യാമി**

അർത്ഥം: യവനപുരത്തിൽ നിന്ന് ഏഴും മൂന്നിലൊന്നും നാഴിക ദൂരത്താണ് അവന്തി. (ഉജ്ജയിനി അവന്തിരാജ്യത്തിലായിരുന്നു.) വാരാണസി ഒമ്പതു നാഴികയും.

ഒരു നാഴിക ഇന്നത്തെ 24 മിനിറ്റായതിനാൽ അവന്തി 176 മിനിറ്റും വാരാണസി 216 മിനിറ്റും മുമ്പിലാണെന്നർത്ഥം. നാലു മിനിറ്റു സമയം ഒരു ഡിഗ്രി ആംഗിളിനു തുല്യമായതിനാൽ (360 ഡിഗ്രി = 24 മണിക്കൂർ) യവനപുരത്തിൽ നിന്നും യഥാക്രമം 44 ഡിഗ്രിയും 54 ഡിഗ്രിയും മാറിയാണ് ഉജ്ജയിനിയും വാരാണസിയും സ്ഥിതിചെയ്യുന്നത് എന്നു മനസ്സിലാക്കാം. ഇതു ശരിയാണ്. അലക്സാൻഡ്രിയ, ഉജ്ജയിനി, വാരണാസി ഇവയുടെ രേഖാംശം യഥാക്രമം 29:58, 75:43, 83:0 എന്നി വയാണ്. അതായത്, അലക്സാൻഡ്രിയയിൽ നിന്ന് ഉജ്ജയിനി 45 ഡിഗ്രി 45 മിനിട്ടും വാരാണസി 53 ഡിഗ്രി 2 മിനിട്ടും. ഇവ വരാഹമിഹിരന്റെ മൂല്യങ്ങളോട് വളരെ യോജിച്ചു പോകുന്നു.

ചുരുക്കം പറഞ്ഞാൽ വരാഹമിഹിരൻ പറഞ്ഞ വളരെ കൃത്യമായ ഒരു കാര്യത്തെ ഡോ. ഗോപാലകൃഷ്ണൻ വളച്ചൊടി ച്ചപ്പോഴേയ്ക്കും തികഞ്ഞ അസംബന്ധമായി മാറി! അതുപോലെ യവനപുരത്തെ വരാഹമിഹിരന്റെ 'ക്ലോസ് ഫ്രണ്ട്' ആയ യവനാചാര്യന്റെ വീടാക്കി.

ക്രിസ്തുവിനു ശേഷം രണ്ടാം നൂറ്റാണ്ടിലാണ് 'യവനജാതകം' എന്ന പുസ്തകത്തിന്റെ കർത്താവും അലക്സാൻഡ റുടെ ഭാരതാധിനിവേശത്തിനു ശേഷം ഇന്ത്യയിൽ താമസമാക്കിയ ഗ്രീക്കുകാരുടെ തലമുറയിലെ ഒരു പണ്ഡിതനും ഗുജ റാത്തും മഹാരാഷ്ട്രയുടെ കുറേ ഭാഗങ്ങളും ചേരുന്ന പശ്ചിമസത്രപ ഭൂവിഭാഗത്തിലെ രുദ്രദാമൻ ചക്രവർത്തിയുടെ സദസ്യനും ആയിരുന്ന യവനാചാര്യൻ എന്ന യവനേശ്വരൻ ജീവിച്ചിരുന്നത്. ഏ.ഡി 150-നോടടുത്ത് യവനാചാര്യൻ സംസ്കൃതത്തിൽ അവതരിപ്പിച്ച'യവനജാതക'ത്തിന്റെ ഒറിജിനൽ നഷ്ടപ്പെട്ടുവെന്നും അതിന്റെ പദ്യരൂപമാണു സ്ഫുജിധ്വജൻ ഏ.ഡി 269-ൽ അവതരിപ്പിച്ച 'യവനജാതകം' എന്നും കരുതപ്പെടുന്നു. (പ്രസ്തുത ഗ്രന്ഥത്തിൽ തന്നെ ശകയുഗവുമായി ബന്ധപ്പെട്ട ശക വർഷങ്ങളാണ് ഉപയോഗിച്ചിരിക്കുന്നതും പുസ്തകം ആദ്യം എഴുതിയത് ഇന്നയാളാണെന്ന് സ്ഫുജിധ്വജൻ തന്നെ വർഷം പറഞ്ഞ് സൂചിപ്പിച്ചിരിക്കുന്നതും ആണ് ഈ ഡേറ്റുകൾ ഇത്ര കൃത്യമായി കിട്ടാൻ കാരണം.) ഈ യവനാചാര്യനെയാണ് ഡോ. ഗോപാലകൃഷ്ണൻ അതിനും നാലു നൂറ്റാണ്ടുകൾക്കു ശേഷം ജീവിച്ചിരുന്ന വരാഹമിഹിരന്റെ 'ക്ലോസ് ഫ്രണ്ട്' ആക്കുന്നത്! എന്നിട്ട് ക്ലോസ് ഫ്രണ്ടിന്റെ വീടിന്റെ രേഖാംശം കണക്കുകൂട്ടിയിരുന്നത്രേ! യവനപുരി, സിദ്ധപുരി, യവകോടി, രോമകം തുടങ്ങിയ പല സ്ഥലങ്ങളെപ്പറ്റിയും ജ്യോതിശ്ശാസ്ത്രജ്ഞർ പ്രസ്താവിക്കുന്നുണ്ട്. ഈ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ജ്യോതിശ്ശാ സ്ത്രപഠനങ്ങൾ നടക്കുകയും ആ വിജ്ഞാനം അങ്ങോട്ടുമിങ്ങോട്ടും പങ്കുവെയ്ക്കുകയും ചെയ്തിട്ടുണ്ടാവണം അക്കാലത്ത്.

'ക്ലോസ് ഫ്രണ്ട്' ആയ യവനാചാര്യനെപ്പറ്റി പറഞ്ഞിട്ടില്ലെങ്കിലും യവനപുരിയെപ്പറ്റിയും യവനന്മാരെപ്പറ്റിയും വരാഹമി ഹിരൻ പറഞ്ഞിട്ടുണ്ട്. യവനന്മാരെപ്പറ്റി ബൃഹത്സംഹിത രണ്ടാം ആദ്ധ്യായത്തിൽ പതിനഞ്ചാം ശ്ലോകത്തിൽ ഇങ്ങനെ:

മ്ലേച്ഛാ ഹി യവനാസ്തേഷു സമ്യക് ശാസ്ത്രമിദം സ്ഥിതം
ഋഷിവത്തേപി പൂജ്യന്തേ കിം പുനർദൈവവിദ്ദ്വിജഃ

"മ്ലേച്ഛന്മാരാണെങ്കിലും യവനന്മാർക്ക് ഈ ശാസ്ത്രമൊക്കെ നല്ലതു പോലെ പിടിയുള്ളതു കൊണ്ട് അവരെപ്പോലും ഋഷി മാരോടൊപ്പം പൂജിക്കുന്നു. വിധിയെ അറിയുന്ന ബ്രാഹ്മണന്റെ കാര്യം പിന്നെ പറയേണ്ടല്ലോ. . . " എന്നർത്ഥം. ക്ലോസ് ഫ്രണ്ടിന്റെ വർഗ്ഗക്കാരോട് വരാഹമിഹിരനുള്ള ബഹുമാനം മനസ്സിലായല്ലോ!

ഇനി ഭാവിയിൽ ആർക്കെങ്കിലും പ്രസംഗിക്കാം: "ഡോക്ടർ ഗോപാലകൃഷ്ണന് സർ ഐസക് ന്യൂട്ടൺ എന്നൊരു **ക്ലോസ് ഫ്രണ്ട്** ഉണ്ടായിരുന്നു. ഒരിക്കൽ ഈ ക്ലോസ് ഫ്രണ്ട് ഒരു ആപ്പിൾ മരത്തിന്റെ കീഴിൽ ഇരിക്കുമ്പോൾ ഗോപാല കൃഷ്ണൻ മരത്തിന്റെ മുകളിൽ നിന്ന് ഗ്രാവിറ്റിയും റിലേറ്റിവിറ്റിയും ഒക്കെ കൃത്യമായി കാൽക്കുലേറ്റ് ചെയ്ത് ഒരു ആപ്പിൾ താഴേയ്ക്കിട്ടു. അതു തലയിൽ വീണപ്പോഴാണ് ന്യൂട്ടൻ ഗ്രാവിറ്റിയുടെ തിയറി ഉണ്ടാക്കിയത്. . . "

2.7 മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ആര്യഭടൻ!

രണ്ടാം വീഡിയോയിൽ 01:10 മുതൽ 02:09 വരെ ഭൂമി ഒരു ഡിഗ്രി തിരിയാൻ നാലു മിനിറ്റെടുക്കും എന്ന് ആര്യഭടൻ കൃത്യമായി കണ്ടുപിടിച്ചതിനെപ്പറ്റി ഗോപാലകൃഷ്ണൻ വാചാലനാകുന്നുണ്ട്.

> *. . . രണ്ടാമത്തെ പോയിന്റ്, ഭൂമികറങ്ങുന്ന സ്പീഡ് - കറക്റ്റായിട്ടാണു ഭാരതീയരെടുത്തിരിക്കുന്നത് –* **പ്രാണേനൈതി കലാംഭൂഃ ഭ്രമ ണതി** *ഒരു ശ്വാസോച്ഛ്വാസം വിടുന്ന സമയത്തിൽ ഭൂമി ഒരു ആംഗുലർ മിനിറ്റ് കറങ്ങുന്നു എന്ന് അസന്ദിഗ്ധമായിട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.ഒരു ശ്വാസോച്ഛ്വാസം വിടുന്ന സമയമെത്രയാണ്? സാധാരണ നമ്മളെപ്പോലെയുള്ളവര് ഒരു മിനിറ്റിൽ 16 പ്രാവശ്യമാണു ശ്വാസോച്ഛ്വാസം വിടു ന്നത്. . . എക്സാം റിസൽറ്റു വരുന്ന ദിവസത്തെ അല്ല. . . സാധാരണ ദിവസത്തിലെ. . . എങ്കിൽ 60 ഡിവൈഡഡ് ബൈ 16, അപ്രോക്സി മേറ്റ്ലി 4 സെക്കന്റ്! ഭൂമി ഒരു ആംഗുലർ മിനിറ്റ് കറങ്ങാൻ കറക്റ്റ് 4 സെക്കന്റ് എടുക്കുന്നു; മോഡേൺ വാല്യൂവും 2500 വർഷങ്ങൾക്ക് മുൻപുള്ള വാല്യൂവും ഒന്നു തന്നെയാണ്. . .*

360 ഡിഗ്രി തിരിയാൻ 24 മണിക്കൂർ (60 നാഴിക) വേണമെങ്കിൽ ഒരു ഡിഗ്രി തിരിയാൻ എത്ര സമയം വേണം എന്നത് മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടി ചെയ്യും. അതു വലിയ കണക്കായി എഴുന്നള്ളിക്കുന്നത് ആര്യഭടനെ അപമാനിക്കലാണ്.

ഭൂമി സ്വയം തിരിയുന്നതുകൊണ്ടാണു രാത്രിയും പകലും ഉണ്ടാകുന്നതെന്ന് ആര്യഭടൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആ നിരീക്ഷണം വളരെ മഹത്താണ്. പക്ഷേ, ഈപ്പറഞ്ഞ കണക്കുകൂട്ടൽ വളരെ ലളിതമാണ്. ഇതു വളരെ സങ്കീർണ്ണമാണെന്നു വരുത്താൻ ശ്വാസം വിടാൻ മനുഷ്യൻ എടുക്കുന്ന സമയവും മറ്റും ജീവശാസ്ത്രത്തെ അടിസ്ഥാനമാക്കി ഡോ. ഗോപാല കൃഷ്ണൻ വിശദീകരിക്കുന്നതു കാണുമ്പോൾ സഹതാപം തോന്നുന്നു.

ഇവിടെ പരാമർശിച്ചിരിക്കുന്ന ശ്ലോകം, അതിന്റെ അർത്ഥം, അതിനു തുടർച്ചയായി മറ്റുള്ളവർ എഴുതിയ ശ്ലോകങ്ങൾ എന്നിവ അനുബന്ധത്തിൽ (§4.4, പേജ് 52)വായിക്കാം.

2.8 '100% ആക്കുറേറ്റ്' ആയ ജനനം

ജനനസമയം കണക്കാക്കാൻ ഭൂസ്പർശനം, രോദനം, കടീബന്ധനം, ശിരോദർശനം എന്നിവയ്ക്കു പുറമേ ബീജവും അണ്ഡവും ചേർന്ന സമയം കണക്കാക്കിയാലേ ശരിയാവൂ എന്നു ജ്യോതിഷഗ്രന്ഥങ്ങൾ പറഞ്ഞിട്ടുണ്ടത്രേ! (നാലാം വീഡിയോ, 00:27 - 02:21)

> *ഈ ജാതകം എന്നു പറയുന്നതെന്താ ശരിക്കും? നമ്മളീ ഭൂമിയിലേക്ക് വീഴുന്ന സമയത്ത്, വരുന്ന സമയത്ത് ഈ celestial constellations എങ്ങനെയുണ്ടെന്ന് എഴുതലാണു ജാതകം. അത്രയേയുള്ളൂ. അത് ആ ജാതകമെഴുത്ത് പ്യുവർ സയന്റിഫിക്കാ. പ്യുവർലി സയന്റിഫിക്കാണ്. Prediction പാർട്ടിലേയ്ക്ക് ഞാൻ കടന്നില്ല, എന്റെ മകൻ ആഗസ്റ്റ് 8ആം തിയതി അഷ്ടമിരോഹിണിയിടുന്ന്, രാവിലെ ഏഴുമണി കഴിഞ്ഞ്, മൂന്നാമത്തെ മിനിറ്റ് ഭൂമിയിൽ ശിരസ്സ് സ്പർശിച്ചു എങ്കിൽ, അതല്ല, ആ സമയം കൃത്യം അറിഞ്ഞുകൂട, അപ്പോൾ കരഞ്ഞ സമയമെടുക്കാം. അതും കൃത്യം അറിഞ്ഞുകൂട, അപ്പോൾ പിന്നെ പൊക്കിൾക്കൊടി മുറിച്ച സമയമെടുക്കാം. അതല്ലെങ്കിൽ ശിരസ്സ് കണ്ട; നാലെണ്ണമാണു സാധിക്കുന്നത്. ഒന്നുകിൽ ഭൂസ്പർശനം, അല്ലെങ്കിൽ രോദനം, അല്ലെങ്കിൽ കടീബന്ധനം, അതല്ലെങ്കിൽ ശിരോദർശനം. ഈ നാലെണ്ണവും തമ്മിൽ കുറച്ചു വ്യത്യാസമുണ്ടാകും. എന്നാലും ഈ നാലെണ്ണത്തിനെയേ ആധാരമാക്കാൻ പറ്റുകയുള്ളൂ. ജ്യോതിഷ പ്പുസ്തകം വായിച്ചാൽ നിങ്ങൾക്കു മനസ്സിലാകും അഞ്ചെണ്ണമുണ്ടെന്ന്. ഞാൻ പറഞ്ഞത്, ശിരോദർശനം, ഭൂസ്പർശനം, കടീബന്ധനം (പൊക്കിൾക്കൊടി മുറിയ്ക്കുന്നത്), രോദനം(കരയുന്നത്). അതല്ലാതെ ഒരെണ്ണംണ്ട്. അച്ഛന്റെ ബീജം അമ്മയുടെ അണ്ഡവുമായിട്ട് ചേരുന്ന സമയം. അതു കാൽക്കുലേറ്റ് ചെയ്യാനാർക്കും പറ്റില്ല്യ. അപ്പോഴെന്താ സംഭവിക്യാ, അതു വിട്ടുകളഞ്ഞേക്കുക. അതും കാൽക്കുലേറ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിൽ, കറക്ട് എഴുതേണ്ടത് അവിടം മുതൽക്കാണ്*

ഏതു ഗ്രന്ഥമാണോ അവസാനത്തേതു പറഞ്ഞത്? എന്തായാലും കൊള്ളാം. ജ്യോതിഷം തെറ്റിയാൽ പറയാൻ ഒരു കാരണം കൂടിയായല്ലോ: "ബീജവും അണ്ഡവും ചേർന്ന സമയമാണു നോക്കേണ്ടത്. അതു നോക്കാതെ ജനിച്ച സമയം നോക്കിയാൽ ഫലം വ്യത്യാസമുണ്ടാകും...". ഇനി ശാസ്ത്രം ബുദ്ധിമുട്ടി ബീജാണ്ഡസംഗമസമയം നിർണ്ണയിക്കാനുള്ള വഴി കണ്ടുപിടിച്ചാൽ ഇവരെല്ലാവരും പുതിയ, 100% 'ആക്കുറേറ്റ്' ആയ, നമ്മുടെ കെരന്തങ്ങളിൽ പണ്ടേ പറഞ്ഞിട്ടുള്ള, തിയറിയുമായി വരും!

2.9 അറുപത്താറു ശതമാനം ഗ്യാസ്

ശ്രീ ഗോപാലകൃഷ്ണന്റെ വാക്കുകളുടെ ആധികാരിത വെളിവാക്കുന്ന ഒരു വാക്യം (നാലാമത്തെ വീഡിയോയിൽ 07:21 മുതൽ 07:29 വരെ):

> *ജീവിതത്തിൽ 66 ശതമാനം കാര്യങ്ങളും - നമ്മളുടെ ജീവിതത്തിലുള്ളത് - സയൻസുകൊണ്ട് എക്സ്പ്ലെയിൻ ചെയ്യാൻ സാധ്യല്ല.*

എന്തൊരു കൃത്യമായ ശതമാനക്കണക്ക്! ഇത് ശുദ്ധഗണിതം ഉപയോഗിച്ചാണോ ഡാറ്റ കളക്ട് ചെയ്ത് സ്റ്റാറ്റിസ്റ്റിക്സ്, സിമുലേഷൻ മുതലായവ ഉപയോഗിച്ച് കണ്ടുപിടിച്ചതാണോ അതോ പഴയ ഏതെങ്കിലും ഗ്രന്ഥത്തിലുള്ളതാണോ ("ശാസ്ത്രം ചിത്തേന നാസ്തി" എന്നോ മറ്റോ ഒരു വാക്യം എവിടെ നിന്നെങ്കിലും തപ്പിയെടുത്തിട്ട് –"മനസ്സു കൊണ്ടു മാത്രം ശാസ്ത്രം അപഗ്രഥിക്കാൻ പറ്റില്ല" എന്നർത്ഥം– ചിത്തം എന്നതു പരൽപ്പേര് പ്രകാരം 66 ആയതിനാൽ 66% സംഭവങ്ങൾക്കും ശാസ്ത്രം പറ്റില്ല എന്നൊരു അർത്ഥം ഉണ്ടാക്കിയെടുക്കാൻ വലിയ ബുദ്ധിമുട്ടില്ല!) എന്നറിയില്ല. എന്തായാലും ഇങ്ങനെയൊരു കാര്യം ഒരു ശതമാനത്തിന്റെ കൃത്യതയോടെ പറയാൻ നമുക്ക് ഒരാളുണ്ടല്ലോ, ഭാഗ്യം!

2.10 കടപയാദിയും മൈക്രോസെക്കന്റും കർണ്ണാടകസംഗീതവും... O my!

പതിനൊന്നാം വീഡിയോയിൽ (07:10 - 08:24) കടപയാദി (പരൽപ്പേര്) രീതിയെപ്പറ്റി ഒരു വിവരണമുണ്ട്.

കുറേയുണ്ട്. . . അക്ഷരങ്ങൾക്ക് അക്കങ്ങളുമായിട്ട് ബന്ധമുണ്ട്. . . നമ്മൾ യഥാർത്ഥത്തിൽ, ഏത് രീതിയിലാണെന്ന് ചോദിച്ചാൽ കടപയാദി നമ്പർ സിസ്റ്റത്തിൽ, ഗോപാജ്ഞയാ ദിനധാമ എന്ന് നമ്മൾ പറയാറുണ്ട്. എന്നുവച്ചാൽ, 58 മിനിറ്റ് 9 സെക്കന്റ് 13 ഡെസിസെക്കന്റ് 10 മൈക്രോ സെക്കന്റ് - അതിനൊരുവാക്കാണു ഗോപാജ്ഞയാ ദിനധാമ - ഗ-3,പ-1,ഞ-0, യ-1, ദി-8, ന-0 ധ-9,മ-5. അതായത് . . . 59 മിനിറ്റ് 8 സെക്കന്റ് 10ഡെസി സെക്കന്റ് 13 മൈക്രോ സെക്കന്റ് ഭൂമി സൂര്യനു ചുറ്റും കറങ്ങുന്ന വെലോസിറ്റി നമ്പറുപയോഗിച്ച് പറഞ്ഞിരിക്കുകയാണ്. . . അക്ഷരങ്ങളുപയോഗിച്ച് പറഞ്ഞിരിക്കുകയാണ്. . . ഇത് കടപയാദി നമ്പർ സിസ്റ്റമെന്ന് പറയും.

ആ കടപയാദി നമ്പർ സിസ്റ്റമനുസരിച്ചാണു പാട്ടിലെ 72 രാഗങ്ങളു കൊടുത്തിരിക്കുന്നത്. ആദ്യത്തെ അക്ഷരം കേട്ടാൽ ഇത് എത്രാമത്തെ രാഗമാണെന്നു ഇവർക്കു പറയാൻ പറ്റുന്നത്. . . 'ഹരഹരപ്രിയ' രാഗം കേട്ടാൽ, ഹ എത്രാമത്തെ അക്ഷരമാണെന്ന് നോക്ക്, അത്രാമത്തെ നമ്പരിലായിരിക്കും ആ രാഗം വരുന്നത്. കാംബോജി രാഗത്തിൻ "ംബ" എടുത്തുകഴിഞ്ഞാൽ പറയാൻ സാധിക്കും. . .

ന്യൂമറോളജിയെപ്പറ്റിയുള്ള ഒരു ചോദ്യത്തിന് ഉത്തരമായി അക്ഷരവും അക്കവും തമ്മിലുള്ള ബന്ധമായി കടപയാദി എന്ന മഹത്തായ അക്ഷരസംഖ്യാസമ്പ്രദായത്തെ[8] വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്. എന്നിട്ടു പറയുന്നതോ ആകെ അബദ്ധവും.

58 മിനിറ്റ് 9 സെക്കന്റ് 13 ഡെസിസെക്കന്റ് 10 മൈക്രോ സെക്കന്റ് എന്ന് ആദ്യം പറഞ്ഞത് എങ്ങനെ പിന്നീട് 59 മിനിറ്റ് 8 സെക്കന്റ് 10ഡെസി സെക്കന്റ് 13 മൈക്രോ സെക്കന്റ് എന്നു മാറിയതു പോകട്ടേ. "ഗോപാജ്ഞയാ ദിനധാമ" എന്നത് പതിനഞ്ചാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന പുതുമന സോമയാജിയുടെ 'കരണപദ്ധതി' എന്ന ഗണിതഗ്രന്ഥത്തിൽ നിന്നുള്ളതാണ്.[9] പരൽപ്പേരനുസരിച്ച് 59081013 എന്നു കിട്ടും. അതായത് 59 ആംഗുലർ മിനിറ്റ്, 08 സെക്കന്റ്, $\frac{10}{60}$ സെക്കന്റ്, $\frac{13}{3600}$ സെക്കന്റ് $= 59.1361\cdots$ മിനിട്ട് എന്ന ആംഗിളാണ് ഒരു ദിവസത്തിൽ **സൂര്യൻ ഭൂമിക്കു ചുറ്റും കറങ്ങുന്ന** ആംഗുലർ സ്പീഡ്. ഭാരതീയരും (മറ്റുള്ളവരും) അറുപത് ബേസായി എടുത്താണ് സമയവും ആംഗിളും അളന്നിരുന്നത്. അതിനെയാണു ഡോ. ഗോപാലകൃഷ്ണൻ ഡെസിസെക്കന്റ്, മൈക്രോസെക്കന്റ് എന്നൊക്കെ കീച്ചുന്നത്. ഡെസിസെക്കന്റ് സെക്കന്റിന്റെ പത്തിലൊന്നും മൈക്രോസെക്കന്റ് സെക്കന്റിന്റെ പത്തുലക്ഷത്തിലൊന്നും ആണെന്നു പോലും ഈ 'ശാസ്ത്രജ്ഞന്' അറിയില്ലേ?

മുകളിൽ കൊടുത്ത $59.1361\cdots$ മിനിട്ട് എന്ന മൂല്യം $59.1387\cdots$ എന്ന ആധുനികമൂല്യത്തോട് (ഭൂമിയുടെ സൂര്യനു ചുറ്റുമുള്ള ശരാശരി ആംഗുലർ വേഗത) വളരെ അടുത്താണ്. ഇത് ഒരു വലിയ കണ്ടുപിടിത്തമല്ലേ എന്നു ചോദിച്ചേക്കാം. അല്ല എന്നാണ് ഉത്തരം. ഒരു വർഷത്തിൽ 360 ഡിഗ്രി $= 360 \times 60$ മിനിറ്റ് സഞ്ചരിക്കുന്നതു കൊണ്ട് ഒരു ദിവസത്തിൽ $\frac{360\times60}{365.2425} = 59.1387\cdots$ എന്നു കണക്കുകൂട്ടാൻ മുമ്പേ പറഞ്ഞതു പോലെ മൂന്നാം ക്ലാസ്സുകാരന്റെ കണക്കു മതി. പുതുമന സോമയാജിയുടെ കണക്കുകൂട്ടലിലെ സൗരവർഷത്തിന്റെ ദൈർഘ്യത്തിൽ ഉള്ള ചെറിയ വ്യത്യാസം കൊണ്ടാണ് ഈ മൂല്യങ്ങളിലുള്ള ചെറിയ വ്യത്യാസം.

കർണ്ണാടകസംഗീതത്തിലെ രാഗങ്ങളുടെ പേരിൽ അതിന്റെ ക്രമനമ്പർ കടപയാദിയിലുണ്ടെന്നു പറയുന്നു. കർണ്ണാടകസംഗീതത്തിനു ക്രമനമ്പർ ഉണ്ടാക്കിയത് പതിനേഴാം നൂറ്റാണ്ടിൽ വെങ്കടമഖി എന്ന ആളാണ്. പല രാഗങ്ങളുടെയും പേരിന്റെ കൂടെ ഒരു ഉപസർഗ്ഗം ചേർത്തു (മേച-കല്യാണി, ധീര-ശങ്കരാഭരണം, ഹരി-കാംബോജി) കടപയാദി ശരിയാക്കിയത് പിന്നീടാണെന്നും അല്ലെന്നും വാദമുണ്ട്. (കർണ്ണാടകസംഗീതത്തിലെ മേളകർത്താരാഗങ്ങളും അവയുടെ ക്രമനമ്പറുകളും വിക്കിപീഡിയയിൽ[10] കാണാം.) അതിനെപ്പറ്റി ഡോ. ഗോപാലകൃഷ്ണൻ പറയുന്നതും തെറ്റാണ്.

ഹരഹരപ്രിയ എന്ന രാഗത്തിന്റെ ആദ്യത്തെ അക്ഷരമായ "ഹ" നോക്കിയാൽ അത് എത്രാമത്തെ രാഗമാണെന്നു പറയുമത്രേ! "ഹ" പരൽപ്പേരനുസരിച്ച് 8 ആണ്. എട്ടാമത്തെ രാഗം തോഡി (ഹനുമത്തോഡി) ആണ്.

പ്രശ്നം എന്താണെന്നു ചോദിച്ചാൽ ആദ്യത്തെ രണ്ടക്ഷരങ്ങൾ നോക്കണം. "അങ്കാനാം വാമതോ ഗതിഃ" എന്ന നിയമമനുസരിച്ച് അവ തിരിച്ചിടണം. അതു ഡോ. ഗോപാലകൃഷ്ണന് അറിയില്ലെന്നു തോന്നുന്നു. അപ്പോൾ "ഹര"എന്നു വെച്ചാൽ 28 ആണ്. ഇരുപത്തെട്ടാമത്തെ രാഗം കാംബോജി (ഹരികാംബോജി) ആണ്. എവിടെയാണു പ്രശ്നം?

പ്രശ്നം ആ രാഗത്തിന്റെ പേര് 'ഖരഹരപ്രിയ' എന്നാണ് (ഖരനെ കൊന്ന ശ്രീരാമന്റെ പ്രിയയായ സീത എന്നർത്ഥം), അല്ലാതെ 'ഹരഹരപ്രിയ' എന്നല്ല. അപ്പോൾ 'ഖര' എന്നത് 22-നെ സൂചിപ്പിക്കുന്നു. മേളകർത്താരാഗങ്ങളിൽ ഇരുപത്തിരണ്ടാമത്തെ രാഗമാണ് ഖരഹരപ്രിയ.

തീർന്നില്ല. കാംബോജിരാഗത്തിന്റെ "ംബ" എടുത്താൽ അതിന്റെ സംഖ്യ കിട്ടുമത്രേ! കാംബോജിയുടെ 'ഹരികാംബോജി' എന്ന പേരുപയോഗിച്ചിട്ട് അതിലെ 'ഹരി' എന്നതിന്റെ പരൽപ്പേരനുസരിച്ചിട്ടുള്ള 28 എടുക്കണം. അവിടെയാണു കാംബോജി. അല്ലാതെ "ംബ ംബ" എന്നു പറഞ്ഞു കൊണ്ടിരുന്നാൽ കാംബോജിയാവില്ല.

അറിയാവുന്ന കാര്യത്തെപ്പറ്റി പറഞ്ഞാൽ പോരേ സർ? ഈ സംഗീതത്തെപ്പറ്റിയൊക്കെ പറഞ്ഞു നാണം കെടണോ, മുമ്പിലിരിക്കുന്നവർക്ക് ഇതൊന്നും അറിയില്ലെന്നു വെച്ച്?

[8] കടപയാദിയെപ്പറ്റി കൂടുതൽ അനുബന്ധത്തിൽ (§4.1, പേജ് 49) വായിക്കാം.
[9] അനുബന്ധം (§4.5, പേജ് 53 കാണുക.
[10] http://en.wikipedia.org/wiki/Melakarta#Table_of_Melakarta_ragas

2.11 ഗണപതിയെ മാത്രം വരച്ച ക്രിസ്ത്യാനിക്കുട്ടി

ആറാമത്തെ വീഡിയോയിൽ 05:56 മുതൽ 06:35 വരെ "ജന്മനാ ഉണ്ടാകുന്നതും പൂർവ്വജന്മത്തിന്റെ ശേഷിപ്പായി കിട്ടുന്നതും" ആയ ഗുണങ്ങളെപ്പറ്റി പറയുമ്പോൾ വളരെ ചെറുപ്പത്തിൽ മരിക്കുന്നതിനു മുമ്പ് ധാരാളം ചിത്രങ്ങൾ വരച്ച ക്ലിന്റ് എന്ന കുട്ടിയെപ്പറ്റി പരാമർശിക്കുന്നുണ്ട്.

> *ചില വ്യക്തികൾ ജനിച്ചു കഴിഞ്ഞാൽ അവർക്ക് ചിത്രം രചനയിൽ നല്ല കപ്പാസിറ്റി. . . നിങ്ങൾ കേട്ടിട്ടുണ്ടാകും ആന്റോ എന്നോ റ്റിന്റോ എന്നോ പേരുള്ള ഒരു കുട്ടി. . . - രണ്ടരവയസ്സിൽ ആ കുട്ടി മരിച്ചു - (സദസ്യരിലാരോ തിരുത്തിയപ്പോൾ) ആ. . . ക്ലിന്റ് . . . ആ കുട്ടി വരച്ച എത്രയോ ചിത്രങ്ങളെടുത്ത് തിരുവനന്തപുരം വി.ജെ.റ്റി ഹോളിൽ പ്രദർശനം നടത്തി. . . ആ കുട്ടി വരച്ചിരിക്കുന്ന ചിത്രങ്ങൾ മുഴുവനും ഒന്നുകിൽ ആനയുടെ അല്ലെങ്കിൽ ഗണപതീടെ. ഈ കുട്ടി ക്രിസ്ത്യൻ ഫാമിലീലെയാ. ആ കുട്ടി ഗണപതിയെ ഒന്നും വീട്ടിലേക്ക് കൊണ്ടുപോയിട്ടില്യ..അതെന്ത് കൊണ്ടു വരച്ചു?*

അകാലത്തിൽ മൺമറഞ്ഞുപോയ പ്രതിഭാധനനായിരുന്ന ഒരു പിഞ്ചുകുട്ടിയെപ്പറ്റിയാണ് നട്ടാൽ കിളുർക്കാത്ത പൊളി പറയുന്നത്. ക്ലിന്റ് ആനയെയും ഗണപതിയെയും മാത്രമേ വരച്ചിട്ടുള്ളത്രേ! ക്രിസ്ത്യാനിയായിരുന്ന ക്ലിന്റ് ഒരിക്കലും കണ്ടിട്ടില്ലാത്ത ഗണപതിയെ വരച്ചത് ഹൈന്ദവധർമ്മത്തിന്റെ മഹത്ത്വത്തെയല്ലാതെ എന്താണു സൂചിപ്പിക്കുന്നത്? കഴിഞ്ഞ ജന്മത്തിൽ ഏതോ സുകൃതം ചെയ്ത ഗണപതിഭക്തനായിരുന്നിരിക്കണം. അല്ലാതെ ഈ പ്രതിഭയൊന്നും വരാൻ വഴിയില്ല!

മഹാഹിന്ദുസമ്മേളനമല്ലേ, അൽപം ഹിന്ദുത്വവാദവും കൂടി ഇടയ്ക്കു തിരുകാം എന്നായിരിക്കും ഡോ. ഗോപാലകൃഷ്ണന്റെ ഉള്ളിലിരിപ്പ്. കേരളത്തിൽ വളർന്ന കുട്ടി, അവൻ ക്രിസ്ത്യാനിയോ മുസ്ലീമോ ആയിക്കൊള്ളട്ടേ, ഒരിക്കലും ഗണപതിയുടെ പടമോ പ്രതിമയോ കാണാതിരിക്കാൻ പറ്റുമോ സർ?

ക്ലിന്റ് ആനയെയും ഗണപതിയെയും മാത്രമല്ല, സൂര്യാസ്തമയം പോലെയുള്ള പ്രകൃതിദൃശ്യങ്ങളെയും, തെയ്യം പോലെയുള്ള കാഴ്ചകളെയും വരച്ചിരുന്നു. ഒരിക്കലും കണ്ടിട്ടില്ലെങ്കിലും പറഞ്ഞു കേട്ട അറിവു വെച്ചു മൂങ്ങയെയും വരച്ചിട്ടുണ്ട്. കുഞ്ഞുണ്ണിമാഷിന്റെ കവിതകൾ ക്ലിന്റിന് ഇഷ്ടമായിരുന്നു. ഈ കുട്ടിയെപ്പറ്റിയാണ്, അവന്റെ പേരു പോലും ഓർമ്മയില്ലാത്ത ഡോ. ഗോപാലകൃഷ്ണൻ ഹൈന്ദവതയുമായി കൂട്ടിക്കെട്ടാൻ നോക്കുന്നത്.

ഇനി, പുനർജന്മമോ ജാതകഗുണമോ അല്ലാതെ ഇത്രയും ചെറിയ കുട്ടികൾക്ക് ഇത്രയും കഴിവുണ്ടാകുന്നതെങ്ങനെ എന്നു സംശയമുള്ളവർ പടം വരയ്ക്കാൻ പ്രോത്സാഹിപ്പിക്കുന്ന ഏതെങ്കിലും നേഴ്സറിയിലോ പ്ലേ സ്കൂളിലോ പഠിക്കുന്ന കുട്ടികൾ വരയ്ക്കുന്ന പടങ്ങൾ നോക്കിയാൽ മതി. അക്കാഡമിക് പഠിത്തം മാത്രം കുഞ്ഞിന്റെ തലയിൽ അടിച്ചു കയറ്റുന്ന കേരളത്തിൽ ക്ലിന്റിനെപ്പോലെയുള്ള കുട്ടികളെ അധികം കാണാത്തത് അദ്ഭുതമല്ല. ആ കുട്ടിക്കു ചിത്രം വരയ്ക്കാൻ താത്പര്യം കൊടുക്കുകയും അതു പ്രോത്സാഹിപ്പിക്കുകയും ചെയ്ത ആ മാതാപിതാക്കളോടു നന്ദി പറയാം. ബേബി ശാലിനി ചെറുപ്പത്തിൽ നന്നായി അഭിനയിച്ചത് ഏതെങ്കിലും കഥകളിനടന്റെ പുനർജന്മമായതു കൊണ്ടല്ലല്ലോ!

2.12 വായിൽ തോന്നുന്നതു ഗോപാലകൃഷ്ണനു ജ്യോതിഷം!

ഇനി, ശാസ്ത്രത്തെപ്പറ്റി മാത്രമല്ല ശ്രീ ഗോപാലകൃഷ്ണൻ വായിൽത്തോന്നുന്ന പുളു തട്ടിവിടുന്നത്. പ്രസംഗത്തിലുട നീളം ജ്യോതിഷത്തിലെ പല ഫലങ്ങളെപ്പറ്റിയും സരസമായി വിവരിക്കുന്നുണ്ട്. അതൊന്നും ജ്യോതിഷപ്രകാരം[11] ശരിയല്ല. അന്നേരം തോന്നുന്ന മനോധർമ്മം മാത്രമാണ്.

ഉദാഹരണമായി ഈ ഭാഗങ്ങൾ കേൾക്കുക.

1. **Video 1: 02:47 - 02:50**

   > *എട്ടാം ഭാവത്തിൽ ശനിയാണെങ്കിൽ കുറേ കാലം കിടക്കും.*

2. **Video 1: 06:14-06:29**

   > *പന്ത്രണ്ടാം ഭാവത്തിൽ ശുക്രനുള്ള വ്യക്തിയെ വീട്ടിൽ കണ്ടില്ലെങ്കിൽ കള്ളുഷോപ്പിലുണ്ടാവും. രണ്ടോപ്ഷനേ അയാൾക്കുള്ളൂ - പന്ത്രണ്ടാം ഭാവത്തിലെ ശുക്രൻ - അത് നീചത്തിലാണെങ്കിൽ അയാൾ വീട്ടിലേയ്ക്ക് വരികയേ ഇല്ല, അവിടെത്തന്നെയുണ്ടാവും!*

[11] "ജ്യോതിഷപ്രകാരം" ശരിയല്ല എന്നു പറഞ്ഞതു കൊണ്ട് ജ്യോതിഷപ്രകാരം ശരിയായ എന്തിനെങ്കിലും ജ്യോതിഷപ്രകാരം ശരിയല്ലാത്ത എന്തിനെയെങ്കിലും അപേക്ഷിച്ച് എന്തെങ്കിലും മെച്ചമുണ്ടെന്ന് അഭിപ്രായമില്ല. ജ്യോതിഷം പറയുന്നതും ഗോപാലകൃഷ്ണൻ പറയുന്നതും മാസികകളിലെ വാരഫലം പറയുന്നതും ചൈനീസ് റെസ്റ്റോറന്റിലെ ഫോർച്യൂൺ കുക്കിയിലെ കടലാസുകഷണം പറയുന്നതും റെയിൽവേ സ്റ്റേഷനിലൊക്കെ കാണുന്ന യന്ത്രം ഭാരം അച്ചടിച്ചു തരുന്ന കാർഡിന്റെ മറുവശത്തുള്ള ഫലം പറയുന്നതും കൈനോട്ടക്കാരൻ കൈ നോക്കി പറയുന്നതും കാക്കാത്തി മുഖം നോക്കി പറയുന്നതും എല്ലാം ഒരു പോലെ അബദ്ധമാണ്. അബദ്ധമാണെന്ന് എനിക്കുറപ്പുള്ള ബൃഹജ്ജാതകവും ഫലദീപികയും വായിച്ച് അതിലെ ശ്ലോകങ്ങളുടെ അർത്ഥം മനസ്സിലാക്കി താഴെക്കൊടുക്കുന്ന വിവരങ്ങൾ ഞാൻ ഇവിടെ എഴുതുന്നത്, ഡോ. ഗോപാലകൃഷ്ണൻ ജ്യോതിഷത്തിലെ ഫലങ്ങളായി ഇവിടെ കുറേ കാര്യങ്ങൾ തട്ടിവിടുന്നത് ഇതൊക്കെ തനിക്ക് മനഃപാഠമാണെന്നും തന്നെപ്പോലുള്ള പണ്ഡിതരെ സമീപിച്ചാൽ ശരിയായ ഫലം അറിയാം എന്നും കേൾക്കുന്നവരെ തെറ്റിദ്ധരിപ്പിക്കാനാണെന്ന് വ്യക്തമാക്കാനാണ്.

3. Video 3: 02:38 - 04:07

അതായത്, ചൊവ്വ എന്നുപറയുന്നത് രണ്ടാം ഭാവത്തിലുണ്ടെങ്കിൽ, അങ്ങനെ രണ്ടാം ഭാവത്തിൽ ചൊവ്വയുള്ള ഒരു പെൺകുട്ടിയെക്കെട്ടിയാൽ ഇരുപത്തേഴ് പ്രാവശ്യം കുളിച്ച ഇഫക്റ്റാന്ന് പറയും! ആ സ്ത്രീ സംസാരിക്കുന്നതെല്ലാം കൊള്ളിവച്ചായിരിക്കും. . . എല്ലാറ്റിലും രണ്ട് മീനിംഗ് കാണും. . . വാച്യാർത്ഥം, വ്യംഗ്യാർത്ഥം, ലക്ഷ്യാർത്ഥം ഇങ്ങനെ മൂന്നർത്ഥം കൂടാതെ നാലാമതൊരർത്ഥവും കൂടിയുണ്ട് - താൻ ശരിയാവില്ലാന്ന് ഒരർത്ഥം കൂടി - അപ്പോ യഥാർഥത്തിൽ രണ്ടാം ഭാവത്തിൽ ചൊവ്വവരുമ്പോൾ വാക്കിന്റെ പ്രയോഗത്തിലുണ്ടാവുന്ന നെഗറ്റീവ് എന്നത് അവിടെയിരിക്കുന്ന ചൊവ്വ തരുന്നില്ലാ നമുക്കാർക്കും. . . അവിടെയാണു നമുക്ക് ഇന്റർപ്രെട്ടേഷൻ തെറ്റിയത്. അവിടിരിക്കുന്ന ചൊവ്വയ്ക്ക് ഇയാളുടെ വാക്കിനകത്ത് ഇൻഫ്ലുവെൻസ് ചെയ്യാനൊന്നും സാധ്യമല്ല. . .

മൂന്നാം ഭാവത്തിൽ ചൊവ്വയുണ്ടെങ്കിൽ ഒരുതരത്തിലും റെസ്റ്റെടുക്കാത്ത ഒരു ചേട്ടനും അനിയനുമുണ്ടായിരിക്കും. എന്നും പ്രശ്നമുണ്ടാക്കുന്ന അയൽക്കാരുണ്ടായിരിക്കും. നാലാം ഭാവത്തിൽ ചൊവ്വയുണ്ടെങ്കിൽ അമ്മ തീപ്പൊരി അമ്മയായിരിക്കും! അഞ്ചാം ഭാവത്തിൽ ചൊവ്വയുണ്ടെങ്കിൽ അതേ പോലൊരു മകനുണ്ടായിരിക്കും.. ആറാം ഭാവത്തിൽ ചൊവ്വയുണ്ടെങ്കിൽ കള്ളത്തരം ഭയങ്കരമായി ചെയ്തോണ്ടിരിക്കും.. ഏഴാം ഭാവത്തിൽ ചൊവ്വയുണ്ടെങ്കിൽ ഭാര്യയായാലും ഭർത്താവായാലും അവരുടെ കാര്യം മിക്കവാറും പോക്കാ..! എട്ടാം ഭാവത്തിൽ ചൊവ്വയുണ്ടെങ്കിൽ ആക്സിഡെന്റൽ ഡെത്താണ് - blood ooze ചെയ്തിട്ടായിരിക്കും വര്വാ. ആറേ,ഏഴ്, എട്ട് പന്ത്രണ്ട് ഒരുമിച്ച് വന്നാൽ ആശുപത്രിയിൽ കിടന്ന് മരണം..!

4. Video 5: 01:08 - 01:14

അതേപോലെതന്നെ വാഹനത്തിനകത്തു മൊത്തം ആടയാഭരണമിട്ടിട്ടുണ്ടെങ്കിൽ ഇയാളുടെ ലഗ്നം ശുക്രനാണെന്ന് നോക്കാൻ വേറെയൊരുസ്ഥലത്തും പോകണ്ടാ.

5. Video 5: 01:19 - 01:23

ബി.കോം പഠിച്ചോ, ലഗ്നത്തിൽ പത്താം ഭാവത്തിൽ ബുധൻ ഉണ്ടാവും.

6. Video 5: 03:21 - 03:53

വ്യാഴവുമായിട്ട് ഭാര്യയെങ്ങാനും ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ പറയും:

> ***"നിങ്ങളാവശ്യമില്ലാതെ ഗോപാലകൃഷ്ണന്റെ ലക്ചറൊന്നും കേൾക്കാൻ പോകണ്ട, അതൊന്നും ശരിയാവില്ല്യ. ഞാനെത്ര പ്രാവശ്യം പറഞ്ഞു നിങ്ങൾക്കീ വീട്ടിലെ കാര്യം നോക്കിയാൽ പോരേ? എന്തിനാ നിങ്ങൾ പോകുന്നേ? എന്തേ ഞാൻ പറയുന്നതിനെ നിങ്ങളൊരിക്കലും വില വെയ്ക്കില്ല. ഇതാണു നമ്മളു തമ്മിലുള്ള പ്രശ്നം".***

ആ പറയുന്ന രീതി നോക്ക്, ങ്ങനെ ഉപദേശത്തോടു കൂടി. അതു കേൾക്കുമ്പോത്തന്നെ മനസ്സിലാക്കാം വേറെ ജാതകമൊന്നും നോക്കണ്ട, പാർട്ടിയുടെ രണ്ടിൽ ഗുരുവാണ്.

7. Video 6: 00:45 - 04:05

ഇനിയാ ലഗ്നത്തിലാരൊക്കെയുണ്ടെന്ന് നോക്കുക. ചൊവ്വയുണ്ടെങ്കിൽ ഗോപാലകൃഷ്ണന് ഒരു സ്ഥലത്തും ഇരിക്കാൻ പറ്റില്ല്യ. കാരണം ചോരത്തിളപ്പുണ്ടാകും. ഇങ്ങനെ എഴുന്നേറ്റ് നടന്നുകൊണ്ടേയിരിക്കും. അതുകഴിഞ്ഞാലിത്, ഇതുകഴിഞ്ഞാലിത് അങ്ങനെ ചെയ്തുകൊണ്ടേയിരിക്കും. അപ്പോൾ ചൊവ്വയുണ്ടെങ്കിൽ, ഭയങ്കര എനർജെറ്റിക്കായിരിക്കും, ലഗ്നത്തിൽ ചൊവ്വയുണ്ടെങ്കിൽ. അതേ സമയത്തു ശനിയാണെങ്കിൽ അയാളു പതുക്കെ ഇങ്ങനെയേ നടക്കുകയുള്ളൂ. പതുക്കെയേ നടക്കുകയുള്ളൂ. നമ്മുടെ ആ ജുറാസിക് പാർക്കിൽ അതു വരണത് കണ്ടിട്ടില്ലേ, കാലെടുത്ത് വെയ്ക്കുമ്പോൾത്തന്നെ വെള്ളം ഇളകുന്നുണ്ടാകും. ആ മൃഗത്തിനു ലഗ്നത്തിൽ ശനിയുള്ളതു കൊണ്ടല്ല, അതിന്റെ സ്വഭാവം അങ്ങനെയായതുകൊണ്ടാ. അപ്പോൾ യഥാർത്ഥത്തിലെന്താ സംഭവിക്യാ, ലഗ്നത്തിൽ ശനിയുള്ള വ്യക്തി വീട്ടിലിരിക്കുന്നതു കണ്ടാ മനസ്സിലാക്കാം ബാത്ത്റൂമിലേക്ക് പോകാനും വെള്ളമൊരുഗ്ലാസ് കുടിക്കാനും ടിവി ഓൺ ചെയ്യാനും ഫാനിന്റെ സ്വിച്ച് ഓൺ ചെയ്യാനും അടുക്കളയിലെന്താണു കറിയുണ്ടാക്കുന്നതെന്നറിയാനും കൂടി, എല്ലാംകൂടി ചേർത്ത് ഒരു പ്രാവശ്യമേ എണീക്കുകയുള്ളൂ. അയാൾ സ്ലോയാണ്. മന്ദൻ, വളരെ സ്ലോയാണ്. അതു ലഗ്നത്തിൽ ശനി വരുമ്പോ പലരേം നോക്കിക്കൊള്ളൂ. അയാൾ വളരെ പതുക്കയേ പോകുകയുള്ളൂ.

> ***സാരമൊന്നുല്ല്യ, പതുക്കെ മതി, എന്തിനാന്നേ. ഇന്നലെ ഗോപാലകൃഷ്ണൻ പറഞ്ഞു കഴിഞ്ഞ നൂറ്റാണ്ടിലീദിവസം ഭൂമിയിലുണ്ടായിരുന്നില്ല. അടുത്ത് നൂറ്റാണ്ടിലീദിവസവും ഭൂമീലില്ല. എന്തിനിപ്പോ ഇത്ര ധൃതി പിടിക്കുന്നത്. ഇങ്ങനെയൊക്കെ മതിയെന്നേ.***

അയാളുടെ ജീവിതത്തിന്. അപ്പോൾ ലഗ്നത്തിൽ ശനി വന്നാൽ തളർന്ന്, അവിടെയെന്തു ചെയ്യും നമ്മൾ? നമ്മൾ ഡോക്ടറുടെയടുത്ത് ചെന്ന് പറയും. എന്റെ കുട്ടി വളരെ വളരെ സൈലന്റാണ്, ഒരു എനർജെറ്റിക്കുമല്ല; അപ്പോൾ അവരു പറയും. എക്സ്ട്രാ ഗ്രോയിംഗ് പവർ അടിച്ചു കേറ്റാൻ പറയും. Boost is the secret of my energy; അതു കൊടുത്താലൊന്നും മാറില്ല. Inherent, Intrinsic ആയിട്ട് കുട്ടി അങ്ങനെയാണ്. അത് ശനിയുടെ കുഴപ്പമല്ല, ശനി ഇവിടെയൊന്നുമല്ല ഇരിക്കുന്നത്. മില്ല്യൺസ് ആൻഡ് മില്ല്യൺസ് ഓഫ് കിലോമീറ്റേഴ്സ്, കാരണം, ശനിക്കു കൊടുത്തിരിക്കുന്ന കാരകത്വത്തിൽ ഈ കുട്ടി lazy-യാണ്. സ്ലോലിയെ പോകുള്ളൂ. ചില വ്യക്തികളുടെ ഓഫീസ് കണ്ടാലറിയാം പെർഫക്ടായിട്ട് വെച്ചിട്ടുണ്ടാകും. വളരെ ക്ലീനായിട്ട് വെച്ചിട്ടുണ്ടാകും. അവിടെ ഗണപതിയുടെ വിഗ്രഹമോ അല്ലെങ്കിൽ അതിന്റെ വിഗ്രഹം ഈ വിഗ്രഹം, പുസ്തകങ്ങളടുക്കി വെച്ചിട്ടുണ്ടാകും ഇതു വെച്ചിട്ടുണ്ടാകും; ഒന്നും താഴെ വെയ്ക്കുന്നതുമയാൾക്കിഷ്ടമല്ല, എന്താ കാരണം? ലഗ്നത്തിൽ ശനിയാ. ലഗ്നത്തിൽ ശനിയുള്ളവൻ സിസ്റ്റമാറ്റിക്കായിട്ടേ കാര്യങ്ങൾ ചെയ്യുകയുള്ളൂ. പ്ലേറ്റൊക്കെ എടുത്ത് വെക്കുന്നതു കണ്ടാൽ പത്മശ്രീ കിട്ടിയവനെപ്പോലെയിരിക്കും. വളരെ പതുക്കെയാണ്. അപ്പോൾ ലഗ്നത്തിൽ ശനി വന്നാൽ ഇതൊക്കെയാ. ഇനി ലഗ്നത്തിൽ ശുക്രൻ വന്നാൽ, ശുക്രന്റെ കാരകത്വമാണു വ്യക്തിക്കു കിട്ടുക. ആ ശുക്രന്റെ കാരകത്വം കിട്ടുമ്പോഴേക്ക്, ചിലര് നോക്കിക്കൊള്ളൂ, ഷാഡോ ഗോപിനാഥൻ. ഷാഡോ ഗോപിനാഥൻ എങ്ങനാ സംസാരിക്കുക?

ഞാൻ വിചാരിക്യായിരുന്നു നിങ്ങളെങ്ങനാ ഇങ്ങനെ വരികാന്നുള്ളത്. ബസിലാണോ വന്നത്, അതല്ല പ്ലെയിനിലാണോ വന്നത്.

കൈയൊക്കെ പോയ പോക്ക് കണ്ടില്ലേ? മുദ്രകളാ എല്ലാം. സ്ത്രൈണഭാവം പുരുഷനിൽ, അപ്പോൾ ലഗ്നത്തിൽ ശുക്രൻ വന്നാൽ, വളരെ നൃത്തഭാവത്തിലായിരിക്കും വാക്കുകൾ വരിക. ഫേഷ്യൽ ആക്ഷൻ, എക്സ്പ്രെഷൻ, എല്ലാം വരിക. അതേ പോലെത്തന്നെ ലഗ്നത്തിൽ ബുധൻ വന്നാൽ, അച്ഛൻ പറയും,

"നല്ലോണം പഠിക്കണം കേട്ടോ മോനെ."

"ഞാൻ പഠിക്കാം. എനിക്കെന്ത് തരും?"

ഒക്കെ ബിസിനസ് ടേംസാ. ഫുൾ ബിസിനസ് ടേംസാ.

"നീ നാളെ രാവിലെ പോയിട്ട് റേഷൻ കൊണ്ടുവരണം."

"റേഷൻ കൊണ്ടുവരാം, പക്ഷേ എന്തു തരും?"

എന്തു വേണേൽ ചെയ്യാം. എന്തു തരും. ഇതിനൊക്കെ എന്താ ഉത്തരം?

8. Video 6: 08:53 - 10:21, Video 7: 00:00 - 01:13

വീരപ്പനെന്തുകൊണ്ടു വീരപ്പനായി? ലഗ്നാധിപൻ നേരെ ആറിലുണ്ട്. അതു നീചത്തിലാ. നോക്കിയാൽ വീരപ്പനെന്തുകൊണ്ട് അങ്ങനെയായി എന്നു മനസ്സിലാകും. അടൽ ബിഹാർ വാജ്പേയി പ്രഭാഷണം നടത്തണത് കേട്ടിട്ടുണ്ടോ? ഭായിയോ ഓർ ബഹനോ എന്നു പറഞ്ഞാൽ പിന്നെ നിങ്ങൾക്ക് പുറത്തുപോയി ചായകുടിച്ച് വരാനുള്ള നേരമുണ്ട്. പിന്നെ അടുത്തത് പതുക്കയെ..വേറൊന്നും നോക്കണ്ട, രണ്ടാം ഭാവത്തിൽ ശനിയുണ്ട്. അതുകൊണ്ട് വാക്ക് സ്ലോ ആയിട്ടേ വരുള്ളൂ. വളരെ സ്ലോ ആയിട്ടേ വരുള്ളൂ. ജഗതി, ജഗതിയുടെ രണ്ടാം ഭാവത്തിൽ ശുക്രനുണ്ട്. അതുകൊണ്ട് സ്ത്രൈണഭാവത്തിലാ ചിലപ്പൊഴൊക്കെ സംസാരിക്ക്യ. വീരശൂരപരാക്രമിയായിട്ടുള്ള രവീന്ദ്രനുമായിട്ടുള്ള ഇന്റർവ്യൂവിൽ ചിലപ്പോ സ്ട്രോങ്ങായിട്ട് പറഞ്ഞൂന്ന് വരും. പിന്നേം നേരെ ആ നോർമലിലേക്ക് പോകും. അതുപോലെ എന്തു ഗംഭീരമായിട്ടാ ജയറാം പെണ്ണിന്റെ വേഷത്തിൽ പെണ്ണുങ്ങളെപ്പോലെ സംസാരിക്കുന്നത്, എന്താ കാരണം? രണ്ടാം ഭാവത്തിൽ ശുക്രനുണ്ട്. ഉച്ചത്തിലായതുകാരണം വലിയ കുഴപ്പമില്ല. നീചത്തിലോ മറ്റോ ആയിരുന്നെങ്കിൽ കൊഞ്ചിക്കൊണ്ടേ സംസാരിക്കുള്ളൂ. അപ്പൊ യഥാർത്ഥത്തിൽ ഇതിനൊക്കെ ഉത്തരം പറയണമെന്ന് ആഗ്രഹമുള്ളവർക്ക് വേണമെങ്കിൽ, അതൊന്നും എടുക്കണമെന്ന് നിർബന്ധമൊന്നുല്ല്യ, ഈ ഒരു അപ്രോച്ച് ഉണ്ട്, ഇതിന്റെ പ്രയോജനം എന്താ? ഇതിന്റെ പ്രയോജനം ഞാൻ നിങ്ങളോട് പറയുന്നു, രണ്ടാം ഭാവത്തിൽ ശുക്രനുണ്ട് നിങ്ങളുടെ മകൾക്ക് എന്ന് അറിഞ്ഞാൽ, ഇവിടെ വെച്ച് ഗോപാലകൃഷ്ണൻ വാക്കു തരുന്നു, ആ കുട്ടിയെ പാട്ടു പഠിപ്പിക്കുക. ആ കുട്ടിയെ പാട്ടു പഠിപ്പിച്ചാൽ അസാധാരണമായ ഉയർച്ച ആ കുട്ടിയ്ക്കുണ്ടാകും. അതേ പോലെത്തന്നെ, പത്താം ഭാവത്തിലു ബുധനാണെങ്കിൽ, ആ കുട്ടിയെ ചാർട്ടേഡ് അക്കൗണ്ടൻസിയിലേയ്ക്ക് വിട്കാ..നിർബന്ധിച്ച് എഞ്ചിനിയറിങ്ങിനും എം.ബി.ബി എസിനും വിടാതിരിക്ക്യാ. ഇത് നിങ്ങൾ അഡോപ്റ്റ് ചെയ്യണംന്നല്ല, ഇങ്ങനെയുള്ള ഓപ്ഷൻസ്ണ്ട്. . .

അഞ്ചാം ഭാവത്തിൽ, ശനി നീചത്തിലു നിൽക്കുന്നു - ശനി മേടം രാശിയിലാണെങ്കിൽ - ആ പെൺകുട്ടീടട്ത്ത് പറയ്കാ, അഞ്ചാം ഭാവം വളരെ ആക്റ്റീവായിട്ടുള്ളൊരു പുരുഷനെയേ വിവാഹം കഴിക്കാവൂ, ഇല്ലെങ്കിൽ കുട്ടികളുണ്ടാവില്ല്യ. . . ഒരു മെഡിക്കൽ സയൻസിനും പറയാൻ സാധ്യമല്ല.

അപ്പോ ഇത് പറഞ്ഞത് സയന്റിഫിക് ആണോ? സയന്റിഫിക്കേ അല്ല. വീണ്ടും ഞാനാ വരി പറയാം.. ഏത് സയൻസുപയോഗിച്ചാ പറയ്യാ? അഞ്ചാം ഭാവത്തിൽ നീചത്തിൽ ശനിയിരിക്കുന്നെങ്കിൽ - അതായത് മേടം രാശിയിൽ ശനിയിരിക്കുന്നെങ്കിൽ, കുട്ടികളുണ്ടാവില്ലാന്ന് പറയുന്നത് കാരകത്വം കൊട്ടുത്തിട്ടാണ്. ആ കാരകത്വത്തിൻ സയൻസില്ല. സയൻസില്ലാത്ത ഒരു പദപ്രയോഗത്തിലൂടെയാൺ ജാതകം വർക്ക് ചെയ്യുന്നത്. അപ്പോ എന്താ ചെയ്യാ, അതിനനുസരിച്ച് നന്മകൾ ചെയ്യാൻ. . .

ഇവ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും: വരാഹമിഹിരനും മന്ത്രേശ്വരനും പറയുന്ന ഫലങ്ങൾ മിക്കവാറും ഒത്തു പോകുന്നുണ്ട്. ജ്യോതിഷത്തിൽ അംഗീകരിക്കപ്പെട്ടിരുന്ന ഫലങ്ങളായിരിക്കാം രണ്ടു പേരും പറഞ്ഞത്. ഗോപാലകൃഷ്ണൻ പറഞ്ഞതു മുഴുവൻ ഗ്യാസാണ്. (അഞ്ചിൽ ചൊവ്വ നിന്നാലുള്ള ഫലം നോക്കൂ. വരാഹമിഹിരനും മന്ത്രേശ്വരനും പറയുന്നത് പുത്രനുണ്ടാവില്ലെന്നാണ്. ഗോപാലകൃഷ്ണൻ പറയുന്നത് അതു പോലെയൊരു പുത്രൻ ഉണ്ടാവും എന്നും!) സദസ്യരെ ചിരിപ്പിക്കാൻ വായിൽ തോന്നുന്ന ഫലങ്ങൾ പറയുക, എന്നിട്ട് അതു സ്വന്തം അനുഭവത്തിൽ നിന്നുള്ള സംഭവങ്ങളുടെ അടിസ്ഥാനത്തിൽ എന്നു പറഞ്ഞ് എന്തു പറഞ്ഞാലും വെള്ളം തൊടാതെ വിഴുങ്ങുന്ന ഒരു സദസ്സിനു മുകളിൽ അടിച്ചേൽപിക്കുക, പിന്നെ ഇതൊന്നും പഠിക്കാത്തവർ തോന്നുന്നതുപോലെ പ്രയോഗിച്ചതു കൊണ്ടാണ് ഇതിന്റെയൊക്കെ വില പോയത് എന്നു പ്രസംഗിക്കുക! സത്യം പറഞ്ഞാൽ, വഴിവക്കിലിരുന്നു ഭാവി പ്രവചിക്കുന്ന ജ്യോത്സ്യൻ പോലും ഇത്ര അബദ്ധങ്ങൾ ജ്യോതിഷത്തെപ്പറ്റി പറയില്ല എന്നതാണു വാസ്തവം.

ഗ്രഹസ്ഥിതി	ഗോപാലകൃഷ്ണൻ	വരാഹമിഹിരൻ	മന്ത്രേശ്വരൻ	
ലഗ്നത്തിൽ ചൊവ്വ	Energetic	ശരീരത്തിൽ മുറിവുണ്ടാകും.	അവയവങ്ങളിൽ മുറിവ്, ക്രൂരൻ, അൽപായുസ്സ്, സാഹസികൻ	
രണ്ടിൽ ചൊവ്വ	കൊള്ളിവാക്കുകൾ മാത്രമേ പറയൂ.	ചീത്ത ആഹാരം	വിരൂപൻ, വിദ്യയും ധനവും ഇല്ലാത്തവൻ, ചീത്ത ആളുകളെ ആശ്രയിക്കൽ.	
മൂന്നിൽ ചൊവ്വ	റെസ്റ്റ് ഇല്ലാത്ത ചേട്ടനും അനിയനും. പ്രശ്നമുണ്ടാക്കുന്ന അയൽക്കാർ.	ബുദ്ധിയും പരാക്രമവും ഉള്ളവൻ	നല്ല സ്വഭാവവും ധനവും ശൗര്യവും തോൽപിക്കാൻ പറ്റാത്തവനും സുഖിമാനും അനുജന്മാരില്ലാത്തവനും	
നാലിൽ ചൊവ്വ	അമ്മ തീപ്പൊരിയായിരിക്കും.	സുഖമില്ലാത്തവനും മനസ്സുവിഷമിച്ചവനും	കൂട്ടുകാർ, അമ്മ, ഭൂമി, സുഖം, വീട്, വാഹനം ഇവ ഇല്ലാത്തവൻ	
അഞ്ചിൽ ചൊവ്വ	അതു പോലെയുള്ള ഒരു മകൻ ഉണ്ടായിരിക്കും.	പുത്രനില്ലാത്തവനും ദരിദ്രനും	സുഖമില്ലാത്തവൻ, മക്കളില്ലാത്തവൻ, എല്ലാം അനർത്ഥമാകുന്നവൻ, പിശുക്കൻ, ധൈര്യം കുറഞ്ഞവൻ	
ആറിൽ ചൊവ്വ	കള്ളത്തരം ചെയ്യും	ബലവാൻ, ശത്രുക്കളെ ജയിക്കുന്നവൻ	കാമകലാവിദഗ്ദ്ധൻ, ഐശ്വര്യം, കീർത്തി, ശത്രുക്കളെ ജയിക്കുന്ന രാജാവ്.	
ഏഴിൽ ചൊവ്വ	ഭാര്യയും ഭർത്താവും പോക്കാണ്.	സ്ത്രീകളിൽ നിന്ന് അപമാനം	രോഗി, ഭാര്യയെ നഷ്ടപ്പെട്ടവൻ, തെണ്ടി നടക്കുന്നവൻ	
എട്ടിൽ ചൊവ്വ	ബ്ലഡ് ഊസ് ചെയ്തു മരിക്കും. ആക്സിഡന്റ് ഡെത്ത്.	സന്താനം കുറവ്, കാഴ്ചക്കുറവ്	അംഗവൈകല്യം, ദാരിദ്ര്യം, അൽപായുസ്സ്, ആളുകളിൽ നിന്നു നിന്ദ.	
ലഗ്നത്തിൽ ബുധൻ	എല്ലാവരോടും ബിസിനസ് ടോൺസിലേ സംസാരിക്കൂ.	പണ്ഡിതൻ	ദീർഘായുസ്സുള്ളവൻ, മധുരമായും സമർത്ഥമായും സംസാരിക്കുന്നവൻ, എല്ലാ ശാസ്ത്രവും പഠിച്ചവൻ.	
പത്തിൽ ബുധൻ	ബി. കോം. പഠിക്കും.	സൂര്യൻ പത്തിൽ നിൽക്കുന്ന ഫലം തന്നെ. അതായത്, പ്രശസ്തനും (ശ്രുതി പഠിച്ചവൻ എന്നും അർത്ഥം പറയാം) ശൂരനും.	വലിയ സംരംഭങ്ങൾ തുടങ്ങൽ, അറിവ്, വളരെ സുഖം, സത്കർമ്മം, സത്യം ഇവ ഉണ്ടാവും.	

പട്ടിക 2.2: ഗ്രഹസ്ഥിതി – ഫലങ്ങൾ (ചൊവ്വ, ബുധൻ)

ഗ്രഹസ്ഥിതി	ഗോപാലകൃഷ്ണൻ	വരാഹമിഹിരൻ	മന്ത്രേശ്വരൻ	
രണ്ടിൽ വ്യാഴം	എപ്പോഴും ഉപദേശിക്കും.	നന്നായി സംസാരിക്കും.	വാഗ്മി, ഭക്ഷണത്തെപ്പറ്റി നന്നായി അറിയുന്നവൻ, സുമുഖൻ, ധനവാനും സമർത്ഥനും	
ലഗ്നത്തിൽ ശുക്രൻ	സ്ത്രൈണഭാവം	കാമശാസ്ത്രത്തിൽ സമർത്ഥനും സുഖിയും.	ആരോഗ്യവും സൗന്ദര്യവുമുള്ള ശരീരം, സന്തോഷവും ദീർഘായുസ്സും.	
രണ്ടിൽ ശുക്രൻ	സ്ത്രൈണഭാവം (ജഗതിയെയും ജയറാമിനെയും ഉദാഹരണം പറഞ്ഞു)	സുന്ദരമായി സംസാരിക്കുന്നവൻ	കവിത്വവും ധനവും.	
ലഗ്നത്തിൽ ശനി	മടി, slow, systematic, അടുക്കും ചിട്ടയും.	ലഗ്നം തുലാം, ധനു, മകരം, കുംഭം, മീനം ആയാൽ രാജാവിനു തുല്യനും, ഗ്രാമം, പട്ടണം തുടങ്ങിയവയുടെ അധിപനും, വിദ്വാനും സുന്ദരനും ആയിരിക്കും. അല്ലെങ്കിൽ (ലഗ്നം മറ്റ് ഏഴു രാശികളിൽ ആണെങ്കിൽ) ദരിദ്രനും, രോഗിയും, കാമവിവശനും, വൃത്തികെട്ടവനും, ചെറുപ്പത്തിൽ രോഗമുള്ളവനും, അവ്യക്തമായി സംസാരിക്കുന്നവനും ആയിരിക്കും.	ലഗ്നം തുലാം, മകരം, കുംഭം ഇവയിലൊന്നായാൽ രാജാവിനു തുല്യനും ഗ്രാമവും പട്ടണവും ഭരിക്കുന്നവനും ആയിരിക്കും. അല്ലെങ്കിൽ ദുഃഖമുള്ളവനും ബാല്യത്തിൽ തൊട്ടേ ദരിദ്രനും മലിനനും അലസനും ആയിരിക്കും.	
രണ്ടിൽ ശനി	പതുക്കെയേ എന്തും ചെയ്യൂ (വാജ്പേയി ഉദാഹരണം)	രണ്ടിൽ സൂര്യൻ നിന്നാലുള്ള ഫലം തന്നെ. അതായത്, വലിയ ധനവാനാണെങ്കിലും അതിന്റെ ഒരു ഭാഗം രാജാവ് അപഹരിച്ചവനും, മുഖത്തു രോഗമുള്ളവനും ആയിരിക്കും.	വിരൂപൻ, ധനമില്ലാത്തവൻ, അന്യായം ചെയ്യുന്നവൻ, പ്രായമാകുമ്പോൾ വിദേശവാസം, വാഹനങ്ങളും ധനവും ആഡംബരങ്ങളും ഉണ്ടാവും.	
എട്ടിൽ ശനി	കട്ടിലിൽ ഒരുപാടു കിടക്കും.	(ആദിത്യൻ 8-ലുള്ള ഫലം തന്നെ) സന്താനം കുറവ്, കാഴ്ചക്കുറവ്	വൃത്തികെട്ടവൻ, ദരിദ്രൻ, ക്രൂരൻ, സുഹൃത്തുക്കൾ മാനിക്കാത്തവൻ.	

പട്ടിക 2.3: ഗ്രഹസ്ഥിതി – ഫലങ്ങൾ (വ്യാഴം, ശുക്രൻ, ശനി)

2.13 അജ്ഞാനം പലവിധം!

ഒരു സ്ഥലത്ത് ജ്യോതിഷം പഠിച്ച് പ്രാക്റ്റീസ് ചെയ്യുന്ന ജ്യോത്സ്യന്മാരുടെയും കാലടി സർവ്വകലാശാലയിൽ ജ്യോതിഷം പഠിക്കുന്ന വിദ്യാർത്ഥികളുടെയും (അവരുടെ ഡിഗ്രിയെ മാസ്റ്റർ ഓഫ് അജ്ഞാനം എന്നാണു വിളിക്കുന്നത്) അറിവു ശരിയല്ല എന്നു പറയുന്ന ശ്രീ ഗോപാലകൃഷ്ണൻ (ക്രിക്കറ്റു കളിച്ചതു കൊണ്ടു മാത്രം പരീക്ഷ പാസ്സായ ഒരു ഡെന്റിസ്റ്റിന്റെ കെട്ടുകഥ തട്ടിവിടുന്നുമുണ്ട്) ചില യുക്തിവാദികൾ ഇദ്ദേഹം പറയുന്നതൊന്നും സയൻസല്ല എന്നു പറഞ്ഞപ്പോൾ തന്റെ (അ)ജ്ഞാനങ്ങളുടെ ലിസ്റ്റ് നിരത്തുന്നുണ്ട് (Video 12, 06:44-08:20).

> *കൈരളി ടീവിയിൽ എന്റെ ഒരു ഇന്റർവ്യൂ ഉണ്ടായിരുന്നു. എന്റെ ഇപ്പുറത്ത് കമലാനാഥനെന്ന് പറയുന്ന യുക്തിവാദി, ഇപ്പുറത്ത് മിശ്രവിവാഹ സംഘത്തിന്റെ സെക്രട്ടറി - അതും യുക്തിവാദിയാ - ഞാൻ നടുക്ക്. എന്റെ ഈ യുക്തിവാദത്തെക്കുറിച്ചുള്ള അഭിപ്രായം പറഞ്ഞു. . . അപ്പോ ഞാൻ പറഞ്ഞു: എന്റെ ഇവിടത്തെ അവസ്ഥ യേശുക്രിസ്തുവിന്റെ അവസ്ഥയാണ് - ഇവരുടെ രണ്ടുപേരുടെയും നടുക്കാണു ഞാൻ. . .*

> *ഏറ്റവും വലിയ പ്രശ്നം- ഞാനത് ടീവിയിൽ പറയ്കയുണ്ടായി - ഇയാൾക്കും സയൻസ് മനസ്സിലാവില്യ, ഇതു മിശ്രവിവാഹ സംഘമാണ് - ഇയാൾക്കും സയൻസ് മനസ്സിലാവില്ല്യ . . . അപ്പൊ സയൻസുപയോഗിച്ചിട്ട് ഈശ്വരനെന്താണെന്ന് പറഞ്ഞാൽ അത് ഇവർക്ക് മനസ്സിലാവില്യ - അതു പറഞ്ഞ് തീരുന്നതിനു മുൻപ് പറയുന്നു: "ഇയാൾ സയൻസെന്ന് പറഞ്ഞ് പറയുന്നതൊന്നും സയൻസല്ല". അപ്പോ ഞാൻ പറഞ്ഞു, "സയൻസെന്ന് പറയുന്നത് സയൻസല്ലെന്ന് പറയല്ലേ, നിങ്ങൾക്ക് മനസ്സിലാവിണില്യാന്ന് പറ!" കാരണമെന്താന്ന് വച്ചാൽ, ഒരു സയന്റിഫിക് ഫീൽഡിൽ, ലോകമറിയപ്പെടുന്ന 56 ഇന്റർനാഷനൽ റിസർച്ച് പേയ്പ്പറും 6 പേയ്റ്റന്റും, 13 - അമേരിക്കയിലെ ക്ലീവ്ലന്റ് യൂണിവേഴ്സിറ്റിയിലെ അവാർഡും ഉൾപ്പടെ ഞാനിവിടെ നിക്കുമ്പം എന്നെ അത്ര യൂസ്ലെസ് ആക്കല്ലെ. കൊറച്ചെങ്കിലും കോമൺ സെൻസുണ്ട്, ഇല്ലെങ്കിൽ ഗവൺമെന്റ് ഒഫ് ഇന്ത്യ യൂജീസിയുടെ റൂൾ മാറ്റിയിട്ട് - 1947 ആഗസ്റ്റ് 15നു ശേഷം ഒരാൾക്കേ ഡീ-ലിറ്റ് കൊടുത്തിട്ടുള്ളൂ ഇന്ത്യേൽ, ഒരു സയന്റിസ്റ്റിനേ കിട്ടിയിട്ടുള്ളൂ, അത് വാങ്ങിക്കാൻ ഭാഗ്യം കിട്ടിയ ഞാൻ ശുദ്ധ യൂസ്ലെസ്സാ പറഞ്ഞതെന്ന് താൻ പറഞ്ഞാൽ ശരിയാവില്യ എന്ന് ഞാൻ പറയുകയുണ്ടായി. ആ ഭാഗം മാത്രം കൈരളി ടീവിയിൽ കാണിച്ചു, ഈശ്വരാനുഗ്രഹംകൊണ്ട്!*

ഇതൊന്നും അജ്ഞാനമല്ല, കാലടി സർവ്വകലാശാലയുടേതു മാത്രമാണ് മാസ്റ്റർ ഓഫ് അജ്ഞാനം! എന്തായാലും വയറ്റുപിഴപ്പിന് ജാതകം നോക്കുന്ന ജ്യോത്സ്യന്മാരൊക്കെ പുസ്തകം നോക്കിയും ഗ്രഹനില കണക്കുകൂട്ടിയിട്ടും ഒക്കെയാണു ജാതകമെഴുതുന്നത്. അല്ലാതെ ഡോ. ഗോപാലകൃഷ്ണനെപ്പോലെ വായിൽ തോന്നിയതു ജ്യോതിഷഫലഭാഗമായി പുലമ്പുകയല്ല.

(അല്ലാശാനേ, ഈ മോഹൻലാലിനു വരെ കിട്ടിയ സാധനമല്ലേ ഈ ഡി. ലിറ്റ്?)

2.14 ശാസ്ത്രജ്ഞന്റെ ശാസ്ത്രബോധം!

നാലാം വീഡിയോ 04:18 മുതൽ 05:16 വരെ. കേൾക്കേണ്ട സംഭവമാണ്.

> *ചെലപ്പോ ചെലര് പറയാറുണ്ടെന്റടുത്ത്, സാറിന്റടുത്ത് ഞാനൊരു ജാതകം തരാം. ഞാൻ ജാതകം നോക്കാൻ പോകാറില്ല. ആണോ പെണ്ണോ എന്നു പറയ്യ്വോ? ആ ജാതകതിന്റെയാൾ ആണോ പെണ്ണോ; അത് ഞാൻ പറയാറുണ്ട് ഈ ജാതകം നോക്കണതെന്തിനാ. ആ പെണ്ണിനോടു പോയി ചോദിച്ചാൽ പോരേ? ഇത് നോക്കാൻ പോണതെന്തിനാ? അതിൽ ചെന്നു നോക്കിക്കഴിഞ്ഞാൽ ആണോ പെണ്ണോ എന്നറിയാൻ സാധിക്കും. നമുക്ക് ജാതകം ശരിയാണോ എന്ന് പ്രൂവ് ചെയ്യലാണോ ഉദ്ദേശ്യം അതല്ല, അത് ആണോ പെണ്ണോ ആണോയെന്ന് തെളിയിക്കലാണോ ലക്ഷ്യം? പിന്നേം ചെലരു പറയാറുണ്ട്; ഒരിക്കൽ കുറെ രാഷ്ട്രീയക്കാരിരിക്കുന്നുണ്ടായിരുന്നു. എന്നോടു ചോദിച്ചു, സാറിന്റടുത്ത് പതിനഞ്ച് ജാതകം തരാം, ഇതിൽ ജീവിച്ചിരിക്കുനവരാരൊക്കെയാണു മരിച്ചവരാരൊക്കെയാണ്? ഞാൻ പറഞ്ഞു, മൊബൈൽ ഉള്ള സ്ഥിതിയ്ക്ക് വിളിച്ച് ചോദിക്യാ. അല്ലാണ്ട് ജാതകം നോക്കിയിട്ട് ഇത് അന്വേഷിക്കാൻ പോകുന്നതെന്തിനാ? അപ്പോൾ യഥാർത്ഥത്തിൽ, നമ്മൾ ഏതിനെയെങ്കിലും വെല്ലുവിളിക്കാനോ ഏതിനെയെങ്കിലും നിഷേധിക്കാനോ ഏതിനെയെങ്കിലും പുച്ഛിക്കാനോ വേണ്ടിയിട്ട് ഇത് പഠിക്കാനോ ഉപയോഗിക്കാനോ ശ്രമിച്ചാൽ അതുകൊണ്ടൊരു പ്രയോജനവുമില്ല.*

ഗംഭീരമായ ശാസ്ത്രബോധം തന്നെ! ശാസ്ത്രജ്ഞൻ എന്ന് ഇങ്ങേരെത്തന്നെ വിളിക്കണം!

ഈ രണ്ടു ടെസ്റ്റുകളും ജ്യോത്സ്യന്മാർക്ക് യുക്തിവാദിസംഘം കൊടുത്ത പ്രശസ്തമായ വെല്ലുവിളികളാണ്. ഇതു സ്വീകരിക്കാൻ ധൈര്യമുള്ള ഒരൊറ്റ ജ്യോത്സ്യനും ഇതു വരെ ഉണ്ടായിട്ടില്ല. ഇത്തരം ഭീരുക്കൾക്ക് ഇത്തരം കൊട്ടത്താപ്പ് ഉത്തരം പറയാനും ചോദിക്കുന്നവരെ അവഹേളിക്കാനുമല്ലാതെ നട്ടെല്ലു നിവർത്തി ഒരുത്തരം പറയാൻ കൂടി കഴിയില്ല എന്നത് ഖേദകരമായ ഒരു സത്യമാണ്.

2.15 ഒന്നിച്ചു മരിക്കാൻ പറന്നെത്തിയ 440 പേർ

പതിനൊന്നാം വീഡിയോയിൽ 1:43 മുതൽ 3:08 വരെ.

ഈ ഒരു ചോദ്യത്തിന്- ഇതിനു മാത്രമല്ല ഞാൻ ജ്യോതിഷത്തിനെക്കുറിച്ച് പറയുകയാണ് - തിരുവനന്തപുരത്തിലെ ജില്ലാക്കളക്റ്ററായിരുന്ന, ഡോക്ടറേറ്റ് ഉള്ള നന്ദകുമാർ - ഇപ്പോ അദ്ദേഹം ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ ചീഫ് സെക്രട്ടറിയാണ് - ഇതിലേതാണ്ട് പത്തിരുപതു വർഷം വർക്ക് ചെയ്തു. . . അതിനു അദ്ദേഹം കൊടുക്കുന്ന ഒരു ഉത്തരമുണ്ട്. പറയുന്നത് . . . . ഇത് അദ്ദേഹത്തിന്റെ ഉത്തരമല്ല, അമേരിക്കക്കാരന്റെ ഉത്തരമാണ് – ആ ഉത്തരം അതേ പോലെ നിങ്ങളോട് പറയാം: ചില ആക്സിഡന്റുകൾ, ചില ദുരന്തങ്ങൾ, ചില വലിയ സങ്കീർണങ്ങളായ പ്രശ്നങ്ങൾ . . . എമ്പറർ അശോകാ വിമാനം പോയപ്പം 440 പേർ ഒരുമിച്ച് വെള്ളത്തിനടിയിൽപോയി മരിച്ചു എങ്കിൽ, ഈ 440പേർക്കും അന്ന് മരിക്കാൻ യോഗമുണ്ടായിരുന്നോ (എന്ന ചോദ്യത്തിന്) അതിനദ്ദേഹം കൊടുത്ത മറുപടി - ഇന്ത്യാക്കാരനല്ല, ജർമ്മൻകാരനോ അമേരിക്കക്കാരനോ കൊടുത്ത ഉത്തരം - ഇതായിരുന്നു: ചില പ്രത്യേക ദുരന്തങ്ങൾ നടക്കുമ്പോൾ ലോകത്തിന്റെ പല സ്ഥലത്തുമുള്ളവര് ഒരുമിച്ച് മരിക്കും എന്ന ഗ്രൂപ്പ് അസ്ട്രോളജിക്കൽ പ്രെഡിക്ഷൻ ഉള്ളവർ, അറിഞ്ഞോ അറിയാതെയോ അതിനകത്തേയ്ക്ക് എത്തപ്പെടുന്നു എന്നുമാത്രമേ പറയാനാവൂ. സയന്റിഫിക്കലി ഈ വരിക്ക് ഒരു വാലിഡിറ്റിയുമില്ല. സയൻസുപയോഗിച്ച് ഇപ്പ പറഞ്ഞത് ഈ പറഞ്ഞത് അബ്സല്യൂട്ട് നോൺസെൻസ്. . .

ചിലരെല്ലാം മരിക്കാൻ, അവരുടെ സമയമാകുമ്പോൾ They are flocking together, coming together for accepting the death together..അതാണ് അവിടെ സംഭവിക്കുന്നത് എന്നദ്ദേഹം വിവരിക്കയുണ്ടായി. . .

വലിയ ആക്സിഡന്റുകളിൽ പെട്ട് ഒന്നിച്ചു മരിക്കുന്ന മനുഷ്യരുടെയെല്ലാം ജാതകത്തിൽ മരണയോഗം ഉണ്ടോ എന്നാണു ചോദ്യം. ഉത്തരമായി ഏതോ നന്ദകുമാർ (ഇങ്ങേർക്കും ഉണ്ട് ഡോക്ടറേറ്റും ഐ. ഏ. എസ്സും ഒക്കെ. അപ്പോൾ വിശ്വാസ്യത കൂടുമല്ലോ!) പറഞ്ഞ വാക്യമാണ് ഉദ്ധരിക്കുന്നത്: "ലോകത്തിന്റെ പല സ്ഥലത്തുമുള്ള ഗ്രൂപ്പ് അസ്ട്രോളജിക്കൽ പ്രെഡിക്ഷൻ ഉള്ളവർ അറിഞ്ഞുകൊണ്ടോ അറിയാതെയോ ഒന്നിച്ചു വന്ന് മരണം ഒന്നിച്ചു കൈവരിക്കുന്നു. . ." ഇതു നന്ദകുമാർ പറഞ്ഞെന്നും ഏതോ അമേരിക്കക്കാരൻ പറഞ്ഞെന്നും അല്ല ഏതോ ജെർമൻകാരനാണു പറഞ്ഞതെന്നും ഒറ്റ വായിൽത്തന്നെ ശ്രീ ഗോപാലകൃഷ്ണൻ പറയുന്നുണ്ട്. എന്തരോ എന്തോ!

ഈ "ഗ്രൂപ്പ് അസ്ട്രോളജിക്കൽ പ്രെഡിക്ഷൻ" എന്നു പറഞ്ഞാൽ എന്താണ്? വരാഹമിഹിരൻ പറഞ്ഞതു വല്ലതും ആണോ? അതോ അമേരിക്കയിലുള്ള ജെർമൻകാരൻ നന്ദകുമാറിന്റെ തിയറിയോ?

ഇവിടെ "എമ്പറർ അശോകാ ഫ്ലൈറ്റ്" തകർന്ന് 440 പേരാണു മരിച്ചതെന്ന് സംശയലേശമെന്യേ ശ്രീ ഗോപാലകൃഷ്ണൻ പറഞ്ഞതു കേട്ടല്ലോ? 1978-ലെ പുതുവത്സരദിനത്തിൽ ബോംബെയിൽ തകർന്നു വീണ ആ ഫ്ലൈറ്റിൽ (എയർ ഇന്ത്യ 855) മരിച്ചത് 213 പേരാണ്.[12] അതാണു ഗോപാലകൃഷ്ണനു 440 ആയത്. ഭാരതീയഗണിതത്തിലെയും ജ്യോതിഷത്തിലെയും നമ്പരുകളെപ്പോലെ ഇതും അപ്പോൾ തോന്നിയ നമ്പരാണെന്നു ചുരുക്കം!

2.16 വിദഗ്ദ്ധമായ കബളിപ്പിക്കൽ

ചുരുക്കം പറഞ്ഞാൽ, ഈ പതിമൂന്നു വീഡിയോകളിൽക്കൂടി ഡോ. ഗോപാലകൃഷ്ണൻ അവതരിപ്പിക്കുന്ന സിദ്ധാന്തങ്ങളിൽ ഭൂരിഭാഗവും പൊട്ടത്തെറ്റാണെന്നു മാത്രമല്ല, ചില സ്ഥാപിതതാത്പര്യങ്ങൾ സ്ഥിരീകരിക്കാൻ യാതൊരു അടിസ്ഥാനവുമില്ലാതെ ഫാബ്രിക്കേറ്റ് ചെയ്ത വൻ തട്ടിപ്പുകളാണ്. പ്രസംഗത്തിനിടയിൽ കേൾക്കുന്ന നീണ്ട കൈയടികൾ സൂചിപ്പിക്കുന്നത് അഭ്യസ്തവിദ്യരായ മലയാളികളിൽ പലരും (ഈ പ്രസംഗത്തിന്റെ കേൾവിക്കാർ ഒരു ഹിന്ദുമഹാസമ്മേളനത്തിൽ കാശും കൊടുത്തു വന്നു സംബന്ധിച്ചവർ മാത്രമാണെന്നു മറക്കുന്നില്ല) ഇത്തരം അവകാശവാദങ്ങൾ കേട്ടാൽ അതിനെപ്പറ്റി അൽപം പോലും ആലോചിക്കാതെ വെള്ളം തൊടാതെ വിഴുങ്ങുന്നു എന്നാണ്. എന്തു കൊണ്ട്?

ഒന്നാമത്തെ കാരണം ഡോ. ഗോപാലകൃഷ്ണന്റെ വാക്കുകളിലുള്ള സ്ഥിരതയാണ്. ഈ ഭൂലോകപൊട്ടത്തരങ്ങളൊക്കെ എത്ര ആത്മവിശ്വാസത്തോടെയാണ് അദ്ദേഹം പറയുന്നത്! കേൾക്കുന്നവന് ഇതിൽ അൽപമെങ്കിലും തെറ്റുണ്ടെന്നു തോന്നുമോ? കോൺഫിഡൻസോടു കൂടി പറയുന്ന വാക്കുകളെ അവിശ്വസിക്കാൻ സാധാരണജനം മടിക്കും. നല്ല ഒരു പ്രഭാഷകനായ അദ്ദേഹം തന്റെ പ്രഭാഷണപാടവത്തെ മനുഷ്യരിൽ അജ്ഞാനവും അന്ധവിശ്വാസവും കുത്തിവെയ്ക്കാനാണ് ഉപയോഗിക്കുന്നത്.

രണ്ടാമതായി, അദ്ദേഹം ഇടയ്ക്കിടെ ഉദ്ധരിക്കുന്ന സംസ്കൃതം. ഞാൻ നേരത്തേ പറഞ്ഞതു പോലെ, മൃതഭാഷയായ സംസ്കൃതത്തിലുള്ള ഒരു ഉദ്ധരണി കേട്ടാൽ അതു ബി സി മൂന്നാം നൂറ്റാണ്ടിലെയാണോ അതോ ഏ ഡി പത്തൊമ്പതാം നൂറ്റാണ്ടിലേതാണോ എന്നു തിരിച്ചറിയാൻ പ്രയാസം. അതു നന്നായി ഉച്ചരിച്ചാൽ വളരെ പുരാതനമായ അറിവാണെന്നുള്ള മിഥ്യാബോധം ഉണ്ടാകും. ഓരോന്നും എഴുതിയ സമയവും അന്നു ശാസ്ത്രം എത്രത്തോളം വളർന്നിരുന്നു എന്നും പരിശോധിച്ചാൽ പല അവകാശവാദങ്ങളുടെയും പൂച്ചു പുറത്താകും.

ജ്യോതിഷത്തിനു ശാസ്ത്രീയതയില്ലെന്ന് പല വിധത്തിൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.[13] ആ വഴിക്കു പോയിട്ടു കാര്യമില്ല എന്നറിയാവുന്നതു കൊണ്ട് പുതിയ ഒരു അടവുമായാണ് ഇത്തവണ ഡോ. ഗോപാലകൃഷ്ണന്റെ വരവ്. ജ്യോതിഷം

[12] കൂടുതൽ വിവരങ്ങൾ ഈ വിക്കി പേജിൽ(http://en.wikipedia.org/wiki/Air_India_Flight_855) ഉണ്ട്.

[13] ജ്യോതിഷം നൂറ്റാണ്ടുകളിലൂടെ വികസിച്ചു വന്നതിന്റെ ചരിത്രവും ("രാശികളും ഗ്രഹങ്ങളും: മാറിവന്ന പ്രാചീന സങ്കൽപങ്ങൾ", പേജ് 13) അതിന്റെ പൊള്ളത്തരവും("കാലാവസ്ഥാപ്രവചനവും ജ്യോതിഷപ്രവചനങ്ങളും തമ്മിലെ താരതമ്യം", പേജ് 18) സൂരജ് എഴുതിയിരിക്കുന്നതു വായിക്കുക. ചിലപ്പോഴൊക്കെ ജ്യോതിഷം ശരിയാകുന്നു എന്ന മിഥ്യാധാരണയുടെ അടിസ്ഥാനത്തെപ്പറ്റി ശ്രീഹരി എഴുതിയതു ("അന്ധവിശ്വാസങ്ങൾ വരുന്ന വഴികളേ!", http://singularityon.blogspot.com/2010/01/blog-post_25.html) നോക്കുക.

സയന്റിഫിക് അല്ല, പക്ഷേ യൂസ്ഫുൾ ആണത്രേ! സയന്റിഫിക് അല്ലെങ്കിലും ഇങ്ങേരുടെ പ്രവചനങ്ങൾ എല്ലാം ശരിയായിട്ടുണ്ടത്രേ! അച്ഛൻ മരിച്ച സമയം, അയൽവക്കത്തെ മരുമകൾക്ക് ആശുപത്രിയിൽ ഷേവു ചെയ്യലാണു ജോലി എന്നത് കൃത്യമായി ഭർത്താവിന്റെ ജാതകത്തിൽ നിന്നു പറഞ്ഞത്, ഒരു പയ്യന്റെ ജാതകം നോക്കി അവൻ കല്യാണം കഴിഞ്ഞാലും അമ്മയുടെ കൂടെ മാത്രമേ കിടക്കൂ എന്നു പറഞ്ഞതും ആ പയ്യന്റെ കല്യാണം ഒരാഴ്ചയ്ക്കുള്ളിൽ വിവാഹമോചനത്തിൽ കലാശിച്ചതും,. . . എന്നിങ്ങനെ ഒരിക്കലും ജാതകം നോക്കാത്ത ഗോപാലകൃഷ്ണൻ നടത്തിയ പല പ്രവചനങ്ങളും സത്യമായിട്ടുണ്ടത്രേ! ഇതു വരെ മുകളിൽപ്പറഞ്ഞ കാര്യങ്ങൾ വെച്ചു നോക്കുമ്പോൾ ഇതൊക്കെ ഗ്യാസാകാനാണു സാദ്ധ്യത. അല്ലെങ്കിൽ ശ്രീഹരി വിശദീകരിച്ച സെലക്ടീവ് അംനീഷ്യ. "പുലി വരുന്നേ. . . " എന്നു നിലവിളിച്ച ബാലനെപ്പോലെ ഇനി ഇങ്ങേർ എത്ര കോൺഫിഡൻസോടെ പറഞ്ഞാലും അതു ഗ്യാസാണെന്നു ജനം ധരിച്ചാൽ അദ്ഭുതപ്പെടാനില്ല.

2.17 ആ. . .

നേരത്തേ ഉദ്ധരിച്ച, ഡോ. ഗോപാലകൃഷ്ണന്റെ പ്രഭാഷണപരമ്പരയുടെ സാരാംശമായ, "ആ!" എന്ന മഹദ്വചനത്തെ (നാലാമത്തെ വീഡിയോയിൽ 10:29 മുതൽ 10:58 വരെ) ഒന്നുകൂടി ഉദ്ധരിച്ചു കൊണ്ട് ഈ പോസ്റ്റ് അവസാനിപ്പിക്കുകയാണ്.

> *ഒരു പ്രത്യേകഗ്രഹത്തിനു കുറെ കാരകങ്ങൾ കൊടുത്തിരിക്കാം. ആരാ കൊടുത്തത്? ഋഷിവര്യന്മാർ. എന്തുകൊണ്ടാ കൊടുത്തത്? അങ്ങനെയുള്ളതാഗ്രഹത്തിനെന്തുകൊണ്ടാ കൊടുത്തത്, ഒരൊറ്റ ഉത്തരേയുള്ളൂ. എന്തുകൊണ്ട് ഈ ഗ്രഹത്തിനു ഇങ്ങനെയുള്ള കാരകത്വം കൊടുത്തുയെന്നുള്ളതിനെന്താ ഉത്തരം? മലയാളത്തിൽ രണ്ടാമത്തെ അക്ഷരം. എന്താ ഉത്തരം? **ആ!***

ഇനി, ഞാൻ കുറേ ചോദ്യങ്ങൾ തന്നെ ചോദിച്ചിട്ട് ഉത്തരവും പറയട്ടേ:

1. **ചോദ്യം:** തുടക്കം മുതൽ ഒടുക്കം വരെ ഇങ്ങനെ വായിൽത്തോന്നിയ ഉഡായിപ്പുകൾ മാത്രം പറഞ്ഞ് എന്തൊക്കെയോ ഫലിപ്പിക്കുവാൻ ശ്രമിക്കുന്ന ഇദ്ദേഹത്തെപ്പോലെയുള്ള ആളുകളെ അഭ്യസ്തവിദ്യരായ ആളുകൾ കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നത് എന്തു കൊണ്ട്?

   ഉത്തരം: ആ. . .

2. **ചോദ്യം:** ഇത്രയും കാലം ഇദ്ദേഹത്തിന്റെ കള്ളത്തരങ്ങളെപ്പറ്റി ഒരാളും എഴുതാഞ്ഞത് എന്തുകൊണ്ട്?

   ഉത്തരം: ആ. . .

3. **ചോദ്യം:** എത്രയൊക്കെ പഴുതടച്ചു പൊളിച്ചടുക്കിയാലും ഈ പോസ്റ്റിന്റെ കമന്റുകളിൽ ഇനിയും ഏതെങ്കിലും ചെറിയ കാര്യത്തിന്റെ വാലിൽ തൂങ്ങി ഇദ്ദേഹത്തെ ന്യായീകരിക്കാൻ ആളുകൾ വരുന്നത് എന്തുകൊണ്ട്?

   ഉത്തരം: ആ. . .

അദ്ധ്യായം 3

അന്ധവിശ്വാസങ്ങൾ വരുന്ന വഴികളേ!. . .

ശ്രീഹരി എസ്.

വാരഫലങ്ങൾ, വർഷഫലങ്ങൾ, ജാതകം നോക്കി ഫലം പറയൽ, കൈനോട്ടം, പക്ഷിശാസ്ത്രം, മുഖം നോക്കി ഭൂതവും ഭാവിയും പറയൽ... ഇവിയിൽ പലതിലും സത്യമില്ലേ എന്നു സംശയിക്കാത്തവർ ചുരുങ്ങും. "ആ ജ്യോത്സ്യൻ/കൈനോട്ടക്കാരൻ എന്നെക്കുറിച്ചു പറഞ്ഞതെല്ലാം അച്ചട്ടാ" എന്ന് നിങ്ങൾ തന്നെ പലപ്പോഴും ചിന്തിച്ചിട്ടില്ലേ? ഇതിന്റെ പിറകിലെ മനശ്ശാസ്ത്രത്തെക്കുറിച്ച് എപ്പൊഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ഇല്ലെങ്കിൽ ചില രസകരമായ കാര്യങ്ങൾ തുടർന്നു വായിക്കൂ.

3.1 ഫോറർ ഇഫക്ട്

ഒരുപാടാളുകളെ സംബന്ധിച്ച് സത്യമാകാവുന്ന ഒരു കൂട്ടം സ്റ്റേറ്റ്മെന്റുകളെ തന്നെക്കുറിച്ചുള്ള വ്യക്തിപരമായ പരമസത്യം എന്ന് ചിന്തിക്കാൻ ഉള്ള ഒരു വ്യക്തിയുടെ പ്രവണതയെയാണ് ഫോറർ എഫക്ട് (Forer effect)[1] എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്.

Bertram R. Forer[2] എന്ന അമേരിക്കൻ മനശ്ശാസ്ത്രജ്ഞനാണ് ഈ പ്രവണതയെ ആദ്യമായി തിരിച്ചറിഞ്ഞത്. തന്റെ വിദ്യാർത്ഥികളുടെ സഹകരണത്തോടെ അദ്ദേഹം നടത്തിയ പരീക്ഷണങ്ങളാണ് ഫോറർ എഫക്ടിന്റെ കണ്ടുപിടിത്തത്തിനു വഴി തെളിച്ചത്. താഴെ പറയുന്ന തരത്തിൽ ഒരു കുറിപ്പ് തയ്യാറാക്കി അദ്ദേഹം തന്റെ വിദ്യാർത്ഥികൾക്ക് നൽകി.

> You have a need for other people to like and admire you, and yet you tend to be critical of yourself. While you have some personality weaknesses you are generally able to conpensate for them. You have considerable unused capacity that you have not turned to your advantage. Disciplined and self-controlled on the outside, you tend to be worrisome and insecure on the inside. At times you have serious doubts as to whether you have made the right decision or done the right thing. You prefer a certain amount of change and variety and become dissatisfied when hemmed in by restrictions and limitations. You also pride yourself as an independent thinker; and do not accept others' statements without satisfactory proof. But you have found it unwise to be too frank in revealing yourself to others. At times you are extroverted, affable, and sociable, while at other times you are introverted, wary, and reserved. Some of your aspirations tend to be rather unrealistic.

(ഫേസ്ബുക്കിലെയും ഓർകുട്ടിലേയും പേഴ്സണാലിറ്റി ടെസ്റ്റുകളുടെ റിസൾട്ട്, വാരഫലം , കമ്പ്യൂട്ടർ ജാതകക്കുറിപ്പ് ഇവയിലെ ഉള്ളടക്കവുമായി സാമ്യം തോന്നുന്നുവോ?)

ഈ കുറിപ്പ് നൽകിയ ശേഷം ഓരോരുത്തർക്കും അവരവരുടെ ജീവിതം/വ്യക്തിത്വവുമായി എന്തുമാത്രം സാദൃശ്യം തോന്നുന്നുവെന്ന് 0 മുതൽ 5 വരെ മാർക്ക് നൽകാൻ ആവശ്യപ്പെട്ടു. (0 ഒട്ടുമില്ല. 5 വളരെയധികം). 1948 ഇൽ ആദ്യമായി അദ്ദേഹം ഈ പരീക്ഷണം നടത്തിയപ്പോൾ ക്ലാസിലെ വിദ്യാർത്ഥികളുടെ ശരാശരി 4.26 ആയിരുന്നു. ഈ പരീക്ഷണം നൂറുകണക്കിനു തവണ ആവർത്തിക്കപ്പെട്ടു. ഇപ്പോഴും ശരാശരി 4.2 നു അടുത്ത് തന്നെയായി തുടരുന്നു (84%).

[1] http://www.skepdic.com/forer.html
[2] http://en.wikipedia.org/wiki/Bertram_Forer

ഓരോരുത്തരുടെയും വ്യക്തിത്വത്തെ തനിക്കളക്കാൻ കഴിയുന്നുവെന്ന് വിദ്യാർത്ഥികളെക്കൊണ്ട് ചിന്തിപ്പിക്കുവാൻ ഫോറർക്ക് കഴിഞ്ഞു. എന്നാൽ യഥാർത്ഥത്തിൽ ഫോറർ ചെയ്തത് ഒരു പത്രത്തിലെ അസ്ട്രോളജി കോളത്തിൽ നിന്നും എടുത്ത വാചകങ്ങളെ എല്ലാ രാശിക്കാർക്കും ഒരേ പോലെ കൊടുക്കുകയായിരുന്നു.

നാളെയെക്കുറിച്ചുള്ള പ്രതീക്ഷ, ഭാവിയെക്കുറിച്ചുള്ള അരക്ഷിതാവസ്ഥ എന്നീ രണ്ട് മനോഗുണങ്ങളാണ് ഇത്തരം അസ്ട്രോളജിക്കൽ ഫലപ്രവചനങ്ങളെ ശരിയെന്നു തോന്നിക്കാൻ വ്യക്തികളെ പ്രേരിപ്പിക്കുന്നത്. വെറും സൈക്കോളജിക്കൽ തട്ടിപ്പ്. ഈ തട്ടിപ്പ് ഇന്നും അനുസ്യൂതം തുടരുന്നു.

3.2 വ്യക്തിനിഷ്ഠമായ സാധൂകരണം

ജ്യോത്സ്യൻ, കൈനോട്ടക്കാരൻ തുടങ്ങിയവർ പറയുന്ന വാചകങ്ങളെ തന്നെസ്സംബന്ധിച്ചേടത്തോളം വ്യക്തിപരമായി ശരിയാണെന്ന് ഒരു വിശ്വാസിയെക്കൊണ്ട് ചിന്തിപ്പിക്കുന്ന പ്രവൃത്തിയെയാണ് ***വ്യക്തിനിഷ്ഠമായ സാധൂകരണം*** (Subjective Validation)[3] എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാനപരമായ ഉപാധികളിലൊന്ന് ജ്യോത്സ്യന്റെ മുൻപിൽ ഇരിക്കുന്ന ആൾ 'വിശ്വാസി' ആയിരിക്കണം എന്നതാണ്. ജ്യോത്സ്യൻ പറയുന്ന സാമാന്യ വാചകത്തിനു മുന്നിലിരിക്കുന്ന വ്യക്തിയുടെ ജീവിതവുമായോ വ്യക്തിത്വവുമായോ പ്രത്യേകിച്ച് ബന്ധമൊന്നുമില്ലെങ്കിൽ കൂടി ആ വാചകം ശരിയാവാൻ വേണ്ടിയുള്ള എന്തെങ്കിലും ഒരു സംഭവം വിശ്വാസി താനേ ഓർമ്മിച്ചെടുക്കുന്നു.

ഉദാഹരണം: ജ്യോത്സ്യൻ പറയുന്നു. മുപ്പത് വയസ്സിനു മുൻപേ പൂർവികരുടെ സമ്പത്ത് അനുഭവിക്കാൻ ഇടവരും.

> വിശ്വാസിയുടെ വീട്ടിൽ ഭാഗം വെയ്ക്കൽ നടക്കുകയോ സ്വത്ത് കൈമാറ്റം നടക്കുകയോ ഒന്നും സംഭവിച്ചിട്ടില്ല ഇതു വരെ. എങ്കിലും ജ്യോത്സ്യൻ പറയുന്നത് എപ്പോഴെങ്കിലും ശരിയായോ എന്ന് വിശ്വാസി മനസിൽ പരതിക്കൊണ്ടേയിരിക്കുന്നു. അപ്പോഴാണ് പത്താം ക്ലാസ് കഴിഞ്ഞപ്പോൾ അപ്പൂപ്പൻ തന്റെ പ്രിയപ്പെട്ട ഫൗണ്ടൻ പേന തനിക്ക് സമ്മാനമായി തന്നത് വിശ്വാസിക്ക് ഓർമ്മ വരുന്നത്. ജ്യോത്സ്യൻ പറഞ്ഞതെത്ര ശരിയായി!

3.3 തിരഞ്ഞെടുത്ത ഓർമ്മകളും ചിന്തകളും

ജ്യോത്സ്യനും കൈനോട്ടക്കാരനും മറ്റും ഭൂതം പറയുമ്പോൾ ശരികൾ മാത്രം ഓർമ്മയിലെത്തുകയും തെറ്റായിപ്പറഞ്ഞവ ഒഴിവാക്കപ്പെടുകയും ചെയ്യുന്നതാണ് ***തിരഞ്ഞെടുത്ത് ഓർമ്മിക്കൽ*** (Selective memory). സബ്ജക്ടീവ് വാലിഡേഷന്റെ പ്രധാനകാരണങ്ങളിലൊന്ന് സെലക്ടീവ് മെമ്മറിയാണ്.

തനിക്കാവശ്യമുള്ളതും തന്റെ വിശ്വാസത്തെ ശരിവെയ്ക്കുന്നതുമായ തെളിവുകളെ മാത്രം തിരഞ്ഞെടുത്ത് അവയിൽ മാത്രം ശ്രദ്ധയർപ്പിക്കുകയും അല്ലാത്തവയെ ബോധപൂർവ്വമോ അല്ലാതെയോ ഒഴിവാക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ***തിരഞ്ഞെടുത്തു ചിന്തിക്കൽ*** (selective thinking)[4]. പ്രധാനപ്പെട്ട എല്ലാ അന്ധവിശ്വാസങ്ങളുടെയും അടിസ്ഥാനവും കപടശാസ്ത്രങ്ങളുടെ നിലനിൽപും സെലക്ടീവ് തിങ്കിങ്ങിൽ അധിഷ്ഠിതമാണെന്നു കാണാവുന്നതാണ്. ഇതിനെക്കുറിച്ച് കൂടുതലായി അറിയുവാൻ അടുത്ത ഖണ്ഡം (കൺഫർമേഷൻ ബയസ്) വായിക്കുക.

3.4 സ്ഥിരീകരണ പക്ഷപാതിത്വം

തന്റെ വിശ്വാസത്തെ ശരി വെയ്ക്കുന്ന കാര്യങ്ങളെ കൃത്യമായി ശ്രദ്ധിക്കുകയും അതേ സമയം വിശ്വാസത്തെ വെല്ലുവിളിക്കുന്ന കാര്യങ്ങളെ ഒഴിവാക്കുകയും ചെയ്യുന്ന മനുഷ്യമനസ്സിന്റെ പ്രത്യേകതയെ സ്ഥിരീകരണ പക്ഷപാതിത്വം (Confirmation Bias)[5] എന്ന് വിളിക്കാം. സെലക്ടീവ് തിങ്കിങ്ങിന്റെ ഒരു ഉപവിഭാഗമായി ഇതിനെ കാണാവുന്നതാണ്.

കൺഫർമേഷൻ ബയസ് എങ്ങനെ ഒരാളെ തന്റെ അന്ധവിശ്വാസങ്ങളെ മുറുകെപ്പിടിക്കാൻ പ്രേരിപ്പിക്കുന്നു എന്ന് ഒരു ഉദാഹരണത്തിലൂടെ വിശദീകരിക്കാം.

ഒരു കാര്യത്തിനായി വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോൾ മുൻപിൽ ആദ്യം പശുവിനെ ലക്ഷണമായി കാണുന്നത് ശുഭകരമാണ് എന്ന് ഒരാൾ വിശ്വസിക്കുന്നു എന്നിരിക്കട്ടെ. അങ്ങിനെ പത്തു തവണ പുറത്ത് പോയപ്പോളെല്ലാം മുൻപിൽ പശു വന്ന് പെടുകയും അതിൽ നാലു തവണ കാര്യസാദ്ധ്യമുണ്ടാവുകയും ആറു തവണ കാര്യങ്ങൾ താറുമാറാവുകയും ചെയ്തു എന്നു

[3] http://www.skepdic.com/subjectivevalidation.html

[4] http://www.skepdic.com/selectiv.html

[5] http://www.skepdic.com/confirmbias.html

കരുതുക. വിശ്വാസിയെ സംബന്ധിച്ചേടത്തോളം നാലു തവണ കാര്യം നടന്നത് മാത്രം കൃത്യമായി ഓർമ്മ വെയ്ക്കുകയും പശു നല്ല കണിയാണ് എന്ന തന്റെ വിശ്വാസം ശരിയെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. എന്ന് മാത്രമല്ല പലപ്പോഴും ആറു തവണത്തെ പരാജയത്തിനും മറ്റെന്തെങ്കിലും കാരണം കണ്ട് പിടിക്കുകയും ചെയ്യും. ഉദാ: ഒരു തവണ കറുത്ത പൂച്ച വട്ടം ചാടി, രണ്ടാമത്തെ തവണ മകൻ പുറകിൽ നിന്ന് വിളിച്ചു അങ്ങനെയങ്ങനെ.

ഇതു പോലെ വിശ്വാസത്തെ ശരിവെയ്ക്കുന്നവയെ മാത്രം ഉൾക്കൊള്ളുകയും അല്ലാത്തവയെ ബോധപൂർവമോ അല്ലാതെയോ തള്ളിക്കളയുകയും ചെയ്യുന്ന മാനസികാവസ്ഥയാണ് കൺഫമേഷൻ ബയസ്.

3.5 തണുത്ത വായന

ഭാവിപ്രവചനങ്ങൾക്കും കൈനോട്ടത്തിനുമൊക്കെയായി ലോകത്തെമ്പാടുമുള്ള 'പ്രവാചകർ' ഉപയോഗിക്കുന്ന സൂത്രവിദ്യകളെയാണ് തണുത്ത വായന (Cold Reading)[6] എന്നു വിളിക്കുന്നത്. മുകളിൽ വിശദീകരിച്ച Subjective Validation എന്ന മനശ്ശാസ്ത്രപരമായ പ്രതിഭാസത്തെയാണ് ഇതിന് ആശ്രയിക്കുന്നത്.

തന്റെ മുമ്പിലിരിക്കുന്ന വിശ്വാസി താൻ പറയുന്നതു വിശ്വസിച്ചുകൊള്ളും എന്നു ജ്യോത്സ്യനും കൈനോട്ടക്കാരനും അറിയാം. മനുഷ്യരുടെ പൊതുസ്വഭാവമായ അമിതമായ സ്വയം പ്രതീക്ഷയെ നന്നായി മുതലെടുക്കുകയാണ് ഒരു വഴി. ഓരോരുത്തരും അവരുടെ സ്വന്തം സങ്കൽപത്തിൽ എല്ലാ മേഖലകളിലും വളരെയധികം കഴിവുകളുള്ളവരും യാഥാർത്ഥ്യത്തെക്കാൾ കൂടുതൽ കാര്യങ്ങൾ തങ്ങൾക്കു ചെയ്യാൻ കഴിയും എന്നു വിശ്വസിക്കുന്നവരായിരിക്കും. ജ്യോത്സ്യന്റെ മുൻപിലിരിക്കുന്ന വിശ്വാസി Subjective Validation-നു വിധേയമായി അയാൾ പറയുന്നതിലെ സത്യമായ ഘടകങ്ങളെ പ്രത്യേകം ശ്രദ്ധിക്കുകയും തെറ്റായവയെ ഒഴിവാക്കുകയും ചെയ്യുന്നു.

ജ്യോത്സ്യൻ പറയുന്ന വളരെ സാമാന്യമായ ഒരു വാചകത്തിൽ പോലും തനിക്കു വേണ്ടതിനെ വിശ്വാസി എങ്ങനെ കണ്ടെത്തും എന്നത് Subjective validation എന്ന ഭാഗത്തു നൽകിയിരിക്കുന്നതു ശ്രദ്ധിക്കുക. വിദേശയാത്ര ചെയ്യാൻ സാധ്യത ഉണ്ട്, ഭൂമി ക്രയവിക്രയത്തിൽ പങ്കാളിയാവും മുതലായ സ്ഥിരം വാചകങ്ങളെ തന്റെ ജീവിതവുമായി ബന്ധപ്പെടുത്തി 'ശരി കണ്ടെത്തുക' എന്നത് വിശ്വാസി സ്വയം ചെയ്തുകൊള്ളും. ഇത്തരം സാമാന്യമായ വാചകങ്ങൾക്കു നേരേ വിശ്വാസി എങ്ങനെ പ്രതികരിക്കുന്നു എന്നതു മനസ്സിലാക്കി പിന്നീടുള്ള വാചകങ്ങളെ ജ്യോത്സ്യന് തിരഞ്ഞെടുക്കാൻ കഴിയും. തന്റെ പ്രവചനങ്ങൾ കേൾക്കുമ്പോൾ അവയോടു വിശ്വാസി പ്രതികരിക്കുന്ന രീതി (ശരീരഭാഷ–ഉദാഹരണത്തിന് ശരിയായ കാര്യങ്ങൾ കേൾക്കുമ്പോൾ കണ്ണിന്റെ കൃഷ്ണമണി വികസിക്കുക, തെറ്റാവുമ്പോൾ കൃഷ്ണമണി ചുരുങ്ങുക മുതലായവ) ജ്യോത്സ്യൻ ശ്രദ്ധിക്കുന്നു. ഇതിനനുസരിച്ച് ശരിയായ വാചകങ്ങളെ കൂടുതൽ വിശദീകരിക്കുകയും തെറ്റാണെന്നു തോന്നുന്നവയെ പിന്നീട് വിശദീകരിക്കുന്നതിൽ നിന്ന് ഒഴിവാക്കുകയും ചെയ്യാൻ വിദഗ്ദ്ധനും പരിചയസമ്പന്നനുമായ ഒരു ജ്യോത്സ്യനു സാധിക്കും.

[6] http://www.skepdic.com/coldread.html

അദ്ധ്യായം 4

അനുബന്ധം

4.1 കടപയാദി (പരൽപ്പേർ) സമ്പ്രദായം

ദക്ഷിണഭാരതത്തിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു അക്ഷരസംഖ്യാസമ്പ്രദായമായിരുന്നു പരൽപ്പേര് അഥവാ 'കടപയാദി'.

ഓരോ അക്ഷരവും 0 മുതൽ 9 വരെയുള്ള ഓരോ അക്കത്തെ സൂചിപ്പിക്കുന്നു. പട്ടിക 4.1 കാണുക.

1	**2**	**3**	**4**	**5**	**6**	**7**	**8**	**9**	**0**
ക	ഖ	ഗ	ഘ	ങ	ച	ഛ	ജ	ഝ	ഞ
ട	ഠ	ഡ	ഢ	ണ	ത	ഥ	ദ	ധ	ന
പ	ഫ	ബ	ഭ	മ					
യ	ര	ല	വ	ശ	ഷ	സ	ഹ	ള	ഴ, റ

പട്ടിക 4.1: കടപയാദി സമ്പ്രദായം

അ മുതൽ ഔ വരെയുള്ള സ്വരങ്ങൾ തന്നെ നിന്നാൽ പൂജ്യത്തെ സൂചിപ്പിക്കുന്നു. വ്യഞ്ജനങ്ങൾക്കു സ്വരവുമായി ചേർന്നാലേ വിലയുള്ളൂ. ഏതു സ്വരത്തോടു ചേർന്നാലും ഒരേ വിലയാണ്. അർദ്ധാക്ഷരങ്ങൾക്കും ചില്ലുകൾക്കും അനുസ്വാരത്തിനും വിസർഗ്ഗത്തിനും വിലയില്ല. അതിനാൽ കൂട്ടക്ഷരത്തിലെ അവസാനത്തെ വ്യഞ്ജനം മാത്രമേ നോക്കേണ്ടതുള്ളൂ.

അങ്കാനാം വാമതോ ഗതിഃ എന്ന പ്രമാണമനുസരിച്ച്, വാക്കുകളെ സംഖ്യകളാക്കുമ്പോൾ അക്ഷരങ്ങളെ പ്രതിലോമമായി ഉപയോഗിക്കണം. ഉദാഹരണമായി, 'തരളാംഗം' എന്നത് 3926-നെ സൂചിപ്പിക്കുന്നു. ത = 6, ര = 2, ള = 9, ഗ = 3. തിരിച്ചിട്ടാൽ 3926.

ഉദാഹരണം: പരാർദ്ധം (10^{17}) വ്യാസമുള്ള വൃത്തത്തിന്റെ പരിധിയായി കടത്തനാട്ടു ശങ്കരവർമ്മന്റെ (1774–1839) 'സദ്രത്നമാല'യിൽ കൊടുത്തിരിക്കുന്നത്

ഭദ്രാംബുധി സിദ്ധജന്മഗണിതശ്രദ്ധാസ്മയൻ ഭൂപഗിഃ

എന്നാണ്. അതായത്, പരൽപ്പേരനുസരിച്ച് 314159265358979324. ഇതു π-യുടെ മൂല്യം 17 ദശാംശസ്ഥാനങ്ങൾക്കു ശരിയായി തരുന്നു.

വിശദീകരണം:

ഭ	=	4
ദ്രാം = ര	=	2
ബു = ബ	=	3
ധി = ധ	=	9
സി = സ	=	7
ദ്ധ = ധ	=	9
ജ	=	8
ന്മ = മ	=	5
ഗ	=	3
ണി = ണ	=	5
ത	=	6
ശ്ര = ര	=	2
ദ്ധാ = ധ	=	9
സ്മ = മ	=	5
യൻ = യ	=	1
ഭൂ = ഭ	=	4
പ	=	1
ഗിഃ = ഗ	=	3

4.2 ആര്യഭടന്റെ സംഖ്യാസമ്പ്രദായം

ആര്യഭടീയത്തിൽ സംഖ്യകളെ സൂചിപ്പിക്കാൻ അക്ഷരങ്ങൾ ഉപയോഗിക്കുന്ന രീതിയാണ് ഇത്. ആര്യഭടീയത്തിലല്ലാതെ ഈ രീതി എവിടെയും ഉപയോഗിച്ചു കണ്ടിട്ടില്ല. വിശദവിവരങ്ങൾ താഴെ.

1. ഓരോ വ്യഞ്ജനത്തിനും ഒരു സംഖ്യ കൊടുത്തിരിക്കുന്നു.

ക = 1	ഖ = 2	ഗ = 3	ഘ = 4	ങ = 5
ച = 6	ഛ = 7	ജ = 8	ഝ = 9	ഞ = 10
ട = 11	ഠ = 12	ഡ = 13	ഢ = 14	ണ = 15
ത = 16	ഥ = 17	ദ = 18	ധ = 19	ന = 20
പ = 21	ഫ = 22	ബ = 23	ഭ = 24	മ = 25
യ = 30	ര = 40	ല = 50	വ = 60	ശ = 70
ഷ = 80	സ = 90	ഹ = 100		

പട്ടിക 4.2: ആര്യഭടീയസംഖ്യാരീതി - വ്യഞ്ജനങ്ങൾ

2. ഓരോ സ്വരത്തിനും 1 മുതൽ 100 വീതം ഇരട്ടിച്ചുള്ള സംഖ്യകൾ ഗുണകങ്ങൾ (multipliers) ആയി കൊടുത്തിരിക്കുന്നു.

അ/ആ	=	1	ഇ/ഈ	=	100	ഉ/ഊ	=	10^4	ഋ	=	10^6	ഌ	=	10^8
ഏ	=	10^{10}	ഐ	=	10^{12}	ഓ	=	10^{14}	ഔ	=	10^{16}			

പട്ടിക 4.3: ആര്യഭടീയസംഖ്യാരീതി - സ്വരങ്ങൾ

3. സ്വരം വ്യഞ്ജനത്തോടു ചേർന്നാൽ അതിന്റെ ഗുണകം കൊണ്ടു ഗുണിക്കണം. ഇങ്ങനെ കിട്ടുന്ന സംഖ്യകളെല്ലാം കൂടി ഗുണിച്ചു കിട്ടുന്നതാണു സംഖ്യ.

ഉദാഹരണം: ഭൂമി, ചന്ദ്രൻ, സൂര്യൻ എന്നിവയുടെ വ്യാസത്തെപ്പറ്റി ആര്യഭടൻ പറഞ്ഞിരിക്കുന്നത്:

നൃഷി യോജനം, ഞിലാ ഭൂ—
വ്യാസോ∫ർക്കേന്ദ്വോർഘ്രിഞ ഗിണാ. . .

അർത്ഥം: മനുഷ്യന്റെ പൊക്കത്തിന്റെ 8000 ഇരട്ടിയാണ് ഒരു യോജന. 1050 യോജനയാണു ഭൂമിയുടെ വ്യാസം. സൂര്യന്റെയും ചന്ദ്രന്റെയും വ്യാസം യഥാക്രമം 4410, 315 യോജനകൾ ആണ്.[1]

വിശദീകരണം:

നൃ	=	ഒരു മനുഷ്യന്റെ പൊക്കം,
ഷി	=	8000 (ഷ $= 80$, ഇ $= 100$, അതു കൊണ്ട് ഷി $= 80 \times 100 = 8000$.),
ഞിലാ	=	1050 (ഞ $= 10$, ഇ $= 100$, ല $= 50$, ആ $= 1$, ഞിലാ $= 10 \times 1000 + 50 \times 1 = 1050$.),
ഭൂ-വ്യാസഃ	=	ഭൂമിയുടെ വ്യാസം,
അർക്ക-ഇന്ദോഃ	=	സൂര്യന്റെയും ചന്ദ്രന്റെയും,
ഘ്രിഞാ	=	4410 (ഘ $= 4$, ര $= 40$, ഇ $= 100$, ഞ $= 10$, ആ $= 1$, ഘ്രിഞാ $= (4 + 40)100 + 10 \times 1 = 4410$),
ഗിണാ	=	315 (ഗ $= 3$, ഇ $= 100$, ണ $= 15$, ആ $= 1$, ഗിണാ $= 3 \times 100 + 15 \times 1 = 315$.)

4.3 ഭൂമിയുടെ ഗോളാകൃതി

1473-ൽ നിന്ന് 500 കുറച്ചാൽ 2500! (§2.3, പേജ് 29) എന്ന ഖണ്ഡത്തിൽ ഭൂമിയുടെ ഗോളാകൃതിയെപ്പറ്റി പറയുന്നിടത്തു പരാമർശിച്ചിട്ടുള്ള ശ്ലോകങ്ങൾ:

4.3.1 ആര്യഭടൻ

ആര്യഭടീയം (ആര്യഭടൻ) ഗോളപാദം, ശ്ലോകം 6:

വൃത്തഭപഞ്ജരമദ്ധ്യേ
കക്ഷ്യാപരിവേഷ്ടിതഃ ഖമദ്ധ്യഗതഃ
മൃജ്ജലശിഖിവായുമയോ
ഭൂഗോളഃ സർവ്വതോവൃത്തഃ

വൃത്ത-ഭ-പഞ്ജര-മദ്ധ്യേ	:	വൃത്താകൃതിയിലുള്ള നക്ഷത്രക്കൂടിന്റെ മദ്ധ്യത്തിൽ
കക്ഷ്യാപരിവേഷ്ടിതഃ	:	ഗ്രഹപഥങ്ങളാൽ ചുറ്റപ്പെട്ടതും
മൃത്-ജല-ശിഖി-വായു-മയഃ	:	മണ്ണ്, വെള്ളം, തീ, വായു എന്നിവ ചേർന്നതും (ആയ)
ഭൂ-ഗോളഃ	:	ഭൂമി എന്ന ഗോളം
സര്വ്വതഃ വൃത്തഃ	:	എല്ലായിടത്തു നിന്നും വൃത്താകൃതിയിലുള്ളതാണ്.

4.3.2 വരാഹമിഹിരൻ

പഞ്ചസിദ്ധാന്തിക, 13.1:

പഞ്ചമഹാഭൂതമയ–
സ്താരാഗണപഞ്ജരേ മഹീഗോളഃ
ഖേ∫യസ്കാന്താന്തസ്ഥോ
ലോഹ ഇവാവസ്ഥിതോ വൃത്തഃ

[1] ഇതനുസരിച്ച് സൂര്യന്റെ വ്യാസം ഭൂമിയുടെ വ്യാസത്തിന്റെ 4.2 ഇരട്ടിയും ചന്ദ്രന്റെ വ്യാസം 0.3 ഇരട്ടിയുമാണ്. യഥാർത്ഥത്തിൽ അവ 109 ഇരട്ടിയും 0.2724 ഇരട്ടിയും ആണ്.

പഞ്ച-മഹാ-ഭൂത-മയഃ	:	അഞ്ചു മഹത്തായ ഭൂതങ്ങൾ നിറഞ്ഞ
മഹീ-ഗോളഃ	:	ഭൂമി എന്ന ഗോളം
താരാ-ഗണ-പഞ്ജരേ	:	നക്ഷത്രക്കൂട്ടങ്ങൾ കൊണ്ടുള്ള കൂട്ടിൽ
അയഃ-കാന്ത-അന്ത-സ്ഥിതഃ ലോഹഃ ഇവ	:	അയസ്കാന്തത്തിനകത്തു സ്ഥിതി ചെയ്യുന്ന ലോഹം പോലെ
ഖേ	:	ആകാശത്തിൽ
വൃത്തഃ	:	വൃത്താകൃതിയിൽ (സ്ഥിതി ചെയ്യുന്നു)

4.3.3 ബ്രഹ്മഗുപ്തൻ

ബ്രാഹ്മസ്ഫുടസിദ്ധാന്തംഗോള, 2:

ശശിബുധഭൃഗുരവികുജഗുരു–
ശനികക്ഷ്യാവേഷ്ടിതോ ഭകക്ഷ്യാന്തഃ
ഭൂഗോളഃ സത്ത്വാനാം
ശുഭാശുഭൈഃ കർമ്മഭിരുപാത്തഃ

ശശി-ബുധ-ഭൃഗു-രവി-കുജ-ഗുരു-ശനി-കക്ഷ്യാ-വേഷ്ടിതഃ	:	ചന്ദ്രൻ, ബുധൻ, ശുക്രൻ, സൂര്യൻ, ചൊവ്വ, വ്യാഴം, ശനി എന്നിവയുടെ പഥങ്ങളാൽ ചുറ്റപ്പെട്ടതും
ഭ-കക്ഷ്യ-അന്തഃ	:	താരാപഥങ്ങൾക്കു ഉള്ളിൽ ഉള്ളതും (ആയ)
ഭൂഗോളഃ	:	ഭൂഗോളം
സത്ത്വാനാം ശുഭാശുഭൈഃ	:	ജീവികളുടെ ഭാഗ്യങ്ങളും ദൗർഭാഗ്യങ്ങളും
കർമ്മഭിരുപാത്തഃ	:	കർമ്മം കൊണ്ട് ഉണ്ടാക്കട്ടേ

4.4 ഭൂമി ഒരു ആംഗുലർ മിനിറ്റ് തിരിയാൻ എടുക്കുന്ന സമയം

§2.7, പേജ് 33-ൽ പരാമർശിച്ചിരിക്കുന്ന ശ്ലോകങ്ങൾ:

4.4.1 ആര്യഭടൻ

ആര്യഭടീയം, ഗീതികാപാദം, ശ്ലോകം 6:

ശശി രാശയഷ്ഠ ചക്രം
തേ∫ംശകലായോജനാനി യവഞഗുണാഃ
പ്രാണേനൈതി കലാം ഭം
ഖയുഗാംശേ ഗ്രഹജവോ ഭവാംശേ∫ർക്കഃ

ശശി രാശ്യഃ ഠ ചക്രം	:	ചന്ദ്രന്റെ ഒരു ചക്രത്തിൽ 12 (ഠ) രാശികളുണ്ട്
തേ യ-വ-ഞ-ഗുണാഃ	:	അവയെ (രാശികളെ) 30 (യ), 60 (വ), ഞ (10) കൊണ്ടു ഗുണിച്ചാൽ
അംശ-കലാ-യോജനാനി	:	അംശവും കലയും യോജനയും (കിട്ടും)
പ്രാണേന ഏതി കലാം ഭം	:	ഒരു പ്രാണം സമയം കൊണ്ട് ആകാശം (ജ്യോതിശ്ചക്രം) ഒരു കല
	:	(ഭൂമിയെ ചുറ്റുന്നു)
ഖ യുഗ-അംശേ	:	ആകാശത്തിന്റെ ചുറ്റളവിനെ ഒരു യുഗത്തിൽ ഒരു ഗ്രഹം ചുറ്റുന്ന ഭ്രമണങ്ങളുടെ എണ്ണം കൊണ്ടു ഹരിച്ചാൽ
ഗ്രഹ-ജവഃ	:	ആ ഗ്രഹം (ഒരു യുഗത്തിൽ സഞ്ചരിക്കുന്ന) ഭ്രമണപഥത്തിന്റെ ദൈർഘ്യം (കിട്ടും).
ഭവ-അംശേ അർക്കഃ	:	(അതിനെ) 60 (വ) കൊണ്ടു ഹരിച്ചാൽ സൂര്യന്റെ (ഭ്രമണപഥം കിട്ടും).

ഇവിടെ ഭം (ആകാശം) എന്നല്ല ഭൂഃ (ഭൂമി) എന്നതാണു ശരിയായ പാഠം എന്നൊരു അഭിപ്രായമുണ്ട്. അതനുസരിച്ച്, ഭൂമി ഒരു പ്രാണത്തിൽ ഒരു കല തിരിയുന്നു എന്നു വരും. ഇതാകാനാണു സാദ്ധ്യത. കാരണം, ഭൂമി തിരിയുന്നു എന്ന് ആര്യഭടൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മാത്രമല്ല, ഇതിനെ വിമർശിക്കുമ്പോൾ ബ്രഹ്മഗുപ്തൻ ഉദ്ധരിക്കുന്നതും (അടുത്ത ഖണ്ഡം നോക്കുക) 'ഭോഃ' എന്നാണ്.

4.4.2 ബ്രഹ്മഗുപ്തൻ

ബ്രാഹ്മസ്ഫുടസിദ്ധാന്തം 11:17:

പ്രാണേനൈതി കലാം ഭൂ–
ര്യദി തർഹി കുതോ വ്രജേത് കം അധ്വാനം
ആവർത്തനമുർവ്യാഃ ചേ–
ന്ന പതന്തി സമുച്ഛ്രയാഃ കസ്മാത്?

അർത്ഥം: ഒരു പ്രാണത്തിൽ ഭൂമി ഒരു കല തിരിയുന്നു എന്നു പറഞ്ഞാൽ എന്തുകൊണ്ട് അതിലുള്ളതൊക്കെ വീണുപോകുന്നില്ല?

4.5 ഗ്രഹങ്ങൾ ഭൂമിയെ ചുറ്റുന്ന ആംഗുലർ വെലോസിറ്റിയും സമയവും

4.5.1 പുതുമന സോമയാജി

പതിനഞ്ചാം നൂറ്റാണ്ടിൽ ***കരണപദ്ധതി*** എന്ന പുസ്തകത്തിൽ പുതുമന സോമയാജി ഗ്രഹങ്ങളുടെ ഭൂമിയ്ക്കു ചുറ്റും ഒരു ദിവസത്തിൽ ചുറ്റുന്ന ആംഗിൾ കൊടുത്തിട്ടുണ്ട്.

ഈ മൂല്യങ്ങൾ യഥാർത്ഥത്തിൽ ഈ ഗ്രഹങ്ങൾ ഭൂമിയെ ഒരു പ്രാവശ്യം ചുറ്റാനെടുക്കുന്ന സമയത്തെയാണു തരുന്നത്. 360 ഡിഗ്രിയെ ഈ ആംഗിൾ കൊണ്ടു ഹരിച്ചാൽ ആ ഗ്രഹം എത്ര ദിവസം എടുക്കും എന്നു കാണാം.

ഗ്രഹം	വാക്യം	സംഖ്യ	ആംഗിൾ	ആംഗിൾ (ഡിഗ്രി)	ഭ്രമണസമയം (ദിവസം)
സൂര്യൻ	ഗോപാജ്ഞയാ ദിനധാമ	59081013	59:08:10:13	0.985603	365.258682
ചന്ദ്രൻ	ചണ്ഡികേശോ ഭർഗ സ്നിഗ്ധോസൗ	790345136	790:34:51:36	13.176350	27.321679
ചൊവ്വ	പ്രഭുർധരാചക്രപാലഃ	31262942	31:26:29:42	0.524026	686.988304
ബുധൻ	രാഗീതുംബുരുർഗജേശ്വര	245323632	245:32:36:32	4.092391	87.968126
വ്യാഴം	പ്രജ്ഞാസന്നോ ധർമവാൻ	4590702	4:59:07:02	0.083088	4332.749517
ശുക്രൻ	കാശീ സാംബസന്ന ചോളഃ	96073751	96:07:37:51	1.602120	224.702315
ശനി	പ്രബലപ്രാജ് നോ നരഃ	2002332	2:00:23:32	0.033442	10764.815003

പട്ടിക 4.4: ഗ്രഹങ്ങളുടെ ആംഗുലർ വെലോസിറ്റി

4.6 ഗ്രഹങ്ങൾ പല ഭാവങ്ങളിൽ നിന്നാലുള്ള ഫലങ്ങൾ

പട്ടികകൾ 2.2 (പേജ് 39), 2.3 (പേജ് 40) എന്നിവയിൽ ചില ഗ്രഹസ്ഥിതികളുടെ ഫലങ്ങൾ കൊടുത്തിരിക്കുന്നതിന്റെ അവലംബമായ ശ്ലോകങ്ങളാണ് ചുവടെക്കൊടുക്കുന്നത്.

ഇത് ഗ്രഹങ്ങൾ വിവിധഭാവങ്ങളിൽ നിൽക്കുന്നതിന്റെ പൂർണ്ണമായ റെഫറൻസല്ല. ഡോ. ഗോപാലകൃഷ്ണന്റെ പ്രസംഗത്തിൽ പരാമർശിച്ചിരിക്കുന്ന ഫലങ്ങൾ മാത്രമേ ഇവിടെ കൊടുക്കുന്നുള്ളൂ.

ഈ ശ്ലോകങ്ങളുടെ അർത്ഥം മനസ്സിലാക്കാൻ ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള ഭാവങ്ങൾക്കുള്ള പേരുകൾ അറിയുന്നതു നന്നായിരിക്കും. ഉദാഹരണമായി, “ശനൈശ്ചരേ മൃതിസ്ഥിതേ” എന്നു പറഞ്ഞാൽ അർത്ഥം “മരണത്തിൽ ശനി നിൽക്കുമ്പോൾ” എന്നാണെങ്കിലും ഇവിടെ “ശനി എട്ടാം ഭാവത്തിൽ നിൽക്കുമ്പോൾ” എന്ന അർത്ഥം മനസ്സിലാക്കണം.

1. ലഗ്നം, ശരീരം
2. ധനം, സ്വം, കുടുംബം, വിദ്യ
3. ഭർത്തൃ, വിക്രമ, ധൈര്യം, സഹോദരങ്ങൾ
4. മാതൃ, അമ്മ, ബന്ധു, വാഹനം, സുഖം
5. പുത്ര, ബുദ്ധി
6. ശത്രു, കാഷ്ഠ
7. ഭാര്യാ, കളത്ര, ദാര, വിവാഹം
8. മരണ, ആയുസ്സ്, ഭൃത്യർ
9. പിതാവ്, ശുഭ, ഗുരു, തപസ്
10. കർമ്മ, ആസ്പദ, ഗൃഹ
11. ലാഭ, ആയ
12. വ്യയ, നഷ്ട

4.6.1 ബൃഹജ്ജാതകം (വരാഹമിഹിരൻ)

1. ചൊവ്വ (കുജൻ):

ലഗ്നേ കുജേ ക്ഷതതനുർധനഗേ കദന്നോ
ധർമ്മേ$\int$ഘവാൻ ദിനകരപ്രതിമോ$\int$ന്യസംസ്ഥഃ (18:6)

ലഗ്നേ കുജേ ക്ഷതതനുഃ	:	ചൊവ്വ ലഗ്നത്തിൽ നിന്നാൽ ശരീരത്തിൽ മുറിവുണ്ടാകും.
ധനഗേ കദന്നഃ	:	രണ്ടിൽ നിന്നാൽ ചീത്ത ആഹാരം ഭക്ഷിക്കുന്നവനാകും
ധർമ്മേ അഘവാൻ	:	ഒമ്പതിൽ നിന്നാൽ പാപിയായിരിക്കും
അന്യസംസ്ഥഃ ദിനകരപ്രതിമഃ	:	ബാക്കി സ്ഥലങ്ങളിൽ സൂര്യനെപ്പോലെ തന്നെ ഫലം.

2. ബുധൻ:

വിദ്വാൻ ധനീ പ്രബലപണ്ഡിതമന്ത്ര്യശത്രുഃ
ധർമ്മജ്ഞവിശ്രുതഗുണഃ പരതോർക്കവത് ജ്ഞേ. (18:6)

ജ്ഞേ	:	ബുധൻ (ലഗ്നം മുതൽ എട്ടു വരെ നിന്നാൽ യഥാക്രമം)
വിദ്വാൻ	:	വിദ്വാൻ (1)
ധനീ	:	ധനമുള്ളവൻ (2)
പ്രബല	:	ബലമുള്ളവൻ (3)
പണ്ഡിത	:	പണ്ഡിതൻ (4)
മന്ത്രി	:	മന്ത്രി (5)
അശത്രുഃ	:	ശത്രുവില്ലാത്തവൻ (6)
ധർമ്മജ്ഞ	:	ധർമ്മജ്ഞൻ (7)
വിശ്രുതഗുണഃ	:	പ്രസിദ്ധമായ ഗുണങ്ങളുള്ളവൻ (8) (എന്നിവ ഫലം.)
പരതഃ അർക്ക-വത്	:	ബാക്കിയുള്ളവയിൽ സൂര്യനെപ്പോലെ.

3. ശുക്രൻ:

സ്മരനിപുണഃ സുഖിതശ്ച വിലഗ്നേ
പ്രിയകലഹോ∫സ്തഗതേ സുരതേപ്സുഃ
തനയഗതേ സുഖിതോ ഭൃഗുപുത്രേ
ഗുരുവദതോ∫ന്യഗൃഹേ സധനോ∫ന്ത്യേ (18:8)

ഭൃഗുപുത്രേ	:	ശുക്രൻ
വിലഗ്നേ സ്മരനിപുണഃ സുഖിതഃ	:	ലഗ്നത്തിൽ കാമശാസ്ത്രത്തിൽ സമർത്ഥനും സുഖമുള്ളവനും
അസ്തഗതേ പ്രിയകലഹഃ സുരത-ഈപ്സുഃ	:	ഏഴിൽ കലഹപ്രിയനും സുരതത്തിൽ അത്യാഗ്രഹമുള്ളവനും
തനയഗതേ സുഖിതഃ	:	അഞ്ചിൽ സുഖമുള്ളവനും
അന്ത്യേ സധനഃ	:	പന്ത്രണ്ടിൽ ധനമുള്ളവനും
അന്യഗൃഹേ ഗുരുവദതഃ	:	ബാക്കി ഭാവങ്ങളിൽ വ്യാഴത്തെപ്പോലെ

4. വ്യാഴം (ഗുരു):

വിദ്വാൻ സുവാക്യഃ കൃപണഃ സുഖീ ച
ധീമാനശത്രുഃ പിതൃതോ∫ധികശ്ച
നീചസ്തപസ്വീ സധനഃ സലോഭോ
ഖലശ്ച ജീവേ ക്രമശോ വിലഘ്നാത് (18:7)

ജീവഃ വിലഘ്നാത്	:	വ്യാഴം ലഗ്നം തൊട്ടു നിന്നാൽ
ക്രമശഃ	:	യഥാക്രമം
വിദ്വാൻ	:	(ലഗ്നത്തിൽ) വിദ്വാൻ
സുവാക്യഃ	:	(രണ്ടിൽ) നന്നായി സംസാരിക്കുന്നവൻ
കൃപണഃ (ച)	:	(മൂന്നിൽ) ദാനം ചെയ്യാത്തവൻ
സുഖീ	:	(നാലിൽ) സുഖി
ധീമാൻ	:	(അഞ്ചിൽ) ബുദ്ധിമാൻ
അശത്രുഃ	:	(ആറിൽ) ശത്രുവില്ലാത്തവൻ
പിതൃതഃ അധികഃ (ച)	:	(ഏഴിൽ) പിതാവിനെക്കാളും വലുതായവൻ
നീചഃ	:	(എട്ടിൽ) നീചൻ
തപസ്വീ	:	(ഒമ്പതിൽ) തപസ്വി
സ-ധനഃ	:	(പത്തിൽ) ധനമുള്ളവൻ
സ-ലോഭഃ	:	(പതിനൊന്നിൽ) ലോഭമുള്ളവൻ
ഖലഃ (ച)	:	(പന്ത്രണ്ടിൽ) ഏഷണിക്കാരൻ
	:	(എന്നിവ ഫലം)

5. ശനി:

അദൃഷ്ടാർത്ഥോ രോഗീ മദനവശഗോഽത്യന്തമലിനഃ
ശിശുത്വേ പീഡാർത്തഃ സവിതൃസുതലഗ്നേഽത്യലസവാക്
ഗുരുസ്സ്വർക്ഷോച്ചസ്ഥേ നൃപതിസദൃശോ ഗ്രാമപുരപഃ
സുവിദ്വാംശ്ചാർവ്വംഗോ ദിനകരസമോഽന്യത്ര കഥിതഃ (18:9)

സവിതൃസുതലഗ്നേ	:	ശനി ലഗ്നത്തിലാണെങ്കിൽ
അദൃഷ്ടാർത്ഥഃ	:	ധനം കണ്ടിട്ടില്ലാത്തവനും
രോഗീ	:	രോഗിയും
മദനവിവശഃ	:	കാമാർത്തനും
അത്യന്തമലിനഃ	:	വൃത്തികെട്ടവനും
ശിശുത്വേ പീഡാർത്തഃ	:	ബാല്യത്തിൽ രോഗമുള്ളവനും
അതി അലസവാക്	:	വളരെ അലസമായി സംസാരിക്കുന്നവനും
	:	(ആയിരിക്കും. എന്നാൽ)
ഗുരുഃ-സ്വ-ഋക്ഷ-ഉച്ച-സ്ഥേ	:	വ്യാഴത്തിന്റെ സ്വക്ഷേത്രമോ ഉച്ചക്ഷേത്രമോ ആയാൽ
നൃപതി-സദൃശഃ	:	രാജാവിനെപ്പോലെയുള്ളവനും
ഗ്രാമ-പുര-പഃ	:	ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും അധിപനും
സുവിദ്വാൻ ച	:	വിദ്വാനും
ചാർവ്വംഗഃ	:	സുന്ദരനും (ആയിരിക്കും)
അന്യത്ര കഥിതഃ ദിനകരസമഃ	:	ബാക്കി സ്ഥലങ്ങളിൽ സൂര്യനെപ്പോലെ

6. **സൂര്യൻ (ആദിത്യൻ):** മുകളിൽ പറഞ്ഞ പല ഫലങ്ങളിലും സൂര്യൻ പല ഭാവങ്ങളിൽ നിൽക്കുന്ന ഫലത്തിന്റെ റെഫറൻസുള്ളതിനാൽ അതും താഴെ.

മതിവിക്രമവാംസ്തൃതീയഗേഽർക്കേ
വിസുഖഃ പീഡിതമാനസശ്ചതുർത്ഥേ
അസുതോ ധവവർജ്ജിതസ്ത്രികോണേ
ബലവാൻ ശത്രുജിതശ്ച ശത്രുയാതേ. (18:2)

അർക്കേ തൃതീയഗേ	:	സൂര്യൻ മൂന്നിൽ നിന്നാൽ
മതി-വിക്രമ-വാ	:	ബുദ്ധിയും പരാക്രമവും ഉള്ളവനും
ചതുർത്ഥേ	:	നാലിൽ
വിസുഖഃ	:	സുഖമില്ലാത്തവനും
പീഡിതമാനസഃ	:	മനസ്സു പീഡിപ്പിക്കപ്പെട്ടവനും (ആയിരിക്കും)
ത്രിക്കോണേ	:	അഞ്ചിൽ
അസുതഃ	:	പുത്രനില്ലാത്തവനും
ധവവർജ്ജിതഃ	:	
ശത്രു-യാതേ	:	ആറിൽ
ബലവാൻ	:	ബലവാനും
ശത്രു-ജിതഃ ച	:	ശത്രുക്കളെ ജയിച്ചവനും (ആയിരിക്കും)

സ്ത്രീഭിർഗതഃ പരിഭവം മതഗേ പതംഗേ
സ്വൽപാത്മജോ നിധനഗേ വികലേക്ഷണശ്ച
ധർമ്മേ സുതാർത്ഥസുഖഭാക് ശ്രുതശൗര്യഭാക് ഖേ
ലാഭേ പ്രഭൂതധനവാൻ പതിതസ്തു രിഃഫേ (18:3)

മതഗേ പതംഗേ	:	സൂര്യൻ ഏഴിൽ നിന്നാൽ
സ്ത്രീഭിഃ പരിഭവം ഗതഃ	:	സ്ത്രീകൾ അപവാദം പറയുന്നവനും
നിധനഗേ	:	എട്ടിൽ
സ്വൽപ-ആത്മജഃ	:	കുറച്ചു മാത്രം പുത്രന്മാരുള്ളവനും
വികല-ഈക്ഷണഃ (ച)	:	കാഴ്ചയ്ക്കു പ്രശ്നമുള്ളവനും
ധർമ്മേ	:	ഒൻപതിൽ
സുത-അർത്ഥ-സുഖ-ഭാക്	:	പുത്രൻ, ധനം, സുഖം ഇവ ഉള്ളവനും
ശ്രുത-ശൗര്യ-ഭാക്	:	പ്രശസ്തനും ശൗര്യമുള്ളവനും
ലാഭേ	:	പതിനൊന്നിൽ
പ്രഭൂത-ധന-വാൻ	:	വളരെ ധനം ലഭിക്കുന്നവനും
രിഃഫേ	:	പന്ത്രണ്ടിൽ
പതിതഃ തു	:	ഭ്രഷ്ടു കൽപിക്കുന്നവനും
	:	(ആയിരിക്കും)

4.6.2 ഫലദീപിക (മന്ത്രേശ്വരൻ)

1. ചൊവ്വ (കുജൻ):

ക്ഷതതനുരതിക്രൂരോ$\int$ൽപായുസ്തനൗ ഘനസാഹസീ
വചസി വിമുഖോ നിർവിദ്യാർത്ഥഃ കുജേ കുജനാശ്രിതഃ
സുഗുണധനവാഞ്ഛൂരോ$\int$ധൃഷ്യഃ സുഖീ വ്യനുജോ$\int$നുജേ
സുഹൃദി വിസുഹൃന്മാതൃക്ഷോണീസുഖാലയവാഹനഃ (8:8)

കുജേ	:	ചൊവ്വ
തനൗ	:	ലഗ്നത്തിൽ നിന്നാൽ
ക്ഷതതനുഃ	:	ദേഹത്തു മുറിവുള്ളവനും
അതിക്രൂരഃ	:	വളരെ ക്രൂരനും
അൽപായുഃ	:	അൽപായുസ്സും
ഘന-സാഹസീ	:	സാഹസികനും (ആയിരിക്കും)

വചസി	:	രണ്ടിൽ നിന്നാൽ
വിമുഖഃ	:	വിരൂപനും
നിർ-വിദ്യ-അർത്ഥഃ	:	വിദ്യയും ധനവും ഇല്ലാത്തവനും
കു-ജന-ആശ്രിതഃ	:	ചീത്ത ജനത്തെ ആശ്രയിക്കുന്നവനും (ആയിരിക്കും)
അനുജേ	:	മൂന്നിൽ നിന്നാൽ
സു-ഗുണ-ധനവാൻ	:	നല്ല ഗുണങ്ങളും ധനവും ഉള്ളവനും
ശൂരഃ	:	ശൂരനും
അധൃഷ്യഃ	:	തോൽപ്പിക്കാൻ കഴിയാത്തവനും
സുഖീ	:	സുഖമുള്ളവനും
വി-അനുജഃ	:	സഹോദരന്മാരില്ലാത്തവനും (ആയിരിക്കും)
സുഹൃദി	:	നാലിൽ നിന്നാൽ
വിസുഹൃത്-മാതൃ-ക്ഷോണീ-സുഖ-ആലയ-വാഹനഃ	:	സുഹൃത്തുക്കൾ, അമ്മ, ഭൂമി, സുഖം, വീട്, വാഹനം ഇവ ഇല്ലാത്തവനും (ആയിരിക്കും)

വിസുഖതനയോഽനർത്ഥപ്രായഃ സുതേ പിശുനോഽൽപധീഃ
പ്രബലമദനഃ ശ്രീമാൻ ഖ്യാതോ രിപൗ വിജയീ നൃപഃ
അനുചിതകരോ രോഗാർത്തോഽസ്തേഽധ്വഗോ മൃതദാരവാൻ
കുതനുരധനോൽപായുശ്ഛിദ്രേ കുജേ ജനനിന്ദിതഃ (8:9)

കുജേ	:	ചൊവ്വ
സുതേ	:	അഞ്ചിൽ നിന്നാൽ
വി-സുഖ-തനയഃ	:	സുഖവും മക്കളും ഇല്ലാത്തവനും
അനർത്ഥപ്രായഃ	:	ചെയ്യുന്നതെല്ലാം കുളമാക്കുന്നവനും
പിശുനഃ	:	പിശുക്കനും
അൽപധീഃ	:	ബുദ്ധി കുറഞ്ഞവനും
രിപൗ	:	ആറിൽ നിന്നാൽ
പ്രബലമദനഃ	:	കാമകലാവിദഗ്ദ്ധനും
ശ്രീമാൻ	:	ഐശ്വര്യമുള്ളവനും
ഖ്യാതഃ	:	പ്രശസ്തനും
വിജയീ	:	ജയിക്കുന്നവനും
നൃപഃ	:	രാജാവും
അസ്തേ	:	ഏഴിൽ നിന്നാൽ
അനുചിതകരഃ	:	ഉചിതമല്ലാത്തതു ചെയ്യുന്നവനും
രോഗാർത്തഃ	:	രോഗാർത്തനും
അധ്വഗഃ	:	യാത്ര ചെയ്യുന്നവനും
മൃതദാരവാൻ	:	ഭാര്യ മരിച്ചവനും
ഛിദ്രേ	:	എട്ടിൽ നിന്നാൽ
കു-തനുഃ	:	ചീത്ത ശരീരമുള്ളവനും
അധനഃ	:	ധനമില്ലാത്തവനും
അൽപായുഃ	:	ആയുസ്സു കുറഞ്ഞവനും
ജന-നിന്ദിതഃ	:	ആളുകൾ നിന്ദിക്കുന്നവനും (ആയിരിക്കും)

2. ബുധൻ:

ദീർഘായുർജന്മനി ജ്ഞേ മധുരചതുരവാക് സർവ്വശാസ്ത്രാർത്ഥബോധഃ (8:11)
.... സിദ്ധാരംഭഃ സുവിദ്യാബലമതിസുഖസത്കർമ്മസത്യാന്വിതഃ ഖേ (8:13)

ജ്ഞേ ജന്മനി	:	(ബുധൻ) ലഗ്നത്തിൽ ആണെങ്കിൽ
ദീർഘായുഃ	:	ദീർഘായുസ്സുള്ളവനും
മധുര-ചതുര-വാക്	:	മധുരമായും സമർത്ഥമായും സംസാരിക്കുന്നവനും
സർവ്വ-ശാസ്ത്ര-അർത്ഥ-ബോധഃ	:	എല്ലാ ശാസ്ത്രത്തിലും വിവരമുള്ളവനും (ആയിരിക്കും)
ഖേ	:	(ബുധൻ) പത്തിൽ ആണെങ്കിൽ
സിദ്ധ-ആരംഭഃ	:	നടക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നവനും
സു-വിദ്യാ-ബലം	:	നല്ല വിദ്യയും ബലവും ഉള്ളവനും
അതി-സുഖ-സത്കർമ്മ-സത്യ-അന്വിതഃ	:	വളരെ സുഖം, നല്ല കർമ്മം, സത്യം ഇവ ഉള്ളവനും (ആയിരിക്കും)

3. ശുക്രൻ:

തനൗ സുതനുദൃക്പ്രിയഃ സുഖിനമേവ ദീർഘായുഷം
കരോതി കവിരർഥഗഃ കവിമനേകവിത്താന്വിതം ....(8:17)

കവിഃ	:	ശുക്രൻ
തനൗ	:	ലഗ്നത്തിൽ നിന്നാൽ
സു-തനു-ദൃക്-പ്രിയഃ സുഖിനം	:	നല്ല ശരീരവും കാഴ്ചയും ആരോഗ്യവും സുഖവും ഉള്ളവനും
ഏവ ദീർഘായുഷം	:	ദീർഘായുസ്സുള്ളവനും
അർഥഗഃ	:	രണ്ടിൽ നിന്നാൽ
കവിം അനേക-വിത്ത-അന്വിതം	:	കവിയും വളരെ ധനം സമ്പാദിക്കുന്നവനും (ആയിരിക്കും)

4. വ്യാഴം (ഗുരു):

...വാഗ്മീ ഭോജനസാരവാംശ്ച സുമുഖോ വിത്തേ ധനീ കോവിദഃ... (8:14)

വിത്തേ	:	(വ്യാഴം) രണ്ടിൽ നിന്നാൽ
വാഗ്മീ	:	വാഗ്മിയും
ഭോജന-സാരവാൻ ച	:	ഭക്ഷണത്തിന്റെ സാരം അറിയുന്നവനും
സുമുഖഃ	:	സുമുഖനും
ധനീ	:	ധനികനും
കോവിദഃ	:	സമർത്ഥനും (ആയിരിക്കും)

5. ശനി:

സ്വോച്ചേ സ്വകീയഭവനേ ക്ഷിതിപാലതുല്യോ
ലഗ്നാ∫ർക്കജേ ഭവതി ദേശപുരാധിനാഥഃ
ശേഷേഷു ദുഃഖപരിപീഡിത ഏവ ബാല്യേ
ദാരിദ്ര്യസുഃഖവശഗോ മലിനോ∫ലസശ്ച (8:20)

ലഗ്ന-അർക്കജേ	:	ശനി ലഗ്നത്തിൽ നിന്നാൽ
സ്വ-ഉച്ചേ സ്വകീയ-ഭവനേ	:	അത് ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ ആയാൽ
ക്ഷിതി-പാല-തുല്യഃ	:	രാജാവിനു തുല്യനായ
ദേശ-പുര-അധി-നാഥഃ	:	നാടുകളുടെയും പട്ടണങ്ങളുടെയും നാഥനാകും.
ശേഷേഷു	:	ബാക്കിയുള്ള ഇടങ്ങളിൽ
ദുഃഖ-പരി-പീഡിതഃ ഏവ ബാല്യേ	:	ബാല്യത്തിൽത്തന്നെ ദുഃഖം കൊണ്ടു പീഡിതനും
ദാരിദ്ര്യ-ദുഃഖ-വശഗഃ	:	ദാരിദ്ര്യം കൊണ്ടു വലഞ്ഞവനും
മലിനഃ	:	മലിനനും
അലസഃ ച	:	അലസനും
ഭവതി	:	ആയിരിക്കും

വിമുഖമധനമർഥേഽന്യായവന്തം ച പശ്ചാ–
ദിതരജനപദസ്ഥം യാനഭോഗാർഥയുക്തം
വിപുലമതിമുദാരം ദാരസൗഖ്യം ച ശൗര്യേ
ജനയതി രവിപുത്രശ്ചാലസം വിക്ലവം ച (8:21)

രവി-പുത്രഃ	:	ശനി
അർഥേ	:	രണ്ടിൽ നിന്നാൽ
വിമുഖം	:	വിരൂപനും
അധനം	:	ധനമില്ലാത്തവനും
അന്യായവന്തം ച	:	അന്യായം ചെയ്യുന്നവനും
പശ്ചാത്	:	വയസ്സുകാലത്ത്
ഇതര-ജന-പദ-സ്ഥം	:	അന്യനാട്ടിൽ താമസിക്കുന്നവനും
യാന-ഭോഗ-അർഥ-യുക്തം	:	വാഹനവും ആഡംബരവും ധനവും ഉള്ളവനും ആകും.

ശനൈശ്ചരേ മൃതിസ്ഥിതേ മലീമസോഽർശസോഽവസുഃ
കരാളധീർബുഭുക്ഷിതഃ സുഹൃജ്ജനാവമാനിതഃ (8:23)

ശനൈശ്ചരേ മൃതിസ്ഥിതേ	:	ശനി എട്ടിൽ നിന്നാൽ
മലീമസഃ	:	വൃത്തികെട്ടവനും
അർശസഃ	:	മൂലക്കുരു ഉള്ളവനും
അവസുഃ	:	ധനമില്ലാത്തവനും
കരാള-ധീഃ	:	ക്രൂരനും
ബുഭുക്ഷിതഃ	:	എപ്പോഴും വിശപ്പുള്ളവനും
സുഹൃത്-ജന-അവമാനിതഃ	:	കൂട്ടുകാർ മാനിക്കാത്തവനും (ആകും)